56. ശ്രീ. ഉമേഷ് ചള്ളിയിൽ
57 ,, എം. എ. വാഹീദ്
58. ,, കെ. സി. വേണുഗോപാൽ
59. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—30

പ്രതികൂലിക്കുന്നവർ—59

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

2005-ലെ കേരള സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ കോളേജസ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീജിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) അമെന്റുമെന്റ് ബിൽ സാമൂഹ്യക്ഷേമം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു,

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

[ചെയറിൽ ശ്രീ. തോമസ് ചാഴികാടൻ]

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* ഞാൻ പിൻതാങ്ങുന്നു.

മി. സ്പീക്കർ: മന്ത്രിക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

ശ്രീ. കെ. എം. മാണി: സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. വേഗം നമുക്ക് ഇത് പാസ്സാക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ വേഗം ഈ ബിൽ പാസ്സാക്കിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി, ഈ ബില്ലിന്റെ പ്രാധാന്യത്തെ സംബന്ധിച്ച്, ഈ ബിൽ നിയമമാക്കാൻ പോകുന്ന ഘട്ടത്തിൽപ്പോലും ഗൗരവതരമായ ഒരു വിശദീകരണത്തിന് മുതിരാതെ, അദ്ദേഹമിരുന്നപ്പോൾ തന്നെ തീർച്ചയായും ഈ ബിൽ ഗൗരവതരമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നുള്ളത് എല്ലാപേരുടേയും മനസ്സിൽ വന്നിട്ടുണ്ടാകും. 2004-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ തീർച്ചയായും നമ്മുടെ വനസമ്പത്തിനെക്കുറിച്ച് ഉത്കണ്ഠയുള്ള ആളുകൾക്കും വനത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ബോദ്ധ്യമുള്ള ആളുകൾക്കും വനം സാമൂഹ്യ ജീവിതത്തിനും പരിസ്ഥിതിക്കും നൽകുന്ന സംഭാവനകളെക്കുറിച്ച് കാഴ്ചപ്പാടുള്ള ആളുകൾക്കും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയെന്നുള്ളത് ഒരു പൗരന്റെ പ്രാഥമിക ഉത്തരവാദിത്വത്തിൽപ്പെടുന്ന ഒന്നാണെന്നുള്ളതിനെ സംബന്ധിച്ച് തർക്കമുണ്ടാകില്ല. ബില്ലിന്റെ ആമുഖം പരിശോധിക്കുന്നയവസരത്തിൽ ഇത് സദുദ്ദേശപരമാണെന്ന് നമുക്ക് തോന്നാം. അതിനകത്ത് ഹരിതമേഖല വർദ്ധിപ്പിക്കുന്നതിന്, ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന്, മണ്ണൊലിപ്പ് തടയുന്നതിന് അങ്ങനെ ശ്രദ്ധേയമായ വിശദീകരണങ്ങൾ മന്ത്രി കൊടുത്തിട്ടുണ്ട്. ഈ ബിൽ നമ്മൾ പരിശോധിക്കുമ്പോൾ അത് പൂർണ്ണമായും വനം വകുപ്പുമായും അതുപോലെ തദ്ദേശ ഭരണ വകുപ്പുമായും ബന്ധപ്പെടുന്നതാണ്. അതുകൊണ്ട് ഈ ബില്ലിന്റെ implication നടക്കുന്ന അവസരത്തിൽ ആരാണ് ഇതിന്റെ മുഖ്യ നിർവ്വഹണ ഏജൻസി ആകുക. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയാണ് ഈ ബിൽ പൈലറ്റ് ചെയ്തിരിക്കുന്നത്. ബിൽ ആർക്കും പൈലറ്റ് ചെയ്യാം. പക്ഷേ ഈ ബിൽ പൂർണ്ണമായും വനവുമായിട്ട് ബന്ധപ്പെട്ടതാണ്. ഇതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയായിട്ട് വരേണ്ടത് വനം വകുപ്പാണ്. ഇങ്ങനെ ഒരു ബിൽ പൈലറ്റ് ചെയ്യാനുള്ള അവകാശം തീർച്ചയായിട്ടും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നു. എന്തുകൊണ്ടാണ് അദ്ദേഹം അങ്ങനെ ഒരു അവസരം കൈവിട്ടു കളഞ്ഞത്?

[1.00 P.M.]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വനപ്രദേശത്തുള്ളതാണ് വനം വകുപ്പുമന്ത്രിയുടെ കീഴിൽ വരുന്നത്. ഇത് വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതാണ്. വനേതര പ്രദേശം എന്ന് പറയുന്നത് റവന്യൂ വകുപ്പിലാണ് വരുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അങ്ങനെ മന്ത്രി തടിയൂരണ്ട. കാരണം ഈ ബില്ലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വശങ്ങളെല്ലാം തന്നെ നടപ്പിലാക്കുന്നത് വനം വകുപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞ ആർഗ്യുമെന്റ് ഞാൻ നൂറു ശതമാനവും അംഗീകരിക്കുന്നു. വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാരും ഇതിൽ ഒരു ഭാഗമായിട്ട് നിൽക്കുന്നുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഒരു ഡിപ്പാർട്ടുമെന്റ് കൊണ്ടുവരുന്ന ഒരു നിയമത്തിനകത്ത് മറ്റൊരു വകുപ്പ് വന്ന് ഇൻവോൾവ് ചെയ്യരുത് എന്ന് പറയാൻ കഴിയില്ലല്ലോ. ആ ഇൻവോൾവ്മെന്റ് ഇതിനകത്തുണ്ട്. ആ ഇൻവോൾവ്മെന്റ് നിലനിർത്തിക്കൊണ്ടുതന്നെ ഇവിടെ റവന്യൂ മരം വച്ചു പിടിപ്പിക്കുന്നു. അതിന് ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. കാരണം വൃക്ഷാവരണം വർദ്ധിക്കും.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അപ്പോൾ കൂട്ടുത്തരവാദിത്വപ്രശ്നം വരുന്നയവസരത്തിൽ തന്നെ തീർച്ചയായും പരിണതപ്രജ്ഞനായ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എം. മാണി ഈ ബിൽ അവതരിപ്പിക്കാനുള്ള അവസരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കൊടുക്കാമായിരുന്നു. കാരണം, അദ്ദേഹം ആദ്യമായിട്ട് മന്ത്രിയായ ആളാണ്. അദ്ദേഹം വക്കീൽ ആണെങ്കിലും നിയമം പൈലറ്റ് ചെയ്തിട്ട് ഒന്നു പരീശീലിക്കാൻ ആവശ്യമായ അവസരം അദ്ദേഹത്തിന് കിട്ടുമായിരുന്നു. കൂട്ടുത്തരവാദിത്വം എന്ന് പറഞ്ഞ് ഒരു പുതിയ മന്ത്രിക്ക് അവസരം ഉണ്ടാക്കിക്കൊടുത്ത് അദ്ദേഹത്തിന് ഈ രംഗത്ത് പ്രാഗത്ഭ്യം തെളിയിക്കാൻ ആവശ്യമായ അവസരം ഉണ്ടാക്കിക്കൊടുക്കുന്നതിനുപകരം ഇങ്ങനെ ഒരു സമീപനം സ്വീകരിച്ചത് ശരിയായില്ല എന്ന അഭിപ്രായമാണ് എന്നെ സംബന്ധിച്ചുള്ളത്. വൃക്ഷായുർവേദം പറയുന്നത് പത്ത് പുത്രൻമാർക്ക് തുല്യം ഒരു വൃക്ഷം എന്നാണ്. അത്രയധികം പ്രാധാന്യം വൃക്ഷായുർവേദം വനത്തിന് കൊടുക്കുന്നുണ്ട്. വനേതര പ്രദേശങ്ങളിൽ വൃക്ഷം വച്ചു പിടിപ്പിക്കുക എന്ന ദൗത്യം ഏറ്റെടുക്കാൻ നമ്മൾ നിർബന്ധിതരായത് എന്തുകൊണ്ടാണ്? നമ്മുടെ വനം സംരക്ഷിക്കുന്ന കാര്യത്തിൽ നമുക്ക് ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നില്ല. ഇന്ന് രാവിലെ ഇതുമായി ബന്ധപ്പെട്ട ചോദ്യോത്തരവേളയിൽ വളരെയേറെ പ്രശ്നങ്ങൾ ഇവിടെ സജീവമായി ഉന്നയിക്കപ്പെട്ടു. നമ്മുടെ വനാതിർത്തി കയ്യേറുകയും നിബിഡമായിരിക്കുന്ന വനമേഖല മുഴുവൻ വലിയ തോതിൽ നശിപ്പിക്കുകയും നമ്മുടെ ജൈവ വൈവിദ്ധ്യങ്ങളിലും അതുപോലെ തന്നെ പാരിസ്ഥിതിക പ്രശ്നങ്ങളിലും എല്ലാം നമ്മുടെ വനസമ്പത്ത് പല ഘട്ടങ്ങളിലായി നശിപ്പിക്കപ്പെടുന്നതിന്റെ ദുരന്തം നമ്മുടെ സമൂഹം ഇന്ന് അനുഭവിക്കുകയാണ്. അതിന്റെ ഭാഗമായിട്ട് വനാതിർത്തിക്കടുത്ത് താമസിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നങ്ങൾ ഉണ്ടാകുകയാണ്. വന്യ ജീവികളുടെ ആക്രമണം ഉണ്ടാവുകയാണ്. വന്യജീവികളുടെ ആവാസ മേഖലയിലേക്ക് മനുഷ്യന്റെ കടന്നാക്രമണം, അവരുടെ ആവാസ വ്യവസ്ഥയ്ക്ക് ഉണ്ടായിട്ടുള്ള തകരാറ്, ഇതൊക്കെ പലപ്പോഴും ആ മേഖലയിലേക്ക് കടന്നുചെന്ന് പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അപ്പോൾ വനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സങ്കൽപ്പത്തിൽ വനത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

വേണം. വനം സംരക്ഷിക്കാൻ ആവശ്യമായ ശ്രമം വേണം. അതുപോലെ തന്നെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിച്ച് വനവിസ്തൃതി വർദ്ധിപ്പിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നത് തീർച്ചയായും നല്ലതാണ്. സ്വാഭാവികമായും ഈ ബിൽ പാസ്സാക്കിയതിനുശേഷം വൃക്ഷത്തൈകൾ നടാൻവേണ്ടി പോവുകയാണ്. അതുപോലെ ബന്ധപ്പെട്ട ക്രമീകരണങ്ങൾ എല്ലാം ഉണ്ടാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി കൂട്ടിയിണക്കി ഈ നിയമം അനുസരിച്ചുകൊണ്ട് ഒരു വനവൽക്കരണ പരിപാടി നമ്മൾ ആവിഷ്കരിക്കുകയാണ്. ചുരുങ്ങിയത് പത്തോ പതിനഞ്ചോ കൊല്ലം കൂടിയല്ലേ മരം വെട്ടാൻ വേണ്ടി പോകുന്നത്? എന്നാൽ നിയമത്തിന്റെ പഴുത് ഉപയോഗിച്ച് തർക്ക പ്രദേശങ്ങളിൽ നിൽക്കുന്ന വനത്തോടൊക്കെ ചേർന്ന് കിടക്കുന്നത് വനനിയമപ്രകാരം വെട്ടാൻ പാടില്ല എന്ന് പറഞ്ഞിട്ടുള്ളത് ഒട്ടേറെ മരങ്ങൾ വെട്ടിയെടുക്കാൻ ആവശ്യമായ അവസരം ഇതിന്റെ ഭാഗമായിട്ട് ആളുകൾക്ക് ലഭിക്കും. അപ്പോൾ പേര് വനസംരക്ഷണം, വനവിസ്തൃതി വർദ്ധിപ്പിക്കുക, വനേതര പ്രദേശങ്ങളിൽ വൃക്ഷം വച്ചു പിടിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണെങ്കിലും ഫലത്തിൽ നടക്കാൻപോകുന്നത് ഇന്ന് വളർന്നു മുറ്റിനിൽക്കുന്ന മരങ്ങൾ വെട്ടിക്കൊണ്ടുപോയി കൊള്ളയടിക്കാൻ ആവശ്യമായ അവസരം ഉണ്ടാക്കി കൊടുക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: ശ്രീ. കെ. സുധാകരൻ വച്ചു പിടിപ്പിക്കുന്ന മരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംരക്ഷിക്കണ്ടേ? അല്ലെങ്കിൽ ആ മരം അനാഥമാകില്ലേ? ഈ നിയമം അനുസരിച്ച് മരം വച്ചാൽ മാത്രം പോരാ, സംരക്ഷിക്കുകയും വേണം. അത് ചുമതല ഏൽപ്പിച്ചാൽ ഉടമാവകാശം കിട്ടുമോ? ഉടമാവകാശം കിട്ടിയാൽ നമ്മൾ വയ്ക്കുന്ന മരങ്ങൾ മാത്രമേ വെട്ടുകയുള്ളുവോ? വയ്ക്കുന്ന മരം എത്രയായിരിക്കണമെന്നും വയ്ക്കുന്ന മരത്തിന്റെ വ്യവസ്ഥ എന്തായിരിക്കുമെന്നും അത് സംരക്ഷിക്കാൻ എനിക്ക് കിട്ടുന്ന അവകാശം എന്തായിരിക്കുമെന്നും അങ്ങനെ സംരക്ഷിച്ച് ഞാൻ വളർത്തുന്ന മരം എനിക്ക് തന്നെ വെട്ടിയെടുക്കാൻ കഴിയുമെന്നും ഒക്കെയുള്ള സ്ഥിതിവിശേഷങ്ങൾ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നു നടപ്പിലാക്കാൻ ശ്രമിച്ചാൽ പ്രായോഗികമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് വിശദമായ ഒരു ചർച്ച ഉണ്ടാകേണ്ടതല്ലേ? അല്ലെങ്കിൽ സങ്കീർണ്ണമായ ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകും. നമ്മുടെ നാട്ടിൽ ഉണ്ടാക്കിയ സാമൂഹ്യവനവൽക്കരണം പ്രകാരം അക്കേഷ്യ നട്ടുപിടിപ്പിച്ച് ആരോഗ്യമില്ലാത്ത ആളുകൾക്ക് വിമ്മിഷ്ടം ഉണ്ടാക്കുന്ന തടിയായിട്ട് മാറുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിലേക്ക് ഇത് കൊണ്ടുചെന്ന് എത്തിക്കുന്ന സ്ഥിതിയിലേക്ക് വരില്ലേ മാണിസാറിന്റെ ഈ പുതിയ നിയമം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: നമ്മുടെ വനാതിർത്തിയിലും മറ്റും വളർന്ന മൂറ്റി നിൽക്കുന്ന ഒരുപാട് മരങ്ങളുണ്ട്. ആ മരങ്ങൾ വെട്ടിയെടുക്കാൻ ആവശ്യമാ അവസരം ഇതുകൊണ്ട് ഉണ്ടാകും. അപ്പോൾ ഫലത്തിൽ വനവൽക്കരണമല്ല വനനശീകരണമാണ് നടക്കാൻ പോകുന്നത്.

ശ്രീ. തമ്പാനൂർ രവി: വനം നശിപ്പിക്കാൻ പാടില്ല. പക്ഷേ കേരളത്തിൽ ലഭ്യമാ ഒരു കണക്ക് അനുസരിച്ച് മരങ്ങൾ ഏറ്റവും കൂടുതൽ വെട്ടി മാറ്റപ്പെട്ടത് മലബാർ പ്രദേശത്താണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് അങ്ങേയ്ക്ക് വ്യക്തമാക്കാമോ?

ശ്രീ. ടി. കെ. ദേവകുമാർ: തിരുവനന്തപുരത്തുകാർക്ക് വെട്ടാൻ മരമില്ല എന്ന പരാത പരിഹരിക്കാൻവേണ്ടിയാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരുന്നതെന്നതല്ലേ ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന്റെ അർത്ഥം?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ശ്രീ. തമ്പാനൂർ രവി-മലബാറിലെ വനസംരക്ഷണ വുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ പരിമിതമാണ്. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കുവേണ്ടി ഒരു ഫോറസ്റ്റ് ഡിവിഷനാണുള്ളത്. അതുകൊണ്ട് ഫലപ്രദമായ വനസംരക്ഷണ പ്രവർത്തനം നടക്കുന്നില്ല. പക്ഷേ വനത്തിന്റെ വിസ്തൃതിയിൽ പരിമിതി ഉണ്ടെങ്കിലും സംവിധാനങ്ങളുടെ ധാരാളിത്തം ഇങ്ങോട്ടാണ്. വലിയ തോതിൽ മരങ്ങൾ നശിപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം മലബാറിലുണ്ട്. അത് നിഷേധിക്കുന്നില്ല. ആ വനംകൊള്ള തടയാൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാകണം. അത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ നിയമം എങ്ങനെയാണ് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിക്കുക എന്നുള്ളത് പരിശോധി ക്കേണ്ടതാണ്.

ശ്രീ. പി. ജയരാജൻ: നിയമ പരിഷ്കാര കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് ബഹുമാനപ്പെട്ട മന്ത്രി മാണിയാണ് കൊണ്ടുവന്നത് എന്നതുകൊണ്ടുതന്നെ വളരെ ഗൗരവപൂർവമായി പരിഗണിക്കപ്പെടേണ്ടതാണ്. കാരണം വനേതര ഭൂമി എന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടിയിട്ടുള്ള ഭൂമി ഉൾപ്പെടെയുള്ള എന്ന് പറയുമ്പോൾ നേരത്തെ വനം വകുപ്പ് ലീസിന് കൊടുത്തിട്ടുള്ള ഭൂമി അടക്കം ഇത്തരത്തിൽ മരം വച്ചുപിടിപ്പിച്ച് ആ മരം മുറിച്ചു വിൽക്കാനുള്ള സൗകര്യം സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുകയാണ്. 1980-ലെ കേന്ദ്ര ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള വനഭൂമിയിലെ മരം ഉണ്ട്. എന്നു പറഞ്ഞാൽ 'that any forest land or any portion there of may be assigned by way of lease or otherwise to any private person or to any authority, corporation, agency or any other organization not owned

LIBRARY ARCHIVES Kerala Legislative Assembly

managed or controlled by Government.' തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും മറ്റും വനം വകുപ്പ് ലീസിനായി കൊടുത്തിട്ടുള്ള ഭൂമിയിൽ മരം വച്ചുപിടിപ്പിക്കാനും അത് യഥേഷ്ടം മുറിക്കാനുമുള്ള സ്വാതന്ത്ര്യം കൊടുക്കുകയാണ്. കേന്ദ്ര നിയമത്തിനകത്തുതന്നെ വ്യക്തമാക്കിയിട്ടുള്ള ഒന്നാണ് എന്ന കാര്യം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ? തീർച്ചയായും ഇങ്ങനെ ഒരുപാട് പഴുതുകൾ ഈ ബില്ലുമായി ബന്ധപ്പെട്ട് പ്രത്യക്ഷമായ നിലയിൽ കാണാൻ കഴിയും. ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈവശമുള്ള ഭൂമിയിൽ മരം വച്ചുപിടിപ്പിക്കാൻ ആവശ്യമായ സംവിധാനം ഫോറസ്റ്റുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു 'സംയുക്ത പദ്ധതി' എന്നുള്ള നിലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കും. അങ്ങനെ പഞ്ചായത്തിന്റെ കൈവശമുള്ള റോഡ് പുറംപോക്കുകൾ പുഴയുടെ പുറംപോക്കുകൾ ഈ മേഖലകളിലെല്ലാം തന്നെ മരം വച്ചുപിടിപ്പിക്കാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകും. അങ്ങനെ ഉണ്ടായാൽ അങ്ങനെ വളരുന്ന നിബിഢമായ വനം വെട്ടിക്കൊണ്ടുപോകാനുള്ള അധികാരം വനം വകുപ്പിനാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അതിനകത്ത് യാതൊരു ഉത്തരവാദിത്വവും ഇല്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കർത്തവ്യം എന്താണെന്ന് പഞ്ചായത്ത്രാജ് നഗരപാലിക ബില്ലിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്ത്രാജ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങളുടെ പട്ടികയിൽ ചിലത് കൂട്ടിച്ചേർക്കുമ്പോൾ സ്വാഭാവികമായും പഞ്ചായത്ത്രാജ് ബില്ലിനകത്ത് ഭേദഗതി വരുത്തണ്ടേ? അങ്ങനെ ഭേദഗതി വരുത്തുന്നതിനു പകരം ഈ ബില്ലിനകത്തെ വനം വച്ചു പിടിപ്പിക്കലും അതിനു വേണ്ടിയിട്ട് നേഴ്സറികൾ ഉണ്ടാക്കലും അതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കലുമെല്ലാം പഞ്ചായത്തിന്റെ കർത്തവ്യമാണെന്ന ക്ളാസ് എഴുതിച്ചേർത്തു. അപ്പോൾ ഇങ്ങനെ ഒരു നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധികാരത്തിലേക്ക് കൈകടത്താൻ ആവശ്യമായ ശ്രമങ്ങൾ ഉൾപ്പെടെ ഇതിന്റെ ഭാഗമായി ഉണ്ടാക്കുകയാണ്. അത്തരം ശ്രമങ്ങൾ തീർച്ചയായും നമ്മൾ പരിശോധിക്കേണ്ടതാണ്. സ്വകാര്യ വ്യക്തിക്ക് സ്വകാര്യസ്ഥലത്ത് വനം വച്ചുപിടിപ്പിക്കാൻ ആവശ്യമായ അല്ലെങ്കിൽ മരം വച്ചുപിടിപ്പിക്കാൻ ആവശ്യമായ സൗകര്യം ഇപ്പോൾ തന്നെയുണ്ട്. അവർക്ക് വൃക്ഷത്തൈകൾ എത്തിച്ചുകൊടുത്ത് അതിന്റെ സാങ്കേതിക വിദ്യയും സംരക്ഷണ സംവിധാനത്തിന്റെ പ്രത്യേകതയും എല്ലാം അവരെ പറഞ്ഞുമനസ്സിലാക്കി ഇത് വച്ചുപിടിപ്പിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ വൃക്ഷത്തൈകളും വളവും സാങ്കേതിക സഹായവുമെല്ലാം നേഴ്സറികൾ ഉണ്ടാക്കിയിട്ട് വനം വകുപ്പിന്റെ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കണമെന്നാണ് പറയുന്നത്. ഉണ്ടാകാൻ പോകുന്നത് എന്താണ്? വലിയ തോതിലുള്ള വെട്ടിപ്പ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ പോകുന്നു. വനം വകുപ്പിന്റെ സംവിധാനത്തെ സംബന്ധിച്ച് നമുക്ക് അറിയാമല്ലോ, അത് കുറ്റമറ്റതാണെന്നു പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കില്ല. അതിനകത്തു നടത്തുന്നതു പോലെ തരികിടയും തിരിമറിയും മറ്റൊരു വകുപ്പിനകത്തും നടക്കുന്നില്ല. അതുകൊണ്ടു തന്നെ ഒരുപാട് സാങ്കല്പികമായ നേഴ്സറികൾ ഉണ്ടാകും, ഒരുപാട് വൃക്ഷത്തൈകൾ സാങ്കൽപ്പികമായി വച്ചുപിടിപ്പിക്കപ്പെടും, അങ്ങനെ സാങ്കൽപ്പികമായി വൃക്ഷത്തൈ വച്ചുപിടിപ്പിച്ച് വെട്ടിയെടുക്കുന്ന സാങ്കൽപ്പികമായ ഒരു പ്രക്രിയ ഇതിന്റെ ഭാഗമായിട്ട് ഉണ്ടാകാൻ എല്ലാ സാദ്ധ്യതയും ഉണ്ട്. ആ സാദ്ധ്യതയെപ്പറ്റി എങ്ങനെ ആരാണ് പരിശോധിക്കുക? ഈ ബിൽ പൈലറ്റ് ചെയ്ത വനം വകുപ്പുമായി ബന്ധപ്പെട്ട് ആണെങ്കിൽ വനം വകുപ്പിന്റെ implication ഇതിന്റെ ഭാഗമായി നടക്കുന്നു എങ്കിൽ വനം മന്ത്രിക്ക് ഇടപെടാം. ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥൻ ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള തട്ടിപ്പു നടത്തിയാൽ ആ ഉദ്യോഗസ്ഥന് എതിരായിട്ട് നടപടിയെടുക്കാൻ റവന്യൂ മന്ത്രിക്ക് ആവുമോ? ആരാണ് ഈ ഉദ്യോഗസ്ഥനെ കൈകാര്യം ചെയ്യാൻ പോകുന്നത്? ഇങ്ങനെ ഒട്ടേറെ പഴുതുകൾ ഈ നിയമവുമായി ബന്ധപ്പെട്ട് വളരെ സജീവമായി നമ്മൾ ചർച്ച ചെയ്യേണ്ടതാണ്. ഈ ബില്ലിലെ സെക്ഷൻ 4 തദ്ദേശ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങൾ എന്തൊക്കെയാണെന്ന് നിർവ്വചിക്കുന്നതാണ്. അതിൽ ഒരു (സി) ക്ലാസ് ഉണ്ട്, അത് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കെട്ടിടങ്ങളും പുതിയ റോഡുകളും നിർമ്മാണം കൊണ്ടോ അല്ലെങ്കിൽ നിലവിലുള്ള റോഡുകളുടെ വീതികൂട്ടൽ കൊണ്ടോ സ്വത്തിനും ജീവനും അപകടം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലിനു വേണ്ടിയോ ആവശ്യമായി തീർന്നിട്ടുള്ള വൃക്ഷങ്ങൾ നടുന്നതിനും മാറ്റി നടുന്നതിനും കഴിയും. സാധാരണ നിലയിൽ ഇപ്പോൾ കെട്ടിടങ്ങളുടേയോ പുതിയ റോഡുകളുടേയോ നിർമ്മാണം കൊണ്ടോ അല്ലെങ്കിൽ നിലവിലുള്ള റോഡുകളുടെ വീതികൂട്ടൽ കൊണ്ടോ വീതി കൂട്ടുന്നതിനോ ആവശ്യമാണെങ്കിൽ ഒരു മരം വെട്ടാം. തീർച്ചയായും അങ്ങനെ വെട്ടാൻ അനുവാദം കൊടുക്കുന്ന അവസരത്തിൽ ഒന്നിൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കാൻ ആവശ്യമായ ഉത്തരവാദിത്വം അവരിൽ നിഷിപ്തമാക്കിക്കൊണ്ടായിരിക്കണം. ഇത് സ്വാഭാവികമായും വ്യക്തതയില്ലാത്തതുകൊണ്ടു തന്നെ വെട്ടാനല്ലാതെ വയ്ക്കാനാവശ്യമായ സംവിധാനം ഉണ്ടാകാൻ പോകുന്നില്ല. അപ്പോൾ ക്ളാസ് (4)-ലെ (ഡി) കൃത്യമായ ഒരു നിർവ്വചനത്തിന് വിധേയമാക്കേണ്ടതാണ്. വനവൽക്കരണവുമായി ബന്ധപ്പെട്ട് വൃക്ഷം വച്ചുപിടിപ്പിക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുവേണ്ടിയുള്ള അധികാര അവകാശങ്ങൾ വനം വകുപ്പിന് അല്ലെങ്കിൽ വനം വകുപ്പിലാണ് നിഷിപ്തമായിരിക്കുന്നത് എന്നുള്ളത് ക്ളാസ് (5) വളരെ വ്യക്തമായി തന്നെ സൂചിപ്പിക്കുന്നുണ്ട്. 5 (എ) സ്വകാര്യ നേഴ്സറികൾ വികസിപ്പിക്കുക, സംരക്ഷിക്കുക, അംഗീകാരം നൽകുക, പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കുക, മുറിച്ചു മാറ്റിയിട്ടുള്ള മരങ്ങൾക്കു പകരം പുതിയവ നടുന്നതിനാവശ്യക്കാരായ എല്ലാ ആളുകൾക്കും വിത്തുകളും വൃക്ഷത്തൈകളും മരങ്ങളും ന്യായമായ വിലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വൃക്ഷങ്ങൾ നട്ടുവളർത്താനുള്ള സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുക, വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സാങ്കേതികവും മറ്റുതരത്തിലുള്ളതുമായ സഹായങ്ങൾ നൽകുക മുതലായ പദ്ധതികൾ വിജയിപ്പിക്കുന്നതിൽ വനം വകുപ്പാണ് ഏറ്റവും പ്രധാനപ്പെട്ട റോൾ വഹിക്കേണ്ടത്. അതുകൊണ്ടുതന്നെ ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വനംവകുപ്പിൽ നിക്ഷിപ്തമാക്കാൻ ആവശ്യമായ ഒരു ക്ളാസ് കൂടി ഇതിന്റെ ഭാഗമായി വന്നാൽ തീർച്ചയായും പഴുതുകൾ ഇല്ലാത്ത നിലയിൽ, അല്ലെങ്കിൽ ഇപ്പോൾ നമുക്കുള്ള വനസമ്പത്ത് വെട്ടി നശിപ്പിക്കപ്പെടാതിരിക്കുന്ന ഒരു സാഹചര്യം തീർച്ചയായും ഉണ്ടാക്കാൻ സാധിക്കും. വനം നിയമത്തിൽ പറഞ്ഞിട്ടുള്ള കർശനമായി സംരക്ഷിക്കപ്പെടേണ്ടുന്ന വൃക്ഷങ്ങൾ അതിൽ ചിലവ ഉൾപ്പെടെ വെട്ടിക്കൊണ്ടു പോകാനാവശ്യമായ സൗകര്യം പല ആളുകൾക്കും ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ലഭ്യമാകാൻ പോകുകയാണ്. അങ്ങനെ വെട്ടിക്കൊണ്ടു പോകുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ എന്താ? ഏതൊക്കെ മരങ്ങളാണ് വെട്ടാൻ പോകുന്നത് എന്ന് തൊട്ടടുത്ത ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ നിങ്ങൾ നേരിട്ട് ചെന്ന് രേഖാമൂലം, ഒരു എഗ്രിമെന്റ് അല്ലെങ്കിൽ പ്രതിജ്ഞാപത്രം കൊടുക്കുക. ആ പ്രതിജ്ഞാപത്രം കൊടുത്തിട്ട് ഒരാഴ്ചക്കാലത്തെ സാവകാശം അതിന്റെ പ്രോസ്സസിംഗ് നടപടികൾ പൂർത്തിയാക്കാനും എന്നിട്ട് 20 ദിവസക്കാലംകൊണ്ട് ഈ ധാരണാപത്ര പ്രകാരം മരം കൊണ്ടുപോകുന്നതിന് ആവശ്യമായ റസീപ്റ്റ് സമ്മതപത്രം ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ നിന്ന് കിട്ടുന്നില്ല എങ്കിൽ കിട്ടിയതായി കണക്കാക്കാം. സ്വാഭാവികമായി ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി ആർക്കും ഇതിനകത്ത് കള്ളക്കളി കളിക്കാം. ധാരണാപത്രം കിട്ടിയാൽ ഒരു ഫോറസ്റ്റ് ഓഫീസർ അങ്ങനെ അനധികൃതമായി കടത്തിക്കൊണ്ടു പോകുന്ന മരം പിടിച്ചാൽ ആ പിടിച്ച ലോറിക്കകത്ത് ഈ ധാരണാപത്രത്തിൽ പറഞ്ഞിട്ടുള്ള മരം മാത്രമാണോ ഉള്ളത്, ധാരണാപത്രത്തിൽ പറഞ്ഞിട്ടുള്ള മരം തന്നെയാണോ വെട്ടിയിട്ടുള്ളത് ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കൃത്യമായി വെരിഫൈ ചെയ്യാൻ സാധിക്കും. എന്നാൽ 20 ദിവസക്കാലത്തിനുശേഷം ഇത് കിട്ടിയില്ല എന്നുള്ള സാഹചര്യത്തിൽ കിട്ടിയതായി കണക്കാക്കാം എന്നുപറഞ്ഞാൽ ഏതു മരവും വെട്ടിക്കൊണ്ടു പോകാമല്ലോ? ഏതു മരവും വണ്ടിയിൽ കടത്തിക്കൊണ്ടുപോകാം. അപ്പോൾ ബില്ലിനകത്ത് അങ്ങനെ ഒരു അവകാശം, അങ്ങനെ ഒരു ആനുകൂല്യം പാടില്ല, ഇത് മരത്തിന്റെ പ്രശ്നമാണ്. അതുകൊണ്ട് വനം സംരക്ഷക്കപ്പെടുകയല്ല നശിപ്പിക്കപ്പെടുകയാണ് ചെയ്യുക, ആ നിലയിൽ പ്രതിജ്ഞാപത്രത്തിൽ പറയുന്ന മരങ്ങൾ മാത്രമേ വെട്ടിക്കൊണ്ടു പോകുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ സംവിധാനം തീർച്ചയായും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് ഉണ്ടാക്കാൻ സാധിക്കണം. അതിന് സാധിക്കുന്ന നിലയിലുള്ള വകുപ്പുകൾ ഈ നിയമത്തിന്റെ ഭാഗമായി ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ: സാധാരണക്കാരായ കർഷകരെ സഹായിക്കാൻ വേണ്ടിയുള്ള ഒരു നിയമം ഇവിടെ കൊണ്ടുവരും എന്നുള്ളതാണ് മനസ്സിലാകുന്നത്. ഇത് കർഷകർക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന രീതിയിൽ ഒരുപാട് നിയമത്തിന്റെ കുരുക്കുകളിലൂടെ പോയി കർഷകരെ കഷ്ടപ്പെടുത്തുന്നതിനു വേണ്ടിയുള്ള കാര്യങ്ങൾ ഉണ്ടാക്കണമെന്നാണോ എന്റെ സ്നേഹിതന്റെ അഭിപ്രായം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കൃഷിക്കാരെ വിഷമിപ്പിക്കുകയെന്ന ഉദ്ദേശം ഒരിക്കലുമില്ല. സാധാരണക്കാരായ കൃഷിക്കാരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടിയിട്ടാണ് നിയമം കൊണ്ടുവരുന്നത്. എങ്കിലും നമ്മുടെ വനസമ്പത്തിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെങ്കിലും ദോഷം ചെയ്യുന്ന ഒന്നായി അത് പരിണമിക്കാൻ പാടില്ല, എന്ന് സദുദ്ദേശപരമായി തന്നെയാണ് ഞാനും പറയുന്നത്. അത് പ്രധാനമായും ഇതിലെ ക്ളാസ് (5) ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടതാണ്. ഫോറസ്റ്റിനോട് ചേർന്നിട്ടുള്ള 5 കിലോമീറ്റർ ചുറ്റളവ്, ആ 5 കിലോമീറ്റർ ചുറ്റളവിൽ നിന്ന് വനം മുറിക്കുമ്പോൾ അത് മുറിച്ചു കഴിഞ്ഞതിനുശേഷം കൊണ്ടുപോകുന്നതിന് ഫോറസ്റ്റിന്റെ പ്രത്യേകമായ ഒരു സമ്മതം ആവശ്യമാണ്. അത് വണ്ടിയിൽ കൊണ്ടുപോയതിനു ശേഷം അറിഞ്ഞാൽ പോരാ. വനാതിർത്തിയുടെ 5 കിലോമീറ്റർ എന്നുപറയുന്നത് പല വിധത്തിലുള്ള തർക്ക പ്രശ്നങ്ങൾ നിൽക്കുന്നതാണ്. തർക്ക പ്രശ്നങ്ങൾ നിൽക്കുന്നതുകൊണ്ടുതന്നെ ഈ 5 കിലോമീറ്റർ ചുറ്റളവിൽ നിന്ന് മരം വെട്ടിയെടുക്കാൻ അവസരം ഉണ്ടാക്കുകയെന്നു പറയുന്നത് വനത്തിനകത്തേക്ക് ചെന്ന് മരങ്ങൾ വെട്ടാനുള്ള സൗകര്യമായിട്ട് മാറും. അങ്ങനെ ഒരു സൗകര്യം ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പാടില്ലാത്തതാണ്. അതുകൊണ്ട് വനാതിർത്തിയിൽ നിന്ന് 10 കിലോമീറ്റർ മാറിയല്ലാതെ യഥേഷ്ടം മരം വെട്ടിക്കൊണ്ടുപോകാൻ ആവശ്യമായ സൗകര്യം ചെയ്തുകൊടുത്തു കൂടാത്തതാണ്. 10 കിലോമീറ്റർ അതിർത്തിക്കുള്ളിൽ നിന്ന് മരം വെട്ടുന്ന അവസരത്തിൽ വെട്ടിക്കഴിഞ്ഞതിനുശേഷം മാത്രമല്ല, ധാരണാപത്രം സമർപ്പിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ വന്ന് പരിശോധിച്ച് വെട്ടുന്ന മരങ്ങളെ സംബന്ധിച്ച് കൃത്യമായി കണക്കുണ്ടാക്കിയതിനുശേഷം മാത്രമേ വെട്ടാൻ അനുവദിക്കാൻ പാടുള്ളൂ. അങ്ങനെയല്ലായെങ്കിൽ ഈ 5 കിലോമീറ്റർ ചുറ്റളവിന്റെ സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് വനാതിർത്തി ലംഘിച്ചുകടന്നിട്ട് വിലപിടിപ്പുള്ള മരങ്ങൾ വെട്ടിക്കൊണ്ടുപോകാൻ ആവശ്യമായ അവസരങ്ങൾ ചെയ്തു കൊടുക്കുന്നതിലേക്ക് നാം എത്തിച്ചേരും. അങ്ങനെ ഒരു അവസ്ഥയുണ്ടാകാനും പാടില്ല. അതുകൊണ്ട് അത്തരം പ്രശ്നങ്ങൾ വളരെ സജീവമായി ഈ ബില്ലിൽ പരിശോധിക്കേണ്ടതാണ്. ഫോറസ്റ്റ് റേഞ്ചോഫീസർമാർക്കാണ് ഏറ്റവും ശക്തമായ നിലയിൽ ഇടപെടാൻ സാധിക്കുന്നത്. അവരുടെ കൈയിലാണ് ഇതിന്റെ പ്രതിജ്ഞാപത്രവും കാര്യങ്ങളും വരാൻപോകുന്നത്. അതുകൊണ്ട് പിടിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

നടപടികളെടുക്കാൻ ആവശ്യമായ നടപടികളുടെ കാര്യങ്ങൾ അതിനകത്ത് പറയുന്നുണ്ട്. ആ നടപടികളുടെ കാര്യങ്ങളിൽ കുറേക്കൂടി കർക്കശമായ സ്ഥിതിയുണ്ടാകാൻ സാധിക്കണം. സർക്കാരിനെ പറ്റിക്കാൻ ശ്രമിക്കുന്നത്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ പറ്റിക്കാൻവേണ്ടി ശ്രമിക്കുന്നത് തനിക്ക് ദീർഘകാലാടിസ്ഥാനത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നുള്ള ഒരു ധാരണ, ഒരു മുൻവിധി ബന്ധപ്പെട്ട ആളുകളിൽ ഉണ്ടാക്കി കൊടുക്കാൻ പര്യാപ്തമായിട്ടുള്ള വകുപ്പുകൾ അതിനകത്ത് എഴുതിച്ചേർക്കണം. ആ നിലയിലെല്ലാം ഈ നിയമം കുറ്റമറ്റതാക്കാൻ ആവശ്യമായ ആ തീരുമാനങ്ങൾ കൈക്കൊണ്ടല്ലാതെ ഈ ബിൽ നിയമമായിട്ട് വന്നാൽ ഈ ബില്ലിന്റെ ഭാഗമായിട്ട് പറഞ്ഞിട്ടുള്ള സദുദ്ദേശപരമായ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായിട്ടുള്ള വന നശീകരണത്തിലേക്കും വൃക്ഷം വെട്ടി കൊള്ളലാഭം ഉണ്ടാക്കി കോടികൾ കൊള്ളയടിക്കുന്ന ഒരു തലത്തിലേക്ക് മാറുമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അതിനെ ശക്തമായി എതിർക്കുന്നത്. ഞാൻ എന്റെ ഡിസന്റ് രേഖപ്പെടുത്തുകയാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആ ഭേദഗതിയോടൊപ്പം മറ്റൊരു നിർദ്ദേശം വയ്ക്കുന്നു. ഈ ബില്ലിന്റെ പേര് മാറ്റണം. 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ മരം മുറിക്കൽ പ്രോത്സാഹന ബിൽ എന്നാക്കി ഈ ബിൽ മാറ്റണം. കാരണം അതാണ് ഇതിന്റെ ഉദ്ദേശം ശ്രീ. തിരുവഞ്ചൂർ ചിരിക്കുന്നു. കെ. എം. മാണിസാർ പാരവയ്ക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വനം വകുപ്പിന് ഒരു പാരയാണ്. ഈ ബില്ലിന്റെ വിശദാംശങ്ങളിലേക്ക് ഓരോന്നും പോയാൽ അത് വ്യക്തമാണ്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* ഇപ്പോൾ വനംവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ റോൾ ഉണ്ടെന്നു പറയുമ്പോൾ റവന്യൂവിനകത്ത് വനത്തിന്റെ ഒരു പാരയുണ്ട് എന്ന് അങ്ങ് പറയാതിരുന്നത് ഭാഗ്യമായി.

ശ്രീ. എം. വി. ജയരാജൻ: അപ്പോൾ അങ്ങേയ്ക്ക് എതാണ്ട് മനസ്സിലായി, ഞാൻ കരുതിയത് അങ്ങ് ഇദ്ദേഹത്തെ പാരവയ്ക്കുന്നു എന്നാണ്. ഇദ്ദേഹം പറയുന്നത് അങ്ങേയ്ക്ക് നേരെ ഞാൻ പാരയായിട്ട് വരുമെന്നാണ്. അപ്പോൾ പരസ്പരം ഉണ്ടെന്നാണ് തിരുവഞ്ചൂർ തന്നെ സമ്മതിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: ഈ മന്ത്രിസഭയിലെ മന്ത്രിമാരൊക്കെ പരസ്പരം പാരവയ്ക്കുന്നവരാണ് എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: അത് എല്ലാപേർക്കും അറിയാവുന്നതല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: രണ്ടാളുകൾ മാത്രം ഉള്ളപ്പോൾ രണ്ടു പാരയേയുള്ളൂ, ആൾ രണ്ടിൽ കൂടിയിരുന്നുവെങ്കിൽ പാരയുടെ എണ്ണവും കൂടിയേനെ.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഏതായാലും പാരകൾ ഈ മന്ത്രിസഭയിൽ നിന്ന് ഒഴിഞ്ഞുപോയി എന്നുള്ള വിവരം അറിയാമോ?

ശ്രീ. എം. വി. ജയരാജൻ: ഏതായാലും ഒരു കാര്യം വ്യക്തമായി.

ശ്രീ. ടി. കെ. ദേവകുമാർ: സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പാർലമെന്ററികാര്യ വകുപ്പുമന്ത്രി എല്ലാ കാര്യത്തിലും ഇടപെട്ട് പറയുന്ന ഒരു കാര്യം പറഞ്ഞപ്പോൾ മാണിസാർ പിന്താങ്ങിയതിൽ സന്തോഷമുണ്ട്.

ശ്രീ. സാജുപോൾ: സർ, ഇവിടെ ബഹുമാന്യനായ മാണി സാർ മന്ത്രിസഭയിൽ നിന്ന് പാരകളെല്ലാം ഒഴിഞ്ഞുപോയി എന്നുപറയുമ്പോൾ ശ്രീ. എ. കെ. ആന്റണിയേയും, ശ്രീ. ശങ്കരനാരായണനേയും, ശ്രീ. ജി. കാർത്തികേയനേയും, ശ്രീ. കെ. സുധാകരനേയും ശ്രീ. കെ. വി. തോമസ് മാഷിനേയുമെല്ലാം ഉൾപ്പെടെയാണ് അദ്ദേഹം ഉദ്ദേശിച്ചതെന്നുള്ള കാര്യം ജയരാജനേട്ടന് അറിയാമോ?

ശ്രീ. കെ. എം. മാണി: ഈ ഗവൺമെന്റ് എന്നുപറഞ്ഞാൽ ഉമ്മൻ ചാണ്ടി ഗവൺമെന്റെന്നാണ് അതിനർത്ഥം.

ശ്രീ. എം. വി. ജയരാജൻ: അതുതന്നെയാണ് വ്യക്തമാക്കുന്നത്. ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ നിന്ന് ഇനിയും കുറച്ച് പാരകൾ പോകാനുണ്ടെന്ന് അദ്ദേഹം പറഞ്ഞത് വളരെ വ്യക്തമായി.

ശ്രീ. ജോണി നെല്ലൂർ: ഇപ്പോൾ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ കാര്യം ക്ലിയറായി. ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽനിന്ന് രാജിവച്ചു പുറത്തുപോയ ഒരു മന്ത്രിയാണ്. അപ്പോൾ അദ്ദേഹമായിരുന്നു പാര എന്നാണ് റവന്യൂവകുപ്പുമന്ത്രി പറഞ്ഞതെന്ന കാര്യം അങ്ങേക്ക് വ്യക്തമായോ?

ശ്രീ. എം. വി. ജയരാജൻ: അതുമാത്രമല്ല ഇനിയും ചിലർ ആ മന്ത്രിസഭയിൽ നിന്ന് പോകാനുണ്ടെന്നുള്ള കാര്യം ശ്രീ. കെ. എം. മാണിസാർ വ്യക്തമാക്കിയതോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

എല്ലാപേർക്കും ബോദ്ധ്യമായി. നേരത്തെ ചിലർക്ക് മാത്രമേ ബോദ്ധ്യമായുള്ളൂ. മന്ത്രിസഭയിലുള്ള ആൾ തന്നെ ഉത്തരവാദിത്വത്തോടുകൂടി പറഞ്ഞിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: ഈ സി.പി.എം-നകത്ത് പുതിയ മാറ്റത്തിനു വിധേയമായി പുതിയ പാരകളെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണോ?

ശ്രീ. എം. വി. ജയരാജൻ: സി.പി.എം-ന്റെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. ഇതിൽ വൃക്ഷം വച്ചുപിടിപ്പിക്കാൻ ഇപ്പോൾതന്നെ നമുക്ക് ഒരു നിയമമുണ്ട്. വൃക്ഷസംരക്ഷണ നിയമം, ആ വൃക്ഷ സംരക്ഷണ നിയമമനുസരിച്ചുതന്നെ നമ്മുടെ നാട്ടിൽ വ്യാപകമായി വനഭൂമിയിൽ ആകട്ടെ, വനേതര പ്രദേശങ്ങളിലാകട്ടെ വൃക്ഷം വച്ചുപിടിപ്പിക്കാൻ കഴിയത്തക്ക നിലയിൽ നമുക്ക് വ്യവസ്ഥകൾ കൊണ്ടുവരാം. ഇപ്പോൾത്തന്നെ സോഷ്യൽ ഫോറസ്ട്രി ഉണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അപ്പോൾ പിന്നീട് ഒരു നിയമമെന്ന് പറയുമ്പോൾ തന്നെ വളരെ വ്യക്തമാണ്. വൃക്ഷ സംരക്ഷണമല്ല ഈ നിയമത്തിന്റെ ലക്ഷ്യം. വൃക്ഷസംരക്ഷണത്തിന്റെ പേരുപറഞ്ഞ് വിശാലമായ രീതിയിൽ നമ്മുടെ മരങ്ങൾ മുറിച്ചു എടുത്തുകൊണ്ടുപോകാനുള്ള അവസരം നൽകുന്ന ഒരു നിയമമായി ഈ നിയമം മാറും. അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. അല്ലാതെ നിങ്ങൾ സദുദ്ദേശത്തോടുകൂടി ഒരു നിയമം കൊണ്ടുവരുന്നതിനെ ഞങ്ങൾ എതിർക്കേണ്ട കാര്യമില്ല. നിങ്ങൾ സദുദ്ദേശത്തോടുകൂടിയാണ് ഈ നിയമവുമായി മുന്നോട്ടുവരുന്നതെന്ന് പറയാൻ കഴിയില്ല. ഇപ്പോൾ നമ്മുടെ വൃക്ഷ സംരക്ഷണ നിയമത്തിൽ സ്വന്തം ഭൂമിയിൽത്തന്നെ മരം വച്ചുപിടിപ്പിച്ചാൽ ചന്ദനം ഒഴികെ മരം വെട്ടിക്കൊണ്ടുപോകാൻ വേണ്ടിയുള്ള അനുമതി നൽകാനും വ്യവസ്ഥയുണ്ട്. ചന്ദനം മുറിച്ചു കൊണ്ടുപോകാൻ പറ്റില്ല. 10 മരങ്ങൾ കൊണ്ടുപോകാനുള്ള നിയന്ത്രണമുണ്ട്. ഈയിടെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു വിധിയെത്തുടർന്ന് സ്വന്തം പുരയിടത്തിൽനിന്ന് മരം മുറിക്കുന്നതിന് തടസ്സമായി വന്ന ഭാഗം മാറ്റുന്നതിനുവേണ്ടി കൂട്ടായി നമ്മൾ ഒരു പരിശ്രമം നടത്തിയതാണ്. പക്ഷെ അതിൽപോലും നിങ്ങൾ "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം," എന്നുപറയും വിധത്തിലാണ് പ്രവർത്തിച്ചത്. എല്ലാവരും യോജിച്ച് ഒരു നിയമനിർമ്മാണത്തിനു വേണ്ടിയിട്ട് തയ്യാറാകുന്ന ഘട്ടത്തിൽ അതിലും നിങ്ങൾ മാറ്റം വരുത്തി. അപ്പോൾ നിങ്ങളുടെ സദുദ്ദേശം ഇവിടെ ചോദ്യംചെയ്യപ്പെടുകയാണ്. സദുദ്ദേശപരമായിട്ടാണ് ഇത്തരമൊരു തീരുമാനം കൊണ്ടുവരുന്നതെന്നു പറയാൻ കഴിയില്ല. ഇതിനകത്ത് പറയുന്ന ഒരു ഭാഗം 6-ാം വകുപ്പ്, ഉടമസ്ഥർക്ക് വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അവകാശം. അതിൽ പറയുന്നത്, ആ പ്രദേശത്ത് അധികാരമുള്ള ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരുടെ മുമ്പാകെ ഏത് ഭൂമിയിൽ നിന്നാണോ മരം മുറിച്ചത് ആ ഭൂമിയുടെ സർവേനമ്പർ, വൃക്ഷങ്ങളുടെ എണ്ണം, വൃക്ഷങ്ങളുടെ ഇനം, തടിയുടെ അളവ്, ഏത് സ്ഥലത്തേക്കാണ് തടി കടത്തി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുന്നത് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ഒരു പ്രതിജ്ഞാപത്രം നേരിട്ട് കൊടുക്കുകയോ രജിസ്റ്റർ തപാൽ മുഖേന അയയ്ക്കുകയോ ചെയ്താൽ മരം മുറിച്ചുകൊണ്ടു പോകാനുള്ള വ്യവസ്ഥയാണ്. ഇത്രയും വിശാലമായിട്ട് ഒരു ക്ലാസ് ഇവിടെ വച്ചാൽ സ്വന്തം ഭൂമിയിൽ വച്ച് പിടിക്കുന്ന മരങ്ങളെന്നുപറയുന്നത് സംരക്ഷിക്കുകയെന്നുള്ളതാണ് ഉദ്ദേശം. സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ മരം വച്ചു പിടിപ്പിക്കാൻ വേണ്ടിവരുന്ന എല്ലാ വിത്തുകളും കൊടുക്കുമെന്നു പറയുന്ന ഈ ബില്ലിലെ വ്യവസ്ഥകൾ 6-ാം വകുപ്പോടുകൂടി പൂർണ്ണമായി ഇല്ലാതാകുകയല്ലേ? ഏത് എക്സ്റ്റന്റ് വരെ പോകും? സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ മരം വച്ചു പിടിപ്പിക്കൽ മാത്രമല്ല, പ്രോൽസാഹിപ്പിക്കുക കൂടിയാണ് ഗവണ്മെന്റ് ചെയ്യുന്നത്. അതിനാവശ്യമായ സഹായം മാത്രമല്ല ചെയ്തു കൊടുക്കുന്നത്. സ്വകാര്യവ്യക്തിയുടെ ഭൂമിയോടൊപ്പം പുറമ്പോക്കു സ്ഥലവും ഉണ്ടെന്ന് കരുതുക. റോഡു പുറമ്പോക്കുകൾ, റവന്യൂ പുറമ്പോക്കുകൾ അങ്ങനെ എല്ലാ പുറമ്പോക്കു ഭൂമിയിലും ..... പുറമ്പോക്കുകളെക്കുറിച്ച് ആധികാരികമായി പറയാൻ കഴിയുന്ന ഒരാളേ ഇവിടെ ഉള്ളൂ. അത് ശ്രീ. എ. കെ. മണിയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി ഇങ്ങനെയുണ്ട്; റ്റാറ്റായുടെ കയ്യിൽ. Welcome to the country of Tata എന്നുള്ള ബോർഡ് വച്ച സ്ഥലത്തെ എം.എൽ.എ.-യാണ്.

ശ്രീ. എ. കെ. മണി: അങ്ങനെ ഒരു തെറ്റിദ്ധാരണ വേണ്ട. റ്റാറ്റാ കമ്പനിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കണ്ണൻ ദേവൻ കമ്പനിയായി മാറി. നിയമംവിട്ട് ഒരു കാര്യവും അവർ ചെയ്യില്ല. അനധികൃതമായ പുറമ്പോക്ക് സ്ഥലം റ്റാറ്റാ കമ്പനിയുടെ കൈവശം ഇല്ല. അത് തെറ്റിദ്ധാരണയാണ്. ആ തെറ്റിദ്ധാരണ മാറണം.

ശ്രീ. എം. വി. ജയരാജൻ: ഒരു തെറ്റിദ്ധാരണയും ഇല്ല. ഞങ്ങൾ അവിടെ പോയി കണ്ടതാണ്. പെറ്റീഷൻസ് കമ്മിറ്റി അവിടെ വിസിറ്റ് ചെയ്തപ്പോൾ കാണുക മാത്രമല്ല, ആ ബോർഡ് ഞങ്ങൾ വലിച്ചെറിഞ്ഞു കളഞ്ഞു. ഇന്ത്യക്ക് അകത്ത് ഒരു പുതിയ ബോർഡ് ..... (ബഹളം)..... ശ്രീ. തമ്പാനൂർ രവി മനസ്സിലാക്കണം. അത് വലിച്ചെറിയാൻ കാരണം എന്റെ രാജ്യസ്നേഹമാണ്. രാജ്യസ്നേഹം ഇല്ലാത്ത ശ്രീ. തമ്പാനൂർ രവിക്ക് അത് മനസ്സിലാകില്ല.

ശ്രീ. തമ്പാനൂർ രവി: ശ്രീ. എം. വി. ജയരാജൻ വൃക്ഷ സംരക്ഷണത്തെക്കുറിച്ച് ഇവിടെ വളരെ മനോഹരമായി പ്രസന്റ് ചെയ്യുകയാണ്. അങ്ങയുടെ പെർഫോമൻസ് കണക്കിലെടുത്തുകൊണ്ട് ഈ സഭ ഐകകണ്ഠ്യേന വൃക്ഷമിത്ര അവാർഡ് അങ്ങേക്ക് തരാൻ ശുപാർശ ചെയ്താൽ അങ്ങ് അത് സ്വീകരിക്കുമോ? അങ്ങ് ബോർഡ് വലിച്ചെറിഞ്ഞ ആളാണ്. അപ്പോൾ രാജ്യസ്നേഹമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ഞാൻ കരുതിയത് എന്നെ സഹായിക്കത്തക്കവിധത്തിൽ വിവരശേഖരണത്തിന് സഹായകരമാകുന്ന ചോദ്യമായിരിക്കുമെന്നാണ്. ഈ ചോദ്യം ശ്രീ. കെ. എം. മാണിയോടാണ് ചോദിക്കേണ്ടത്. വൃക്ഷ നശീകരണത്തിന് എന്തെങ്കിലും അവാർഡ് കൊടുക്കുന്നുണ്ടെങ്കിൽ അത് റവന്യൂ മിനിസ്റ്റർക്ക് കൊടുക്കണമെന്ന് ശുപാർശ ചെയ്യാൻ അങ്ങ് മുൻകൈ എടുക്കണം. ഇവിടെ പറഞ്ഞുവന്നത്, തപാൽ മുഖേന അയച്ചാൽ മതി. മാത്രമല്ല പ്രൊവൈസോയിൽ പറയുന്ന 20 ദിവസത്തിനകം ഇതിന്മേൽ നടപടി റെയിഞ്ച് ഓഫീസർ സ്വീകരിച്ചില്ലെങ്കിൽ അയാൾക്ക് സ്വമേധയാ നടപടിയുമായിട്ട് മുമ്പോട്ടു പോകാം. എന്താ വൃക്ഷസംരക്ഷണ നിയമത്തിന്റെ വ്യവസ്ഥ? പാസ് വാങ്ങണം എന്നാണ്. അതിനുവേണ്ടി ഇതിൽ പറയുന്നത്, തൽസമയം പ്രാബല്യം ഉള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വ്യവസ്ഥയാണ് ബാധകമാകുക. വൃക്ഷസംരക്ഷണ നിയമത്തിന്റെ ക്ലാസും ഈ നിയമത്തിലെ ക്ലാസും തമ്മിൽ പരസ്പരം പൊരുത്തം ഉണ്ടാകുമോ? ഏത് നിയമം നടപ്പിലാക്കും? ഈ നിയമമാണ് പ്രാബല്യത്തിൽ വരുന്നതെങ്കിൽ ഒരു തർക്കവും വേണ്ട, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇരിക്കും, ശ്രീ. കെ. എം. മാണി ഭരിക്കും.

ശ്രീ. വി. കെ. ചന്ദ്രൻ: ഈ നിയമത്തിൽ സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കാൻ ഗവൺമെന്റ് സഹായം ചെയ്തു കൊടുക്കുകയാണ്. ഇങ്ങനെ ഗവൺമെന്റ് സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കാൻ സഹായം ചെയ്തു കൊടുക്കുകയും ആ മരങ്ങൾ അവർക്കുതന്നെ മുറിക്കാൻ അവസരം കൊടുക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുമ്പോൾ സ്വകാര്യവ്യക്തിയുടെ ഭൂമിയോട് ചേർന്ന് പൊതു സ്ഥാപനങ്ങളുടെ അല്ലെങ്കിൽ വനഭൂമി ഉണ്ടെങ്കിൽ അതിലേക്കും കൂടി കടന്ന് മരം മുറിച്ചുകൊണ്ടുപോകാനുള്ള സൗകര്യം ഈ നിയമത്തിലൂടെ കൊണ്ടുവരികയല്ലേ ചെയ്യുന്നത്; ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: വനം കയ്യേറ്റം തടയാനും അവശേഷിക്കുന്ന വൃക്ഷനിബിഡ പ്രദേശങ്ങൾ സംരക്ഷിക്കാനുമാണ് സമഗ്രമായ ഒരു നിയമം നേരത്തെ ഇവിടെ കൊണ്ടുവന്നത്. വനം എന്ന് പറയുന്നത് സംസ്ഥാന പട്ടികയിൽ നിന്നും അത് ഭരണഘടനാഭേദഗതിയിലൂടെ സമവർത്തി പട്ടികയിലേക്ക് മാറ്റി. അങ്ങനെയാണ് 1980-ൽ വനസംരക്ഷണ നിയമം വന്നത്. എന്നിട്ടും വ്യാപകമായ വനം കയ്യേറ്റം നടക്കുകയാണ്. കോടതിതന്നെ വനം എന്ന പദത്തിന് പുരോഗമനാത്മകമായ വിലയിരുത്തൽ നടത്തുകയുണ്ടായി. അങ്ങനെ ഒരു നിർവചനവും കൊടുത്തു. അതിന് കാരണം തുടർച്ചയായിട്ടുള്ള വനം കയ്യേറ്റമാണ്. മരം മുറിക്കലാണ്. അതിൽനിന്നും മാറി മരം സംരക്ഷിക്കുന്നതിനോ വൃക്ഷം സംരക്ഷിക്കുന്നതിനോ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനോ സഹായകരമാകുന്ന വ്യവസ്ഥയുണ്ടോ? ഇല്ല എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യം. കോടതി വനം കയ്യേറ്റത്തെ സംബന്ധിച്ച് അതിരൂക്ഷമായ രീതിയിൽ ഒട്ടേറെ ഘട്ടങ്ങളിൽ സർക്കാരിനെ വിമർശിക്കുകയുണ്ടായി. കേരളത്തിൽ ഒരു മന്ത്രിയുടെ സ്ഥാനം പോലും പോയി. വനംകൊള്ളക്കാർ പറഞ്ഞാൽ എന്തും ചെയ്യുന്ന ഒരു മന്ത്രി കേരളത്തിലെ വനംവകുപ്പ് കൈകാര്യം ചെയ്തിരുന്നു എന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. എന്നിട്ടും വനം കയ്യേറ്റത്തിനും വൃക്ഷം മുറിച്ചു കടത്തിക്കൊണ്ടുപോകുന്നതിനും അവസരം ഉണ്ടാകുകയാണ്. അതിന് കൂടുതൽ അവസരം നൽകുംവിധം ഒരു നിയമനിർമ്മാണമാണ് ഇവിടെ നടത്തുന്നത്. അതിന് കൂട്ടു നിൽക്കാൻ കഴിയില്ല. 1961-ലെ കേരള വനം നിയമത്തിന്റേയും 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റേയും വ്യവസ്ഥകൾക്കനുസൃതമായി സ്വകാര്യ വനസംരക്ഷണം, വൃക്ഷ സംരക്ഷണം, തടി കടത്തുന്നതു തടയൽ എന്നിവയിൽ നിയമനിർമ്മാണം നടത്തിക്കൊണ്ട് അത് നടപ്പിലാക്കാൻ സംസ്ഥാന തലത്തിൽ ഒരുപാട് ഉദ്യമങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ എന്തെങ്കിലും കാലികമായ മാറ്റങ്ങൾ വരുത്തണമെങ്കിൽ നമുക്ക് ആകാം. അതിനകത്ത് ഭേദഗതികൾ വരുത്താം. പക്ഷേ, അതൊന്നുമല്ല ഇപ്പോൾ ചെയ്യുന്നത്. നമ്മുടെ വൃക്ഷസമ്പത്ത് മുറിച്ചു കടത്തുന്നത് പരിസ്ഥിതിക്കുതന്നെ ദോഷം വരുത്തുന്നതാണ്. വനം വകുപ്പ് ഈയിടെ നടപ്പിലാക്കിയ പരിഹാര വനവൽക്കരണ പദ്ധതി വമ്പിച്ച പരാജയമായിരുന്നു എന്ന് 2003 മാർച്ച് 31-ന് ആസൂത്രണ ബോർഡ് നൽകിയിട്ടുള്ള റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതിൽ പറയുന്നത്, "വനം വകുപ്പ് അധികൃതരുടെ ഭരണപരവും സാങ്കേതികവുമായ വീഴ്ച കാരണം വനവൽക്കരണ പരിപാടിക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല". ആസൂത്രണ ബോർഡിന്റെ കമന്റാണ്. 57,180 ഹെക്ടർ വനഭൂമിയിൽ വനവൽക്കരണം നടത്തണമെന്നാണ് അതിൽ ലക്ഷ്യം അംഗീകരിച്ചത്. 113 കോടി രൂപ കേന്ദ്രം നൽകി. 15 ഹെക്ടർ ഭൂമിയിൽപ്പോലും വനവൽക്കരണം നടത്താൻ സാധിച്ചിട്ടില്ല. പത്താം പഞ്ചവൽസര പദ്ധതിയിൽ 5000 ഹെക്ടർ ഭൂമിയിൽ വനവൽക്കരണം നടത്താൻ തീരുമാനിച്ചു. 12 കോടി രൂപയാണ് പത്താം പഞ്ചവൽസര പദ്ധതിയിൽ വനവൽക്കരണത്തിന് അനുവദിച്ചത്. അതും പാഴായി. ലോകബാങ്ക് സഹായത്തോടെ കേരള ഫോറസ്ട്രി പ്രോജക്ട് ആരംഭിച്ചു. 4 വർഷംകൊണ്ട് 132 കോടി രൂപ ചെലവഴിച്ചു. അതും ലക്ഷ്യം കണ്ടില്ല. നമ്മുടെ നാട്ടിൽ വൃക്ഷം വച്ചുപിടിപ്പിക്കാൻ നമുക്ക് കഴിഞ്ഞില്ല. വൃക്ഷങ്ങൾ വ്യാപകമായി വച്ചു പിടിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. അതും പരാജയമായിരുന്നു. ശ്രീ. കെ. സുധാകരൻ മന്ത്രിയായിരുന്ന സമയത്ത് ഹരിതോൽസവം നടത്തിയത് മരങ്ങൾ വച്ചുപിടിപ്പിക്കാനാണ്. സ്വകാര്യ ഭൂമിയിൽ വ്യാപകമായ തോതിൽ സ്കൂൾ കുട്ടികളെ ഉപയോഗിച്ച് വനവൽക്കരണ പരിപാടി നടത്തി. അതിന് സംസ്ഥാന സർക്കാരിന്റെ കാലിയായ ഖജനാവിൽനിന്നും 80 ലക്ഷം രൂപ കൊടുത്തു. അതും തികഞ്ഞ പരാജയം ആയിരുന്നു എന്നാണ് ഇപ്പോൾ വിലയിരുത്തിയിട്ടുള്ളത്. പിന്നീട് നടത്തിയിട്ടുള്ള വൃക്ഷസംരക്ഷണത്തിനുവേണ്ടിയോ, മരം വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയോ, വനവൽക്കരണത്തിനു

വേണ്ടിയോ ഉള്ള എല്ലാ പദ്ധതികളും തികഞ്ഞ പരാജയമായിരുന്നു എന്ന വിലയിരുത്തൽ നടത്തുന്ന ഘട്ടത്തിലാണ് ഇപ്പോൾ സഹകാര്യ ഭൂമിയിലും പഞ്ചായത്ത് ഭൂമിയിലും പുറമ്പോക്കു ഭൂമിയിലും വൃക്ഷം വച്ചുപിടിപ്പിക്കാനെന്ന് പറഞ്ഞ് ഈ നിയമം കൊണ്ടുവരുന്നത് എന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. ഈ നാട്ടിൽ നമ്മുടെ വനഭൂമി തന്നെ നഷ്ടപ്പെടുകയല്ലേ? മൂച്ചിക്കുണ്ട് കേസ് എല്ലാവർക്കും അറിയാവുന്ന ഒരു പ്രമാദമായ കേസായിരുന്നല്ലോ? 44 വ്യാജ പട്ടയങ്ങളാണ് അതിലൂടെ പുറത്തുവന്നത്. അതിൽ ചരിത്രപ്രസിദ്ധമായ ഒരു വിധിയുണ്ടായി. ആ പട്ടയങ്ങൾ കോടതി റദ്ദാക്കി. എന്നിട്ട് സർക്കാരിന്റെ ഭൂമി സർക്കാരിന് തന്നെ കൊടുത്തു. ഒരു പൊതുതാൽപ്പര്യ ഹർജിയാണ് അതിനിടയാക്കിയത്. കോടതി തന്നെ പരിശോധിച്ചു പറഞ്ഞത്, സെക്രട്ടേറിയറ്റിലെ ഒരു മാഫിയ സംഘം ഇതിന് പിന്നിൽ പ്രവർത്തിക്കുന്നുവെന്നാണ്. വനം വകുപ്പിന്റെ കീഴിൽ മണ്ണാർക്കാട് ഡിവിഷനിൽ മാത്രം മലപ്പുറം, പാലക്കാട് ലാന്റ് ട്രിബ്യൂണൽ 1500 വ്യാജപ്പട്ടയങ്ങൾ നൽകി. അത് റദ്ദാക്കണമെന്ന് വനംവകുപ്പ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടു. റവന്യൂ വകുപ്പ് ഒരു പരിഗണനയും കൊടുത്തിട്ടില്ല. ഇപ്പോഴും ആ പട്ടയങ്ങൾ സമ്പാദിച്ചവർ ആ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുകയല്ലേ? റവന്യൂവകുപ്പിന്റെ നിയന്ത്രണത്തിൽ പട്ടയം വാങ്ങി ആ ഭൂമിയിലുള്ള മരങ്ങളെല്ലാം മുറിച്ചെടുത്തുകൊണ്ടു പോവുകയാണ്.

ശ്രീ. പി. സി. ജോർജ്: സത്യത്തിൽ ഈ ബിൽ പൈലറ്റ് ചെയ്യേണ്ടത് വനംവകുപ്പ് മന്ത്രിയല്ലേ? യു.ഡി.എഫ്.-ന്റെ ഒരു സംസ്കാരം എന്നുള്ള നിലയിൽ വനംവകുപ്പ് മന്ത്രിയെ റവന്യൂ വകുപ്പുമന്ത്രി ഹൈജാക്ക് ചെയ്യുന്ന ഒരു ഏർപ്പാടല്ലേ ഇത്. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം എന്തുകൊണ്ടാണ് പറയാത്തത്? വളരെ പ്രധാനപ്പെട്ട കാര്യമല്ലേ? ഇതിൽ റവന്യൂ വകുപ്പുമന്ത്രിക്ക് എന്താണ് കാര്യം? അതിനെപ്പറ്റി വളരെ വിശദമായി ശ്രീ. ജയരാജൻ പറയണ്ടേ? വിശദമായിട്ട് അക്കാര്യം പറയണം.

ശ്രീ. എം. വി. ജയരാജൻ: അത് കുറേക്കൂടി വിശദമായി ശ്രീ. പി. സി. ജോർജ് ഇവിടെ പറയുകയും ചെയ്തിട്ടുണ്ട്. കുറ്റ്യാടി ചക്കിട്ടപ്പാറ, അവിടെ കക്കയം പെരുവണ്ണാമൂഴിയിലെ വൃഷ്ടി പ്രദേശത്ത് 400 ഏക്കർ നിബിഡ വനമാണ് ഒരു സഹകാര്യ വ്യക്തി കൈവശപ്പെടുത്തിയത്. അതിന്റെ പിന്നിൽ ഒരു നിയമസഭാംഗത്തിന്റെ കറുത്ത കൈകൾ ഉണ്ടെന്ന പത്രവാർത്ത ഈയിടെയാണ് പുറത്തുവന്നത്. അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഒത്തുകളിയുടെ ഫലമായി 400 ഏക്കർ സർക്കാർ ഭൂമി നമുക്ക് നഷ്ടമായി. അഡ്വക്കേറ്റ് ജനറൽ അതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് കൊടുത്തു. യാതൊരു നടപടിയുമുണ്ടായില്ല. ചുരുക്കത്തിൽ രക്ഷിക്കേണ്ടവർ നാശകരായി തീരുന്ന നീചവും കളങ്കിതവുമായ ഈ സന്ദർഭത്തിലാണ് ഇതുപോലൊരു നിയമവുമായി

LIBRARY ARCHIVES Kerala Legislative Assembly

മാണി സാർ ഇങ്ങോട്ട് കടന്നുവന്നത്. കേന്ദ്ര ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? രാജ്യത്തെ കാടുകൾ സ്വകാര്യമേഖലയുടെ കയ്യിലെത്തിക്കാൻ സഹായകരമായ നിയമ നിർമ്മാണം നടത്താൻ പോവുകയാണ്. 2012-നുള്ളിൽ വനവിസ്തൃതിയുടെ 33 ശതമാനമാക്കണമെന്ന ലക്ഷ്യംവച്ച് കാടുകൾ സ്വകാര്യമേഖലയ്ക്ക് നൽകുകയാണ്. അവരും ഇതേ രീതിയിലുള്ള നിയമം ഉണ്ടാക്കാനാണ് നോക്കുന്നത്. അതിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ട് വന്നിട്ടുണ്ട്. വനത്തോട് ചേർന്നുനിൽക്കുന്ന സർക്കാർ ഭൂമി വനവൽക്കരിക്കണം. പക്ഷേ വനവൽക്കരണത്തിന്റെ ഉത്തരവാദിത്തം ഏൽപ്പിക്കുന്നത് സ്വകാര്യമേഖലയെയാണ്. അപ്പോൾ കാടും സ്വകാര്യമേഖലയെ ഏൽപ്പിക്കുന്ന കേന്ദ്ര നിയമം വരാൻ പോവുകയാണ്. അത്തരമൊരു ഘട്ടത്തിൽ ആ കേന്ദ്ര നിയമത്തെ സഹായിക്കും വിധത്തിലുള്ള ഒരു നിയമ നിർമ്മാണമായിപ്പോയി മാണി സാർ ഇവിടെ കൊണ്ടുവന്നത്. സ്വകാര്യഭൂമിയിലെ മരം മുറിക്കാൻ പാസ് കൊടുക്കുന്ന നടപടി ഇപ്പോൾ വ്യാപകമായി നടക്കുന്നുണ്ട്. തോട്ടങ്ങളിൽ നിന്നുപോലും ഇപ്പോൾ വ്യാപകമായി മരം മുറിക്കുകയാണ്. തോട്ടങ്ങളും മരങ്ങളും സംരക്ഷിക്കേണ്ടതാണ്. തോട്ടത്തിന് അത് ആവശ്യമാണ് താനും. അവിടെയുള്ള മരം മുറിക്കാൻ പാടില്ല. എന്നിട്ട് പോലും വ്യാപകമായ തോതിൽ മരം മുറിച്ച് കടത്തുകയാണ്. വയനാട്ടിലാണെങ്കിൽ ഇത് വ്യാപകമാണ് താനും. നല്ല തോതിൽ വളരാത്ത മരങ്ങൾ പോലും മുറിച്ച് മാറ്റുന്ന സ്ഥിതിയാണ് ഇന്ന് കാണാൻ കഴിയുന്നത്. മരം മുറിക്കുന്നവരാകട്ടെ, ആ വീട്ടുകാരല്ല. ഇപ്പോൾ നിലവിൽ ഒരു നിയമമുണ്ടല്ലോ? ആ നിയമം എന്താണെന്ന് പറഞ്ഞാൽ, വീട്ടുപറമ്പ് ഒരു ഹെക്ടർ വരെയാണെങ്കിൽ മരം മുറിക്കാനുള്ള അനുമതി കൊടുക്കാം. ഒരു ഹെക്ടറിന് വെളിയിൽ വീട്ടുപറമ്പാകട്ടെ, ഇനി അതല്ല വീടില്ലാത്ത സ്ഥലമാകട്ടെ, അവിടെ നിന്ന് മരം മുറിക്കുന്നതിന് എല്ലാ നിയന്ത്രണവുമുള്ളതാണ്. ഇന്ന് ആ നിയന്ത്രണമൊന്നും തന്നെ പാലിക്കുന്നില്ല. അപ്പോഴാണ് യാതൊരു നിയന്ത്രണവുമില്ലാതെ ആറാം വകുപ്പ് കൊണ്ടുവന്ന്, മരം മുറിക്കാൻ വേണ്ടി അനുവാദം നൽകുന്ന ഒരു നിയമം ഇവിടെ കൊണ്ടുവരുന്നത്. ഈട്ടിയും തേക്കും പോലെയുള്ള വിലപിടിപ്പുള്ള മരങ്ങൾ നമ്മുടെ നാട്ടിൽ നിന്നും വെട്ടിമുറിച്ചുകൊണ്ടുപോകാൻ ലൈസൻസ് നൽകും വിധത്തിലായിപ്പോയി ഈ നിയമത്തിന്റെ പൊതുവായിട്ടുള്ള ഘടന എന്ന് പറയാതിരിക്കാൻ കഴിയില്ല. ഈ നിയമം പാസ്സായി കഴിഞ്ഞാൽ ഭാവിയിൽ 1986-ലെ വൃക്ഷസംരക്ഷണ നിയമം നിലവിലില്ലാതാകും. അതുകൊണ്ട് അതീവ ഗൗരവമായ വിധത്തിൽ ചർച്ചയ്ക്ക് വിഷയമാക്കേണ്ടുന്ന ഒരു നിയമമാണ് ഇത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വനം വകുപ്പിന്റെ കർത്തവ്യങ്ങൾ എന്നുപറഞ്ഞ് 5-ാം വകുപ്പിൽ ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ, പഞ്ചായത്ത് ഭൂമിയിൽ, പുറമ്പോക്ക് ഭൂമിയിൽ ഒക്കെ വൃക്ഷം വച്ചുപിടിപ്പിക്കുന്നതിന് സഹായകരമാകുന്ന വനം വകുപ്പിന്റെ കർത്തവ്യങ്ങളാണ് അതിൽ പറയുന്നത്. ഇത് നേരത്തെയുള്ള നിയമത്തിലുണ്ട്. പിന്നെ എന്തിനാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയൊരു പുതിയ നിയമം? ഈയിടെ നമ്മുടെ നാടിനെ ഞെട്ടിപ്പിക്കും വിധത്തിലുള്ള ഒരു വാർത്ത പുറത്തുവന്നു. ഹാരിസൺ മലയാളം പ്ലാന്റേഷൻ, അത് സർക്കാർ പാട്ടത്തിന് കൊടുത്ത ഭൂമിയാണ്. 2000 ഹെക്ടർ ഭൂമി വരും. ഒരു ഹെക്ടറിന് 2 രൂപ തോതിലാണ് ലീസിന് കൊടുത്തത്. അവർ സബ് ലീസിന് കൊടുക്കുകയാണ്. ഒരു ഹെക്ടറിന് അവർ വാങ്ങുന്നത് 10,000 രൂപയാണ്. ലീസിന് കൊടുക്കുമ്പോൾ ഒരു വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥകൾ അവർ ലംഘിച്ചു. വനം വകുപ്പ് കോടതിയിൽ പോയി. വനം വകുപ്പ് കോടതിയായ കോടതിയൊക്കെ കയറിയിറങ്ങി സർക്കാർ ഭൂമി സംരക്ഷിക്കാനും ലീസ് വ്യവസ്ഥ ലംഘിച്ചത് റദ്ദാക്കാനും വേണ്ടി ഇടപെടുമ്പോൾ റവന്യൂ വകുപ്പ് പാരവയ്ക്കുകയാണ്. അതാണ് ഞാൻ നേരത്തെ പറഞ്ഞ പാര. എന്താണ് ഇപ്പോൾ അതിന്റെ സ്ഥിതി? സബ് ലീസിന് കൊടുത്ത സ്ഥലത്ത് പൈനാപ്പിൾ, കപ്പ ഇതെല്ലാം കൃഷി ചെയ്യുകയാണ്. ചാലക്കുടി ഡിവിഷന്റെ കീഴിലാണ് അത്. യഥാർത്ഥത്തിൽ വലിയ തോതിൽ ലാഭമുണ്ടാക്കാൻ വേണ്ടി നടത്തുന്ന പരിശ്രമത്തിന് കൂട്ടുനിൽക്കുകയാണ് അതുകൊണ്ട് സബ് ലീസ് എന്നുപറയുന്ന ഏർപ്പാട് ഒഴിവാക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. ജയരാജൻ ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ശ്രദ്ധയിൽപ്പെടുത്തിയത്. അതായത്, ഒരു രൂപ, രണ്ട് രൂപ നിരക്കിൽ പാട്ടനിരക്ക് നിശ്ചയിച്ച് ദീർഘകാല പാട്ടക്കരാർ വ്യവസ്ഥയിൽ കൊടുക്കുന്ന ഭൂമിയിൽ ഒരു ഏക്കറിന് 10,000 രൂപ വരെ വാങ്ങിയിട്ടാണ് വലിയ തോട്ടം ഉടമകൾ അവിടെ റാഴ, കപ്പ അതുപോലെ പലതരത്തിലുള്ള കൃഷിക്ക് കൊടുക്കുന്നത്. ഇപ്പോൾ ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്, തൃശ്ശൂർ ജില്ലയിലെ ഡി.ഡി.സി. യോഗത്തിൽ ഞാനും ശ്രീ. പോൾസൺ മാസ്റ്ററും, ശ്രീ. ടി. എൻ. പ്രതാപനുമൊക്കെ ഇത് ഉന്നയിക്കുകയും ഇത് നേരിട്ട് പോയി ഇൻസ്പെക്ട് ചെയ്ത് റിപ്പോർട്ട് നൽകണമെന്ന് പറഞ്ഞപ്പോൾ റവന്യൂ വകുപ്പിലെയും ഫോറസ്റ്റ് വകുപ്പിലെയും ഉദ്യോഗസ്ഥൻമാർ പോയി റിപ്പോർട്ട് ചെയ്തത് അങ്ങനെ കൃഷി ചെയ്യുന്നില്ല എന്നായിരുന്നു. പത്രങ്ങളിലൊക്കെ ഇക്കാര്യം പ്രസിദ്ധീകരിച്ചതാണ്. നമ്മുടെ സർക്കാരിന് കിട്ടേണ്ട എത്ര കോടി രൂപയാണ് ഇവർ പറ്റിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ബാബു: സബ് ലീസിന്റെ കാര്യം പറഞ്ഞതുകൊണ്ട് ഒരു കാര്യം ചോദിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം അതായത് വൈറ്റില പ്രദേശം അവിടെ രാജേന്ദ്രന്റെ പാർട്ടിയുടെ നേതാവായിരുന്നു ചെയർമാൻ, സി.പി.എം.-ന്റെ ഡയറക്ടർ ബോർഡ് മെമ്പറായിരുന്നു, നിങ്ങളുടെ ഗവൺമെന്റായിരുന്നു. വാനില കൃഷിക്ക് ആയിരക്കണക്കിന് ഏക്കർ സ്ഥലം നിയമവിരുദ്ധമായിട്ട് സബ് ലീസിന് കൊടുത്തു. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ..... (ബഹളം) ..... ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയാം, നിങ്ങളുടെ ചെയർമാൻ ചിത്രഭാനു, ഇവരുടെ പാർട്ടിയുടെ സി.ഐ.റ്റി.യു. നേതാവ്, നിങ്ങളുടെ ഡയറക്ടർ ബോർഡ് മെമ്പർ ശ്രീ. ഉണ്ണികൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾ ഇരിക്കുമ്പോൾ വാനില കൃഷിക്കാർക്ക് പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് കിട്ടിയ സ്ഥലം സബ് ലീസിന് അനധികൃതമായി കൊടുത്തു. അത് വലിയ നിയമപ്രശ്നമായിരിക്കുകയാണ്. ഇക്കാര്യം അറിയുമോ?

ശ്രീ. എം. വി. ജയരാജൻ: വായിൽ തോന്നിയത് കോതയ്ക്ക് പാട്ട് എന്നപോലെ പറയരുത്. ശ്രീ. ബാബു കാര്യം എന്താണെന്ന് തിരക്കിയിട്ടില്ല. കാട് എന്താണെന്ന് മനസ്സിലായിട്ടില്ല. കാടറിയുന്ന ശ്രീ. മണി പറയട്ടെ.

ശ്രീ. എ. കെ. മണി: സർ, അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായ ഒരു ഭാഗമാണ്. ലീസിനെ സംബന്ധിച്ച് മണിയും മാണിയുടെ കാര്യവും പറഞ്ഞതു കൊണ്ടാണ്. ലീസിനെ സംബന്ധിച്ചിടത്തോളം മണി വേണമെന്നുള്ളതാണ്. ലീസിന് അമെന്റുമെന്റ് കൊണ്ടുവരാൻ വേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റവന്യു വകുപ്പു മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ഇസ്മയിൽ ഈ ബിൽ കൊണ്ടുവരാൻവേണ്ടി ഞങ്ങൾ ഒരുപാട് ശ്രമിച്ചതാണ്. അന്ന് ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രനും ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട ഇസ്മയിൽ മന്ത്രിയായിരിക്കുമ്പോഴാണ് ഈ ബിൽ കൊണ്ടുവരാൻ വേണ്ടി ലീസ് അമെന്റ്മെൻറ് കൊണ്ടുവരാൻ ശ്രമിച്ചത്. യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. ഇപ്പോൾ ശ്രീ. കെ. എം. മാണിസാർ അതിനുവേണ്ടി, ലാന്റ് റിഫോംസ് ബിൽ കൊണ്ടുവരാൻ നേരത്താണ് അദ്ദേഹത്തെ ഇങ്ങനെ തടസ്സപ്പെടുത്തുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട കെ. ബാബു സത്യവിരുദ്ധമായ ഒരു കാര്യം ഇവിടെ പറഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടൊപ്പം ആ വാനില കൃഷി കാണാൻ പോയ ഒരു പൊതു പ്രവർത്തകനാണ് ഞാൻ. അവിടെ ചെന്നപ്പോൾ മനസ്സിലായത്, ഭരണകക്ഷിയിൽപെട്ട ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവാണ് ആ കോർപ്പറേഷന്റെ ചെയർമാൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് സബ്‌ലീസിന് കൊടുത്തിരിക്കുന്നത്. അവിടെ വാനില കൃഷികണ്ടു. അതൊക്കെ കഴിഞ്ഞു റിസോർട്ടിൽ ചെന്നപ്പോൾ ഉദ്യോഗസ്ഥന്മാർ പറഞ്ഞത് ഈ സ്ഥലം കണ്ടപ്പോൾ വകുപ്പുമന്ത്രി ബർമുഡയിട്ടുകൊണ്ട് അതിലെ ചാടി ഓടുകയായിരുന്നു എന്നാണ്. ഈ സർക്കാരിലെ ഒരു മന്ത്രി ..... എന്നിട്ട് അതും ഇടതുപക്ഷത്തിന്റെ തലയിൽ വയ്ക്കണമോ?

ശ്രീ. എം. വി. ജയരാജൻ: സർ, വെള്ളവും കാടും പ്രകൃതി വിഭവങ്ങളാണ്. സമൂഹത്തിന്റെ ഒരു പൊതുസ്വത്താണ്. അവ സംരക്ഷിക്കുകതന്നെ വേണം. പ്രകൃതി വിഭവമായ കുടിവെള്ളം വില്പനചരക്കാക്കാൻ ഇടയാക്കുന്ന നയം നമ്മുടെ ഭരണാധികാരികൾ സ്വീകരിച്ചതിന്റെ ദുരന്തമാണ് കേരളീയർ ഇപ്പോൾ അനുഭവിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത്തരം ഒരു പരിശോധനയിൽ നമ്മുടെ ബില്ലിലെ ആറാം ക്ലാസ്, അത് മാറ്റണം. ഫോറസ്റ്റ് റെയിഞ്ച് ആഫീസർമാരുടെ മുമ്പാകെ ഇയാൾ ഒരു പ്രതിജ്ഞാപത്രം കൊടുത്താൽ മതി എന്നു പറയുന്ന കേവലമായ ഒരു വ്യവസ്ഥ മാറ്റുക തന്നെ വേണം. അതു മാത്രമല്ല ഒമ്പതാം വകുപ്പിൽ മറ്റൊരു കാര്യം പറയുന്നത് തടി കടത്തിക്കൊണ്ടുപോകാൻ വാഹനങ്ങൾ ഉപയോഗിച്ചാൽ അത് പിടിച്ചെടുക്കാനുള്ള വ്യവസ്ഥയാണ്. പക്ഷേ ഫോറസ്റ്റ് ഡിവിഷൻ ആഫീസർക്ക് ബോധ്യം വന്നാൽ വിട്ടുകൊടുക്കാം എന്നുള്ള വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കുന്നുണ്ട് എന്നു ഞാൻ കരുതുകയാണ്. അപ്പോൾ പിടിച്ചെടുക്കാൻ ഒരു ഭാഗത്തു പറയുക. അയാൾക്ക് സ്വയം ബോധ്യം വന്നാൽ വിട്ടുകൊടുക്കാൻ മറ്റൊരു ഭാഗത്ത് പറയുക. അപ്പോൾ ഫലത്തിൽ പിടിച്ചു എടുക്കൽ ഉണ്ടാവുകയില്ല. പത്താം വകുപ്പിൽ പറയുന്നത് ഇനി സ്വയം ബോധ്യമായിട്ട് വാഹനങ്ങൾ പിടിച്ചെടുത്താൽ തന്നെ ബോണ്ട് എഴുതി വാങ്ങി വാഹനം വിട്ടു കൊടുക്കും. എത്ര ഉദാരമാണ് ഈ വ്യവസ്ഥകൾ. ഇതിൽ ഒരു പീനൽ പ്രൊവിഷൻ പറയുന്നുണ്ട്. കളവായി പ്രതിജ്ഞാപത്രം ഒപ്പിട്ടു കൊടുത്താൽ ആകെ 2000 രൂപയാണ് പിഴ. ഇപ്പോൾ തടിയുടെ വില എത്രയാണ്? ഇവിടെ നേരത്തെ പറഞ്ഞു സബ് ലീസിന് കൊടുത്തകാര്യം. സർക്കാരിൽ നിന്നു 2 രൂപ നിരക്കിൽ ഭൂമി വാങ്ങി സബ് ലീസിന് കൊടുത്താൽ ആ ഭൂമി ഇടപാടിൽ 200 കോടി രൂപ സമാഹരിക്കുന്നവർ ഈ തടി കടത്തിക്കൊണ്ടു പോകുന്നതിന് നിങ്ങൾ ഒരു 2000 രൂപ പിഴ ഇട്ടാൽ ആ 2000 രൂപ നമ്മുടെ നാട് അടക്കി ഭരിക്കുന്ന വനം മാഫിയകൾക്ക് വലിയ ശിക്ഷയാകുമോ? ഹൈക്കോടതി തന്നെ പറഞ്ഞു ഒരു മന്ത്രിയെക്കുറിച്ച് വനം കൊള്ളക്കാർ പറഞ്ഞാൽ എന്തും ചെയ്തു കൊടുക്കുന്ന മന്ത്രിയാണ്, ഈ നാട്ടിലെ മന്ത്രിയെന്നു പറയുന്ന സ്ഥിതിയിലേക്ക് എത്തിയ, വനം കൊള്ളക്കാർക്ക് സഹായം ചെയ്തു കൊടുക്കുന്ന വ്യവസ്ഥകളാണ് ഇതിൽ ഓരോന്നും. അതുകൊണ്ടാണ് ഞാൻ ഈ നിയമത്തെ എതിർക്കുന്നത്. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

[ചെയറിൽ മി. സ്പീക്കർ]

ശ്രീ. സി. മോയിൻകുട്ടി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ബഹുമാനപ്പെട്ട എം. വി. ജയരാജൻ ക്ഷമിക്കണം. കുരുടൻ ആനയെ കണ്ടതു പോലെയാണ് ഈ ബില്ലിനെ ബഹുമാനപ്പെട്ട ജയരാജൻ വിശേഷിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്മേലുള്ള ചർച്ച ഒരു ഫോറസ്റ്റ് ഡിമാന്റിന്മേലുള്ള ചർച്ചയാക്കി മാറ്റി ഫോറസ്റ്റ് കൈയ്യേറ്റങ്ങളെ സംബന്ധിച്ചിടത്തോളമായി. ഫോറസ്റ്റിലെ തടി വെട്ടിപ്പിനെപ്പറ്റിയായി. ഈ ബിൽ എന്നു പറയുന്നതിൽ രണ്ട് അംശങ്ങളാണുള്ളത്. ഒരു അംശമെന്നു പറയുന്നത് പുറംപോക്ക് ഭൂമിയിൽ നിന്നു തടി വെട്ടുന്നതല്ല. പഞ്ചായത്ത് ഭൂമിയിൽ നിന്നു തടി വെട്ടുകയല്ല. മുനിസിപ്പാലിറ്റി ഭൂമിയിൽ നിന്നു തടി വെട്ടുകയല്ല. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അപ്ലൈ ചെയ്യുന്ന സ്ഥലത്തെ തടിവെട്ടുകയല്ല. ഇത് തടി വെട്ടുക എന്നു പറയുന്നത് സ്വകാര്യ ഭൂമിയിലെ റബ്ബർ മരം വെട്ടുന്നതുപോലെ സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന അവനവന്റെ സ്വത്ത് അത് എൻജോയ് ചെയ്യാൻ ഭരണഘടന അനുസരിച്ച് ആളിന് അവകാശമുണ്ട്. ആ സ്വകാര്യസ്വത്തിനെ സംബന്ധിച്ചിടത്തോളം അവിടെ അയാൾക്ക് ആ മരം മുറിക്കാനായിട്ടുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കേ, പണ്ടൊരു നിയമത്തിൽ ആ സ്വാതന്ത്ര്യം എടുത്തു കളഞ്ഞു. അത് ഫോറസ്റ്റ് വച്ചുപിടിപ്പിക്കുവാൻ അല്ലെങ്കിൽ വനേതര ശ്രമങ്ങൾക്ക് തടസ്സം ഉണ്ടാക്കുന്നു അത് മാറ്റുകയാണെങ്കിൽ കൂടുതൽ മരങ്ങൾ ജനങ്ങൾ വച്ചുപിടിപ്പിക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആറാം വകുപ്പ് അനുസരിച്ച് സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ വെട്ടാൻ അതും ചന്ദനം ഒഴിച്ചുള്ള മരങ്ങൾ വെട്ടാൻ സ്വാതന്ത്ര്യം നൽകുകയാണ്. അതിനു ഒരു തെറ്റുമില്ല. അത് നിങ്ങളുടേതാണെങ്കിൽ ഒരു തെറ്റുമില്ല. കൃഷിക്കാരെ സഹായിക്കണം എന്ന നിലപാട് നിങ്ങൾക്ക് ഇല്ലായെന്നു ഉണ്ടെങ്കിൽ അഭിപ്രായ വ്യത്യാസം പൊളിറ്റിക്കലാണ്. അതിനോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയുകയില്ല. ഇത് നിയമ പരിഷ്ക്കരണകമ്മിറ്റി വികസന സൗഹൃദമായി നിയമങ്ങൾ മാറ്റണം, ഈ തടസ്സം മാറുന്നുവെങ്കിൽ സ്വകാര്യ ഭൂമിയിൽ ധാരാളം മരങ്ങൾ വച്ചുപിടിപ്പിക്കാൻ ഒരു ഇൻസിഡന്റാവും എന്നുള്ള നിലയ്ക്കാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. മറ്റൊരു മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, 1980–ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് ഇടുക്കിയിലെ പട്ടയം കൊടുത്തിരിക്കുന്ന ഭൂമിയിൽ നിൽക്കുന്ന മരങ്ങൾപോലും വെട്ടുകയില്ലേ എന്ന്, ഇതിനകത്ത് വ്യക്തമായിട്ട് പറയുന്നുണ്ട്. ആറാം ക്ലാസിലെ പ്രൊവൈസോയിൽ 'എന്നാൽ, ഈ വകുപ്പിന് കീഴിലുള്ള വ്യവസ്ഥ അങ്ങനെയുള്ള ഭൂമി നൽകുന്ന സമയത്ത് സർക്കാർ റിസർവ്വ് ചെയ്തിട്ടുള്ള വൃക്ഷങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിനോ 1986–ലെ കേരള വനസംരക്ഷണ ആക്ടിന്റെ (1986–ലെ 35) 5–ാം വകുപ്പിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ നിൽക്കുന്ന വൃക്ഷങ്ങൾക്കോ ബാധകമാകുന്നതല്ല'. അത്രയും ക്ലിയറായിട്ടാണ്. യാതൊരു റിസർവ്വേഷനും ഇല്ലാതെ പരിപൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി അനുഭവിക്കുന്ന സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ ചന്ദനമൊഴിച്ചുള്ള മരങ്ങൾ വെട്ടുന്നതിനു മാത്രമെ ഈ നിയമത്തിൽ വ്യവസ്ഥയുള്ളൂ. അതുകൊണ്ട് ഇവിടെ പറയുന്ന ആശങ്കകളൊക്കെ അസ്ഥാനത്താണ്. അതുകൊണ്ട് ഞാൻ അതേപ്പറ്റി പറയേണ്ട കാര്യമില്ല. രണ്ടാമതായി പറയുന്നത് വനവൽക്കരണമാണ്. വനവൽക്കരണത്തെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുള്ളത് പുറമ്പോക്കിൽ മരം വയ്ക്കാൻ സ്വകാര്യ വ്യക്തികളെ അനുവദിക്കുന്നില്ല. പഞ്ചായത്തിനാണ് ഭരണഘടനയനുസരിച്ച് പുറമ്പോക്കിൽ സ്വകാര്യ വനവൽക്കരണം നടത്താൻ അധികാരം കൊടുത്തിരിക്കുന്നത്. അവിടെ മരം വച്ചുപിടിപ്പിക്കാൻ പഞ്ചായത്തിനെ സഹായിക്കുകയാണ്, പ്രമോഷൻ ഓഫ് ട്രീ ഗ്രോത്തിന് പഞ്ചായത്ത് പ്രദേശത്ത് പഞ്ചായത്തിനെ ഗവൺമെന്റ് സഹായിക്കുന്നു. അങ്ങനെയുള്ള സ്കീമുകൾക്ക് പ്രോൽസാഹനം നൽകുന്നു. അത് നൽകാം എന്നു മാത്രമാണ് ഇതിനകത്ത് പറയുന്നത്. ക്ലോസ് 4 (എ) യിൽ പഞ്ചായത്തുകളെയാണ് ഈ റവന വൽക്കരണത്തിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത്, ഉത്തരവാദപ്പെടുത്തിയിരിക്കുന്നത്. അല്ലാതെ റവന്യൂ അല്ല. അതുപോലെ തന്നെ 6 (3) അനുസരിച്ച് അവിടെ നിൽക്കുന്ന മരങ്ങൾ വെട്ടാൻ സ്വാതന്ത്ര്യം നൽകുന്നില്ല, നിയന്ത്രിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

ശ്രീ. പി. ജയരാജൻ: സർ, നേരത്തെ വനം വകുപ്പു ലീസിനു കൊടുത്ത ഭൂമിയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്. ആ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വനം വകുപ്പിൽ നിന്നു ലീസിനു കൊടുത്തിട്ടുള്ള ഭൂമിയും വ്യക്തികൾക്ക് ലീസിന് കിട്ടിയിട്ടുള്ള ഭൂമിയുമുണ്ട്. ഫോറസ്റ്റ് പരിധിയുടെ അടുത്തുതന്നെ വ്യക്തികൾക്ക് ലീസായി കൊടുത്ത ഭൂമിയുണ്ട്. ആ ഭൂമിക്ക് അകത്ത് മരം വച്ചുപിടിപ്പിക്കാനും മുറിക്കാനുമുള്ള അധികാരം ഈ നിയമപ്രകാരം ലഭിക്കുന്നില്ലേ എന്നതാണ് എന്റെ സംശയം.

ശ്രീ. കെ. എം. മാണി: അങ്ങനെയല്ല. ലീസിനു കൊടുത്ത ഭൂമിയിൽ മരംവച്ചാൽ ആർക്കെങ്കിലും വെട്ടാൻ പറ്റുമോ? Absolute title ഉള്ള സ്വകാര്യ ഭൂമിയിൽ അല്ലാതെ ലീസിന് കിട്ടിയ ഭൂമിയിൽ മരംവച്ചാൽ ആർക്കെങ്കിലും വെട്ടാനൊക്കുമോ? Absolute title ഉള്ള ഭൂമിയിൽ നില്ക്കുന്ന മരങ്ങളേ വെട്ടാൻ ഒക്കുകയുള്ളൂ. ഇങ്ങനെയാണെങ്കിൽപ്പോലും ഇടുക്കിയിലൊക്കെ പട്ടയം കൊടുത്തിരിക്കുന്ന ഭൂമിയിൽ ഗവൺമെന്റ് സി.എച്ച്.ആർ. ഭൂമി റിസർവ് ചെയ്തിട്ടുണ്ട്. തടിവെട്ടാൻ പാടില്ലായെന്ന് ഗവൺമെന്റ് റിസർവ് ചെയ്തിട്ടുണ്ട്. അങ്ങനെ ഏതെങ്കിലും നിയമത്തിൽ റിസർവ് ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് പട്ടയം ഉണ്ടെങ്കിൽപ്പോലും വെട്ടാൻ പറ്റുകയില്ല. ഇത്ര ക്ലിയറായിട്ടുള്ള റസ്ട്രിക്ഷനോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത് എന്നു മാത്രമല്ല ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞ anxiety-ക്ക് ഒരു ആവശ്യവുമില്ല. 6-ാം വകുപ്പിലെ രണ്ടാം proviso അനുസരിച്ച് വനത്തിന്റെ അതിർത്തിയിൽ നിന്ന് അഞ്ച് കിലോമീറ്റർ കഴിഞ്ഞിട്ട്, അഞ്ചു കിലോമീറ്ററിനകത്താണ് സ്വകാര്യഭൂമി എന്നുണ്ടെങ്കിൽ absolute title ഉണ്ടെങ്കിൽപ്പോലും അവിടെ മരം വെട്ടുന്നതിന് സ്വാതന്ത്ര്യം നിയന്ത്രിച്ചിരിക്കുകയാണ്. അവിടെ കൊടുക്കുന്നില്ല. അഞ്ചു കിലോമീറ്റർ കഴിഞ്ഞുള്ള സ്ഥലങ്ങളെ സംബന്ധിച്ചു മാത്രമേ വനേതര ഭൂമിയായി കണ്ട് ഈ നിർവ്വചനത്തിൽ

2.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നിരിക്കുന്നുള്ളൂ. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ഒരു apprehension-ന്റേയും ആവശ്യമില്ല. പിന്നീട് ഇതിനകത്ത് ആവശ്യമായ നിയന്ത്രണങ്ങൾ ഉണ്ട്. സ്വകാര്യ ഭൂമിയിൽ നില്ക്കുന്ന മരങ്ങൾ വെട്ടിയിട്ടുകൊണ്ടുപോകുവാൻ സത്യത്തിൽ ആരുടേയും ചീട്ട് ആവശ്യമില്ല; ഒരു പാസ് ആവശ്യമില്ല. പക്ഷേ ഒരു വ്യവസ്ഥിതിയിൽ നിന്നും അടുത്ത വ്യവസ്ഥിതിയിലേക്കു വരുമ്പോൾ ഒരുപാട് anxiety വരുകയാണ്. ഇപ്പോൾ ഇവിടെ ഉണ്ടായ anxiety പോലെതന്നെ ആ anxiety വരുന്നതുകൊണ്ട് ഞാനുംകൂടി അങ്ങ് സമ്മതിച്ചുകൊടുത്തു. സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന മരമാണെങ്കിൽ അത് കൊണ്ടുപോകുവാൻ ഒരു പാസ് കൊണ്ടുപോയി വെട്ടുമ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് റേഞ്ചറോട് ഒന്നു ചോദിക്കാം. അനുവാദം വേണ്ട. രജിസ്റ്റർഡ് ആയിട്ടുള്ള ഒരു എഴുത്ത് അയയ്ക്കാം. ഒരു സത്യവാങ്മൂലംപോലെ, എന്റെ ഭൂമിയിൽ ഇന്ന സർവ്വേ നമ്പറിൽ നില്ക്കുന്ന ഇന്ന മരം ഞാൻ വെട്ടാൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞുകൊണ്ട് രജിസ്റ്റേർഡ് ആയിട്ടുള്ള ഒരു എഴുത്ത് ഫോറസ്റ്റ് റേഞ്ചർക്ക് അയയ്ക്കുക. അത് acknowledgement കിട്ടും. ഇരുപതു ദിവസത്തിനകം മറുപടിയൊന്നും കിട്ടുന്നില്ലായെങ്കിൽ അത് കിട്ടിയതായിട്ട് പരിഗണിക്കുന്നു. എന്തിനു വേണ്ടിയാണ്? ആ നിയന്ത്രണംപോലും ഇക്കാര്യത്തിൽ ആവശ്യമില്ലെങ്കിൽപ്പോലും അറിഞ്ഞുകൊണ്ട് ഒരു പിഴവുവേണ്ട, ഇനി ആർക്കെങ്കിലും എന്തെങ്കിലും സംശയമുണ്ടെങ്കിൽ ആ സംശയത്തിനുപോലും ഒരു മറുപടി എന്നുള്ള നിലയിൽ, അറിഞ്ഞുകൊണ്ടുതന്നെ അപ്രകാരം ഒരു നിയന്ത്രണം നിലനിർത്തിക്കൊണ്ടാണ് ഇപ്പോൾ സ്വകാര്യഭൂമിയിൽ തടിവെട്ടാനായിട്ട് അനുമതി കൊടുക്കുന്നത്. അതുകൊണ്ട് വളരെ careful ആയിട്ടാണ് ഇത് കൈകാര്യം ചെയ്തിരിക്കുന്നത്. അതുപോലെതന്നെ ട്രീ ഗ്രോത്തിനെ സംബന്ധിച്ചിടത്തോളം ഇത് ഗവൺമെന്റും പഞ്ചായത്തുകളും സാമൂഹ്യ സാംസ്ക്കാരിക സംഘടനകളുമെല്ലാം കൂടിച്ചേർന്നുകൊണ്ട് വനവൽക്കരണം നമ്മുടെ സംസ്ഥാനത്ത് നടത്തണം. കൂടുതൽ വനം ഉണ്ടാകണം. വനം ഉണ്ടാകണമെങ്കിൽ റിസർവ്വ് ഫോറസ്റ്റിൽ മാത്രമല്ല, സ്വകാര്യ ഭൂമിയിലും വനവൽക്കരണം നടത്തണം. ആ സ്വകാര്യ ഭൂമിയിലുംകൂടി സാമൂഹ്യ വനവൽക്കരണം ഉണ്ടായാലേ നമുക്ക് ഇതുകൊണ്ട് ഒരു പ്രയോജനമുണ്ടാകൂ. അതുകൊണ്ട് ഭാവി എൻവയൺമെന്റിന്റെ സംരക്ഷണംകൂടി മനസ്സിൽ വച്ചുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. അതുപോലെതന്നെ നമ്മുടെ ഈ കോൺസ്റ്റിറ്റ്യൂഷൻ സംബന്ധിച്ച് ഒരു കാര്യം പറയാനുള്ളത്, കോൺസ്റ്റിറ്റ്യൂഷനിൽ അമെന്റ്മെന്റ് കൊണ്ടുവന്നിട്ടുണ്ട്. ആ അമെന്റ്മെന്റ് അനുസരിച്ച് സോഷ്യൽ ഫോറസ്ട്രിയൊക്കെ പഞ്ചായത്തിനു കൊടുത്തിരിക്കുന്ന വിഷയങ്ങളാണ്. 73, 74 ഭരണഘടനാ ഭേദഗതി അനുസരിച്ച് പതിനൊന്നാമത്തെ ഷെഡ്യൂളിലെ ഐറ്റം 6, 7, 12, 12(8) ഇവയെല്ലാം social forestry, minor forest produce, fuel fodder, urban forestry ഇതൊക്കെ പഞ്ചായത്തിനു കൊടുത്തിരിക്കുന്ന വിഷയങ്ങളാണ്. 243(ജി)-യിൽ പറയുന്നുണ്ട്. പഞ്ചായത്തിനു കൊടുത്ത വിഷയങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് transition period-ൽ അവരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുന്നതിനും പ്രാപ്തരാക്കുന്നതിനും വേണ്ട നടപടികൾ നിയമ നിർമ്മാണങ്ങളും ചട്ടങ്ങളുമെല്ലാം ഗവൺമെന്റ് ഉണ്ടാക്കി കൊടുക്കേണ്ടതാണെന്ന് 243(ജി)-യിൽ വരെ പ്രതിപാദിച്ചതുപോലെ ഭരണഘടനാപരമായി പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുറമ്പോക്ക് ഭൂമിയിൽ നമ്മൾ ചെയ്യാൻ പോകുന്നത്, പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള സോഷ്യൽ ഫോറസ്ട്രി, ആ അവകാശം, ആ അധികാരം അവരെക്കൊണ്ട് വിനിയോഗിപ്പിക്കുവാൻ ഗവൺമെന്റ് സഹായിക്കുകയാണ്. അത് വിനിയോഗിപ്പിക്കുവാൻ ഉത്തേജനം കൊടുക്കുകയാണ്. വാസ്തവത്തിൽ 243(ജി)-ൽ പ്രഖ്യാപിച്ചിട്ടുള്ള ഭരണഘടനാപരമായ ലക്ഷ്യം പഞ്ചായത്ത് കൈകാര്യം ചെയ്യേണ്ട സോഷ്യൽ ഫോറസ്ട്രി, അതിന് അവരെ നമ്മൾ പ്രാപ്തരാക്കുന്ന ഒരു നിയമനിർമ്മാണംകൂടിയാണ് ഇതെന്ന് വിശേഷിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, മിനിസ്റ്റർ പറഞ്ഞ കൂട്ടത്തിൽ forest-ലെ ഉദ്യോഗസ്ഥർക്ക് ജസ്റ്റ് ഒരു കത്തയച്ചാൽ acknowledge ചെയ്തില്ലെങ്കിൽ കൊണ്ടുപോകാം. ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ വരുന്നുണ്ട്. അങ്ങ് ഇറിടെ പറഞ്ഞത് ശരിയല്ല എന്ന് ഞാൻ ക്ലാസ് ബൈ ക്ലാസ് ഡിസ്കഷനിൽ പറയാം. ജനറൽ സ്റ്റേറ്റുമെന്റ് വന്നപ്പോൾ ആ പറഞ്ഞ പരാമർശം ശരിയല്ല. ക്ലാസ് ബൈ ക്ലാസിനകത്ത് വളരെ സ്പെസിഫിക് ആണ്, എന്തുകൊണ്ട് അങ്ങനെ ചെയ്യണം; അത് ചെയ്തില്ല എങ്കിൽ എന്ത് എന്നൊക്കെ അതിൽ പറയുന്നുണ്ട്.

ശ്രീ. കെ. എം. മാണി: ക്ലാസ് ബൈ ക്ലാസ് ആകുമ്പോൾ ക്ലാസ് ബൈ ക്ലാസ് ആയിട്ട് ഞാൻ ഉത്തരം പറയാം. അത് അന്നേരം പറഞ്ഞാൽ മതി. അത് നമുക്ക് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. അപ്പോൾ അന്നേരം ഉത്തരം പറയാം. ഞാൻ പറഞ്ഞതു ശരിതന്നെ. എഴുത്തയച്ച് ഇരുപതു ദിവസത്തിനകം അവിടെനിന്നും അതിനുള്ള മറുപടി ലഭിക്കുന്നില്ല എങ്കിൽ ആ എഴുത്ത് അവിടെ കിട്ടിയതായിട്ടും, അവർക്ക് കിട്ടിയതായിട്ടുള്ള അതിന്റെ പ്രൂഫാണിത്.

മി. സ്പീക്കർ: ക്ലാസ് ബൈ ക്ലാസ് പോരേ?

ശ്രീ. സി. മോയിൻകുട്ടി: പുറമ്പോക്കുകളിൽ ധാരാളമായി കോടിക്കണക്കിനു രൂപയുടെ മരം നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ കാരണം കട്ടിംഗ് പെർമിറ്റ് കിട്ടുവാനുള്ള താമസം, വിലനിർണ്ണയത്തിലുള്ള വ്യത്യാസം തുടങ്ങിയവയുടെ അനാസ്ഥ ഇതൊക്കെയാണ്. ഇതിന്റെ ഫലമായി കോടിക്കണക്കിനു രൂപയുടെ പൊതുമുതൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ പരസ്യമായി, സുതാര്യമായി പേപ്പർ പരസ്യം നല്കിക്കൊണ്ട് ലേലം ചെയ്ത് പൊതു ഖജനാവിലേക്ക് മുതൽകൂട്ടുവാനുള്ള എന്തെങ്കിലും സംവിധാനം വളരെ പെട്ടെന്ന് അങ്ങ് അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: രണ്ടും രണ്ടു വിഷയമാണ്.

മി. സ്പീക്കർ: Minister you have already concluded. ഇനി ക്ലാസ് ബൈ ക്ലാസ് പോരേ?

ശ്രീ. കെ. എം. മാണി: മതി. ഒറ്റ വാക്കേ ഉള്ളൂ. Forests Act, Ecologically Fragile Act, 86-ലെ Preservation of Forests Act അതുപോലെതന്നെ Scheduled Tribes-നൊക്കെ അസൈൻ ചെയ്ത് കൊടുത്തിരിക്കുന്ന റൂൾ ഇതിലൊക്കെ പറയുന്ന ഭൂമിയൊന്നും ഇതിൽപ്പെടുന്നില്ല, ഇതിൽപ്പെടാത്ത ഭൂമിയാണ് നമ്മളിപ്പോൾ കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് ഫോറസ്റ്റുമായി ബന്ധമുള്ള യാതൊരു ഭൂമിയും ഇതിനകത്തില്ല. സംസാരിച്ചു സംസാരിച്ച് ഇതെല്ലാം ഫോറസ്റ്റിന്റെ ഭൂമി, ഫോറസ്റ്റ് വെട്ടാൻ പോകുകയാണ്, തടി നശിപ്പിക്കുവാൻ പോകുകയാണ് എന്നൊക്കെ പറഞ്ഞു പറഞ്ഞ് അങ്ങനെ ആക്കരുത്. ഫോറസ്റ്റുമായി ബന്ധമുള്ള യാതൊന്നുമില്ല. ഫോറസ്റ്റുമായി ബന്ധമുള്ള മുഴുവൻ നിയമങ്ങളുടേയും പുറത്ത് absolute title ഉള്ള സ്വകാര്യ ഭൂമിയിൽനിന്നു മാത്രമേ തടിവെട്ടുന്നതിന് അനുമതി നൽകുന്നുള്ളൂ. അതും ചില നിയന്ത്രണങ്ങൾക്കു വിധേയമായിട്ടാണ്. ബാക്കി മുഴുവൻ സാമൂഹ്യ വനവത്കരണത്തിനുവേണ്ടിയുള്ള നല്ല വ്യവസ്ഥകളാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, നിലവിൽ മരം മുറിക്കുവാൻ ഒരു പെർമിഷന്റെ ആവശ്യമില്ലെന്നാണ്. മരം മുറിച്ചുകൊണ്ടു പോകുന്നതിന് പെർമിഷൻ ഇല്ലെങ്കിൽ മരം മുറിച്ചുകൊണ്ടു പോകുവാൻ കഴിയുകയില്ല. അങ്ങനെ മരം മുറിച്ചുകൊണ്ടു പോകുന്നതിൽ നിരവധി കേസ്സുകളെടുത്തിട്ടുണ്ട്. അപ്പോൾ വ്യക്തമായ നിയമം ഇപ്പോൾത്തന്നെ ഉള്ളതുകൊണ്ട് മറ്റൊരു നിയമത്തിന്റെ ആവശ്യമുണ്ടോ?

ശ്രീ. കെ. എം. മാണി: ഇപ്പോൾ നിയമമുണ്ട്. സ്വകാര്യ ഭൂമിയിൽ നില്ക്കുന്ന പത്തിനം മരങ്ങൾ മുറിക്കണമെങ്കിൽ ഫോറസ്റ്റിന്റെ അനുമതി വേണം എന്നുള്ളതാണ് നിലവിലുള്ള നിയമം. അതുമാറ്റി ചന്ദനമൊഴിച്ച് മറ്റേതു മരങ്ങളും സ്വകാര്യ ഭൂമിയിലുണ്ടെങ്കിൽ, absolute title ഉള്ള സ്വകാര്യ ഭൂമിയിലാണെന്നുണ്ടെങ്കിൽ അനുവാദം വേണ്ട; ചന്ദനം ഒഴിച്ചുള്ളത്. ആ നിയമത്തിൽനിന്നും ഒരു ഡീവിയേഷനാണ് വരുത്തുന്നത്.

മി. സ്പീക്കർ: ശ്രീ. ജയരാജൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജയരാജൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള വനേതരപ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. എ. സി. ഷൺമുഖദാസ്: ഞാൻ 140, 148, 154, 156, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(140) ഖണ്ഡം 2(ബി) യിൽ ഒരു "മുനിസിപ്പാലിറ്റിയെന്നോ" എന്നതിനുശേഷം "കോർപ്പറേഷനെന്നോ" എന്നു കൂടി ചേർക്കേണ്ടതാണ്.

(148) ഖണ്ഡം 2(സി) യിൽ "വിലയ്ക്ക് വാങ്ങിയിട്ടുള്ളതോ" ആയ ഭൂമിയും എന്നതിനുശേഷം "ഗവൺമെന്റിന്റെ അധീനതയിലുള്ള ഭൂമിയും" എന്നു കൂടി ചേർക്കേണ്ടതാണ്.

(154) ഖണ്ഡം 2(ഇ) യിൽ "വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം" എന്നതിനുപകരം "നിർദ്ദേശിക്കപ്പെട്ട" എന്നു ചേർക്കുക.

(156) ഖണ്ഡം 2(ഇ) യിൽ "ഇബണി (ബയോസ്ഫൈറസ്)" എന്നതിനുശേഷം "മാവ്, പ്ലാവ്" എന്നു ചേർക്കേണ്ടതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: ഞാൻ 141, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(141) ഖണ്ഡം 2(സി)യിൽ "സ്വകാര്യഭൂമിയും" എന്നതിനുപകരം "പൊതുവായ ഭൂമിയും" എന്നു ചേർക്കേണ്ടതാണ്.

(157) വകുപ്പ് 2(ജി) യിൽ 'ഏതെങ്കിലും' എന്ന വാക്കിനു മുമ്പായി 'മൂന്നു മീറ്ററിൽ കൂടുതൽ നീളമുള്ള' എന്ന വാക്കുകൾ കൂടി ചേർക്കേണ്ടതാണ്.

2 (സി) യിൽ പറയുന്നതുപ്രകാരം സ്വകാര്യ ഭൂമിയിൽക്കൂടി മരം വച്ചുപിടിപ്പിക്കുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണ്. ഇത് ഞാൻ നേരത്തേ പറഞ്ഞ രൂപത്തിൽ വലിയ അപകടം നമ്മുടെ വനഭൂമിക്ക് ഉണ്ടാക്കുവാൻ പോകുകയാണ്. 'വനേതര ഭൂമി' അതിന്റെ ഡെഫനിഷൻ, വനേതര ഭൂമി എന്നാൽ എല്ലാ പൊതുവായ ഭൂമിയും. സ്വകാര്യ ഭൂമി ഒഴിവാക്കി എല്ലാ പൊതുവായ ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതോ കൈമാറ്റമായി കിട്ടിയിട്ടുള്ളതോ ആയ രൂപത്തിൽ മാറ്റണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുപോലെ മറ്റൊന്ന് മരത്തെ സംബന്ധിച്ച് ഒരു നിർവ്വചനം. അതിൽ ഇങ്ങനെയാണ് പറയുന്നത്. വൃക്ഷം എന്നാൽ ഫലങ്ങൾ വഹിക്കുന്നതോ വഹിക്കാത്തതോ ആയ ഏതെങ്കിലും തടിയുള്ള വൃക്ഷം എന്ന് അർത്ഥമാകുന്നു. അതിൽ മുള ഉൾപ്പെടുന്നതുമാകുന്നുവെന്നാണ് പറയുന്നത്. ഇങ്ങനെ വൃക്ഷത്തെ സംബന്ധിച്ച് ഡെഫനിഷൻ കൊടുക്കുവാൻ കഴിയുകയില്ല. പൂക്കുന്നതോ കായ്ക്കുന്നതോ ആയതിനുമാത്രം മരമെന്നു പറയാൻ കഴിയുകയില്ല. അതിനു കൃത്യമായ ഡെഫനിഷൻ വേണം. അതും ഒരു പത്തടി എങ്കിലും കൃത്യമായി മൂന്നു മീറ്റർ നീളമുള്ള വൃക്ഷം എന്നാക്കി മാറ്റണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, 142-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(142) ഖണ്ഡം 2 (സി) യിൽ "സ്വകാര്യഭൂമിയും" എന്നതിനുശേഷം "സർക്കാർ ഭൂമിയും" എന്ന വാക്കുകൾ കൂടി ചേർക്കേണ്ടതാണ്.

സ്വകാര്യ ഭൂമിയെ സംബന്ധിച്ച് മാത്രമാണ് ഉപഖണ്ഡത്തിൽ ചേർത്തിട്ടുള്ളത്. യഥാർത്ഥത്തിൽ വളരെ വിപുലമായ നിലയിൽ സർക്കാർ ഭൂമി ഇന്ന് തരിശ് ഭൂമിയായി കിടക്കുന്നുണ്ട്. സർക്കാർ ഭൂമിയിൽ കൂടി സാമൂഹ്യ വനവൽക്കരണം നിർബന്ധമായും നടപ്പാക്കാൻ അത് സ്റ്റാറ്റ്യൂട്ടറിയായി വരണമെങ്കിൽ നിർബന്ധമായും സ്വകാര്യ ഭൂമിയോടൊപ്പം സർക്കാർ ഭൂമിയും എന്ന വാക്കുകൂടി രണ്ടാം ഖണ്ഡത്തിൽ (സി)-ൽ കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 143, 147, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(143) ഖണ്ഡം 2 (സി) യിൽ "സ്വകാര്യഭൂമിയും" എന്നതിനുശേഷം "പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയും, വിവിധ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതോ" എന്നുകൂടി ചേർക്കേണ്ടതാണ്.

(147) ഖണ്ഡം 2 (സി) യിൽ മൂന്നാമത്തെ വരിയിൽ "വിലയ്ക്ക് വാങ്ങിയിട്ടുള്ളതോ ആയ ഭൂമിയും" എന്നതിനുശേഷം "ഗവൺമെന്റ് എയ്ഡഡ് റബ്ബർ പ്ലാന്റേഷൻ ഭൂമിയും" എന്നുകൂടി ചേർക്കേണ്ടതാണ്.

(162) ഖണ്ഡം 2 (ജി) യിൽ "മുള" എന്ന വാക്കിനു പകരം "മുളയും ഈറ്റയും, ഔഷധ സസ്യങ്ങളും" എന്നുകൂടി ചേർക്കേണ്ടതാണ്.

ഇതിന്റെ ഡെഫിനിഷനിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വനേതര ഭൂമി എന്നത്. എല്ലാ സ്വകാര്യ ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതോ കൈമാറ്റമായി കിട്ടിയിട്ടുള്ളതോ വിലയ്ക്ക് വാങ്ങിയിട്ടുള്ളതോ ആയ ഭൂമിയും ഉൾപ്പെടുന്നതും എന്നുപറയുന്നതിൽ കാർഡമം ഒഴിവാക്കിയാൽ ഇവിടെ ശ്രീ. എം. പ്രകാശൻ മാസ്റ്റർ സൂചിപ്പിച്ചതുപോലെ തന്നെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കയ്യിൽ ധാരാളം ഭൂമിയുണ്ട്. ഇതൊക്കെ നമുക്ക് വനം വച്ചുപിടിപ്പിക്കേണ്ട പ്രദേശങ്ങളാണ്. വനങ്ങളോട് ചേർന്നു കിടക്കുന്ന ധാരാളം ഭൂമി വനം സെക്ടറിന്റെ കയ്യിലുണ്ട്. വനഭൂമിയായി അത് ഉൾപ്പെടുന്നുമില്ല. അത്തരം ഭൂമി ഇതിൽ ഉൾപ്പെടുത്തണം. ഞങ്ങൾ ഈ പറയുന്ന ഭേദഗതികളൊക്കെ വനം വച്ചുപിടിപ്പിക്കാനുള്ളതാണ്. ഏതു പേരിലായാലും മരം വെട്ടിമാറ്റുന്ന നിലയിൽ അനുമതി കൊടുക്കുന്നത് ശരിയല്ല. അതുകൊണ്ട് കൂടുതൽ സ്ഥലങ്ങളിൽ മരം വച്ചുപിടിപ്പിക്കാനുള്ള നടപടിയെടുക്കണം. ഗവൺമെന്റ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി ഏതൊക്കെ മേഖലകളിൽ കൂടുതൽ വനം വച്ചുപിടിപ്പിക്കാമോ അതൊക്കെ ഈ നിർവ്വചനത്തിൽ വരുത്തി അതൊക്കെ വനേതര ഭൂമിയായി കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കാൻ തുടർന്നു വരുന്ന ഓരോ വകുപ്പ് വരുമ്പോൾ അത് ഉൾപ്പെടുത്തണം. ഗവൺമെന്റ് എയ്ഡഡ് ആയിട്ടുള്ള റബ്ബർ പ്ലാന്റേഷൻ ഭൂമി ഉണ്ട്. പട്ടം താണുപിള്ള ഗവൺമെന്റിന്റെ കാലത്തൊക്കെ വിമുക്തഭടന്മാർക്കൊക്കെയായി കൊടുത്ത ചില ഭൂമിയുണ്ട്. പണ്ട് അത് ഫോറസ്റ്റ് ഭൂമിയായി കിടന്നിരുന്നതാണ്. പിന്നീട് മരങ്ങൾ വെട്ടിമാറ്റി വെറും ഭൂമിയായാണ് അവർക്ക് പതിച്ചു കൊടുത്തത്. ഇപ്പോൾ അവിടെയൊക്കെ അവർ സ്വന്തമായി ഉപയോഗിക്കുന്ന ഭൂമിയുണ്ട്. വനേതര ഭൂമിയിൽ ആ സ്ഥലം കൂടി ഉൾപ്പെടുത്താവുന്നതാണ്. മുളയെപ്പറ്റി പറയുന്നുണ്ട്. ഞാൻ മിനിസ്റ്ററോട് ഒരു സംശയം ചോദിക്കുകയാണ്. ധാരാളമായി ഈറ്റ കൃഷി ചെയ്യുന്നുണ്ട്. കൃഷി എന്ന അടിസ്ഥാനത്തിൽ ഈറ്റ ഉണ്ട്. വ്യാവസായിക ഉൽപ്പന്നം എന്ന നിലയിൽ അത് മുറിക്കുകയും ഈറ്റ, തൊഴിലാളികളുടെ ഒരു പ്രധാനപ്പെട്ട അസംസ്കൃത വസ്തുവാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചില സ്ഥലങ്ങളിൽ ഈറ്റയുടെ ബുദ്ധിമുട്ടും ഉണ്ടാകുന്നുണ്ട്. ഔഷധസസ്യങ്ങൾ എന്ന് ഡെഫിനിഷനിൽ പറയുമ്പോൾ വിശദമായി പറയേണ്ടേ? ഏതൊക്കെ വിധത്തിലുള്ള ഔഷധസസ്യങ്ങൾ; ഏതൊക്കെ ഇതിൽ ഉൾപ്പെടും എന്നുള്ളതിനെ സംബന്ധിച്ച് ഒരു പട്ടിക ഉണ്ടെങ്കിൽ അതനുസരിച്ചുള്ള എല്ലാം ഇതിൽ ഉൾപ്പെടേണ്ടേ? മുളയും മുളയോട് അനുബന്ധമായി വരുന്ന ഈറ്റയും ഉൾപ്പെട്ടിട്ടുള്ളതും; ഔഷധസസ്യങ്ങൾ ഏറ്റവും കൂടുതൽ വച്ചുപിടിപ്പിക്കുന്നതുമായ കാലഘട്ടമാണിത്. ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈയെടുത്ത് നിയമസഭാ കോംപ്ലക്സിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതായിട്ടുള്ള വാർത്ത ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വനം വച്ചുപിടിപ്പിക്കണം. വനം വെട്ടിമാറ്റുന്നതിലേക്ക് പോകരുത്. ഈ ബിൽ വായിക്കുമ്പോൾ വനം പ്രോത്സാഹിപ്പിക്കൽ മന്ത്രിയുടെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുമ്പോൾ വനം വെട്ടാനുള്ള വഴികൾ ആണ്. കൃഷിക്കാരെ സഹായിക്കാനെന്ന പേരുമുണ്ട്. പഞ്ചസാരയിൽ പൊതിഞ്ഞ മധുരം പുരട്ടിയ ഒരു വർത്തമാനവുമുണ്ട്. പക്ഷേ, ഫലത്തിൽ മരം വെട്ടിപ്പോകുന്നതാണ്. ഞാൻ തുടർന്നുള്ള ഭേദഗതികൾ വരുമ്പോൾ വിശദീകരിക്കാം.

ശ്രീ. ടി. എം. ജേക്കബ്: സർ, 146, 158 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(146) ഖണ്ഡം 2 (സി)യിൽ "കൈമാറികിട്ടിയിട്ടുള്ളതോ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(158) ഖണ്ഡം 2 (ജി)യിൽ "തടിയുള്ള" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

ഇവിടെ ആദ്യം മന്ത്രി മറുപടി തന്ന അവസരത്തിൽ പറഞ്ഞു, ഭരണഘടന 73, 74 ഭേദഗതി വന്നപ്പോൾ സോഷ്യൽ ഫോറസ്ട്രി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി അതുകൊണ്ട് അവരുടെ സബ്ജക്ടാണെന്ന്. അദ്ദേഹം ഇവിടെ വന്ന വേറൊരു വിമർശനത്തെ ന്യായീകരിക്കാൻ പറഞ്ഞതാണ്. സോഷ്യൽ ഫോറസ്ട്രി അവർക്ക് കൈമാറി കിട്ടിയിട്ടുണ്ടെങ്കിൽ അതിനകത്ത് എന്തെങ്കിലും ഗൈഡ്ലൈൻസോ മറ്റോ കൊടുക്കണമെങ്കിൽ പഞ്ചായത്ത്രാജ് ആക്ടിനകത്ത് ആവശ്യമായ ഭേദഗതി വരുത്താം. അതിന് നിയമത്തിൽ ഭേദഗതി ആവശ്യമില്ല. ഇവിടെ വനേതര ഭൂമി പ്രധാനമായും പറഞ്ഞതും വിശദീകരിച്ചതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയെ സംബന്ധിച്ചാണ്. വനേതര ഭൂമി ഡെഫിനിഷൻ ക്ലാസ്സിൽ എല്ലാ സ്വകാര്യ ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതോ കൈമാറ്റമായി കിട്ടിയിട്ടുള്ളതോ വിലയ്ക്ക് വാങ്ങിയിട്ടുള്ളതോ ആയ ഭൂമിയും ഉൾപ്പെടുന്നതും എന്നു പറയുന്നു. കൈമാറ്റമായി കിട്ടുന്നത് ഇവരുടെ കയ്യിൽ നിക്ഷിപ്തമാവുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെങ്കിൽപ്പോലും വനേതര ഭൂമി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി എന്നുപറഞ്ഞാൽത്തന്നെ അവർക്ക് കിട്ടുന്നതെല്ലാം ഇതിൽ വരും. അവർ വിലയ്ക്ക് വാങ്ങിയതിനെക്കുറിച്ച് പ്രത്യേകം പറയുന്നുണ്ട്. കൈമാറ്റമായി കിട്ടി എന്നുകൂടി പിന്നെ പ്രത്യേകമായി പറയേണ്ടതില്ല. മറ്റൊന്ന് വൃക്ഷം എന്നുള്ളതിന് ഡെഫിനിഷനിൽ വൃക്ഷം എന്നാൽ ഫലങ്ങൾ വഹിക്കുന്നതോ വഹിക്കാത്തതോ ആയ ഏതെങ്കിലും തടിയുള്ള വൃക്ഷം എന്ന് അർത്ഥമാകുന്നതും അതിൽ മുള ഉൾപ്പെടാത്തതുമാകുന്നു എന്ന് പറഞ്ഞിരിക്കുന്നു. മുള എന്നു പറയുമ്പോൾ തടി അല്ല. അതുകൊണ്ടാണല്ലോ മുള ഉൾപ്പെടാത്തതും എന്നു പറയുന്നത്. വൃക്ഷം എന്നു പറഞ്ഞാൽ മതി. വൃക്ഷം എന്നു പറഞ്ഞാൽ നമുക്ക് അറിയാമല്ലോ. അതിൽ തടി എന്നു പറഞ്ഞു. തടി എങ്കിൽ എത്ര ഡയമീറ്റർ ഉള്ള തടിയാണ്? അത് റൂളിൽ ഒരിടത്തും പ്രിസ്ക്രൈബ് ചെയ്തിട്ടില്ല. വൃക്ഷം ഡെഫിനിറ്റായി ഡിഫൈൻ ചെയ്ത് പറഞ്ഞിരിക്കുകയാണ്. അതിൽ തടിയുള്ള വൃക്ഷം എന്നത് ആവശ്യമില്ല. മുളയെക്കുറിച്ച് പ്രത്യേകം എടുത്തു പറയുന്നുമുണ്ട്. അതായിരിക്കും നല്ലത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 149-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(149) ഖണ്ഡം 2 (സി)യിൽ "ഭൂമിയും ഉൾപ്പെടുന്നതും" "എന്നാൽ" എന്നീ വാക്കുകൾക്കിടയിൽ "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതല്ലാത്ത സർക്കാർ ഭൂമിയും ഉൾപ്പെടുന്നതും" എന്നുകൂടി ചേർക്കേണ്ടതാണ്.

ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയിൽ നമ്മൾ എന്തെങ്കിലും ചെയ്യുന്നത് ശരിയല്ല. അത് അവരുടെ സ്വാതന്ത്ര്യമാണ്. അതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമല്ലാത്തത് എന്നാക്കി മാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. സി. ജോസഫ്: സർ, 150-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(150) ഖണ്ഡം 2 (സി)യിൽ "അല്ലെങ്കിൽ ഭൂമിയോ" എന്നതിനുശേഷം "തോട്ടങ്ങൾ, തോപ്പുകൾ, കളിസ്ഥലങ്ങൾ, കാർഷിക ഗവേഷണത്തിനായി നീക്കിവച്ചിട്ടുള്ള സ്ഥലങ്ങൾ" എന്നുകൂടി ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, 152, 164 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(152) ഖണ്ഡം 2 (സി)യിൽ "നെൽപ്പാടങ്ങൾ" എന്ന വാക്കിനു പകരം "നിലവിൽ നെൽകൃഷി ചെയ്യുന്നതും മുമ്പ് നെൽകൃഷി ചെയ്തിരുന്നതും ഇപ്പോൾ മറ്റു വിളകൾ

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ചെയ്യുന്നതും ഗ്രീൻബെൽറ്റ് പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതുമായ പ്രദേശങ്ങൾ" എന്നീ വാക്കുകൾകൂടി ചേർക്കേണ്ടതാണ്.

(164) ഖണ്ഡം 2 (ജി)യിൽ "ഉൾപ്പെടുന്നതുമാകുന്നു" എന്നതിനു പകരം "ഉൾപ്പെടുന്നതും ഏതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന മരങ്ങൾ ഉൾപ്പെടാത്തതുമാകുന്നു" എന്ന് ചേർക്കേണ്ടതാണ്.

ഈ ഡെഫിനിഷൻ ക്ലാസിൽ 2 (ജി)-ൽ വൃക്ഷത്തെപ്പറ്റി ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ വൃക്ഷം എന്നു മാത്രം പറഞ്ഞാൽ മതിയായിരുന്നു. ഇതിനകത്ത് മുള ഉൾപ്പെടുത്തിയിരിക്കുന്നു ഈറ്റ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലുള്ള പോരായ്മയുണ്ട്. എനിക്ക് പറയാനുള്ള കാര്യം കഞ്ഞാവ് ഉൾപ്പെടുത്തിക്കൂടാ. കഞ്ഞാവ് മണിയെന്ന് നാട്ടുകാർ പറയും. അതുകൊണ്ട് ആ വ്യവസ്ഥ ഇവിടെ വേണം. ഉൾപ്പെടുന്നതുമാകുന്നു എന്നതിനു പകരം ഉൾപ്പെടുന്നത് ഏതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥങ്ങൾ ഉൽപാദിപ്പിക്കുന്നതിനുപയോഗിക്കുന്ന മരങ്ങൾ ഉൾപ്പെടാത്തതുമാകുന്നു. ശ്രീ. തിരുവഞ്ചൂർ എന്നോട് യോജിക്കും. ഇതിനകത്ത് കഞ്ഞാവ് ഉൾപ്പെടുത്താൻ പാടില്ല. അത് ഒഴിവാക്കണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കാൻ പറ്റുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, 165-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(165) ഖണ്ഡം 2(ജി) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്.

"(ജി) വൃക്ഷമെന്നാൽ തടിയുള്ള എല്ലാത്തരം വൃക്ഷവും എന്നർത്ഥമാകുന്നതും അതിൽ ഈറ, മുള എന്നിവ ഉൾപ്പെടുന്നതുമാണ്".

എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. 2(ജി)-ൽ വൃക്ഷം എന്നാൽ തടിയുള്ള എല്ലാത്തരം വൃക്ഷം എന്ന് അർത്ഥമാകുന്നതും അതിൽ ഈറ്റ, മുള എന്നിവ ഉൾപ്പെടുന്നതുമാണെന്ന് ഭേദഗതി ചെയ്യണമെന്നാണ് ഞാൻ ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. അതുംകൂടി ഉൾപ്പെടുത്തിയാൽ മാത്രമേ ഈ നിയമത്തിന് ഉദ്ദേശിക്കുന്ന ഫലം കൃഷിക്കാർക്ക് ലഭ്യമാകൂ.

ശ്രീ. സി. കെ. നാണു: സർ, 155-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(155) ഖണ്ഡം 2 (ഇ)യിൽ "വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം" എന്നതിനു പകരം "നിർദ്ദേശിക്കപ്പെട്ട" എന്ന് ചേർക്കുക.

വൃക്ഷം എന്നുള്ളത് നിർദ്ദേശിക്കപ്പെട്ട എന്നുള്ളത് മതി. ഞാൻ ഇന്നലെ ഇംഗ്ലീഷ് മലയാളം ഡിക്ഷ്ണറി എടുത്തു നോക്കി. വിനിർദ്ദേശിക്കപ്പെട്ട എന്നുള്ളതിനെക്കാൾ നിർദ്ദേശിക്കപ്പെട്ട എന്നതായാൽ കുറേക്കൂടി നല്ലതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, 160-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുകയാണ്.

(160) ഖണ്ഡം 2 (ജി)യിൽ "മുള" എന്നതിനു പകരം "മുളയും ഈറ്റയും" എന്ന് ചേർക്കേണ്ടതാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബിന്റെ 146, അങ്ങയുടെ ഭേദഗതി "കൈമാറി കിട്ടിയിട്ടുള്ളതോ" അങ്ങനെ അല്ല നല്ലത്. ഒരു തെറ്റിദ്ധാരണയുടെ ഫലമായിട്ട് എഴുതിയിരിക്കുന്നതാണ്. കൈമാറ്റമായി കിട്ടിയിട്ടുള്ളതോ എന്നാണ് ബില്ലിനകത്ത്. അത് ജേക്കബ് കൈമാറിക്കിട്ടിയിട്ടുള്ളതോ എന്ന് തെറ്റിദ്ധരിച്ചതാണ്. വനേതര ബില്ലിലും സർക്കാർ ഭൂമിയിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഭൂമിയിലും ചേർക്കേണ്ടതില്ല. ശ്രീ. രാജേന്ദ്രൻ അങ്ങനെ ചേർക്കണമെന്ന് പറഞ്ഞിരുന്നു. ഈ ബില്ലിന്റെ പരിധിയിൽ വരുന്നതല്ല. ബഹുമാനപ്പെട്ട ശ്രീ. ജയരാജൻ, ഈ നിയമം നിലവിൽ വരുമ്പോൾ അന്നുള്ള നിലമാണ് ഇതിനകത്ത് വ്യാഖ്യാനിച്ചിട്ടുള്ളത്. ആ നിയമം ഇപ്പോൾ പാസ്സാക്കുന്നു. ആ നിയമം നിലവിൽ നിലം ഏതോ അന്നുള്ള നിലമാണ്, അല്ലാതെ മറ്റ് വ്യാഖ്യാനങ്ങൾ കൊടുക്കേണ്ട കാര്യമില്ല. സ്പെസിഫൈഡ് ട്രീയുടെ നിർവ്വചനമാണ്. നിർദ്ദേശിക്കപ്പെട്ട എന്നല്ല. വൃക്ഷത്തിന്റെ ഓരോ ആക്ടിനും ആ ആക്ടിന്റെ ഓരോ വാക്കിനും പ്രത്യേകം നിർവ്വചനമുണ്ട്. "ഈറ്റ"യും കൂടെ വരണം. അതുകൊണ്ടാണ് ആ നിർവ്വചനം. ഈറ്റ വൃക്ഷംപോലെ അല്ല ഇരിക്കുന്നത് എന്നു കണ്ടുകൊണ്ട് ആരെങ്കിലും അത് പരിഗണിക്കുന്നുവെങ്കിൽ അങ്ങനെ വേണ്ട അതുകൊണ്ട് ഈ ആക്ടിന്റെ പർപ്പസ് സെർവ് ചെയ്യണമെന്നുണ്ടെങ്കിൽ വൃക്ഷത്തിന്റെ നിർവ്വചനത്തിൽ ഈറ്റയുംകൂടി കൊണ്ടുവരണമെന്നുള്ളത് മനസ്സിലാകുന്നതാണ്. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 140, 148, 154, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 141, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 143, 147, 162 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 146, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 152, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. പി. ജെ. ജോയി: 167-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(167) ഖണ്ഡം 3 (1)-ൽ "ഏതൊരു ഉടമസ്ഥനും" എന്നീ വാക്കുകൾക്കുശേഷം "സമീപത്തുള്ള വനേതര ഭൂമിയിലെ താമസക്കാർക്കോ അതുപയോഗിക്കുന്നവർക്കോ അതിലെ കൃഷിക്കോ വൃക്ഷങ്ങൾക്കോ ഉപദ്രവമുണ്ടാകാത്ത വിധത്തിൽ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, 170-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(170) ഖണ്ഡം 3 (1)-ൽ "അങ്ങനെയുള്ള ഭൂമിയിലെ വൃക്ഷജാലം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായേക്കാവുന്നതും അതിന് പൊതുവെ സഹായകരമാകുന്നതുമായ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. പി. ജയരാജൻ: 171-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(171) ഖണ്ഡം 3 (1)-ൽ "വൃക്ഷജാലം" എന്ന വാക്കിനു പകരം "സസ്യജാലം" എന്ന് ചേർക്കുക.

ഇത് വളരെ പ്രധാനപ്പെട്ട ഭേദഗതിയാണ്, മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്. വനേതരഭൂമിയിൽ ഉടമസ്ഥന്റെ അവകാശങ്ങൾ എന്നു പറയുന്നുണ്ട്. വനേതര ഭൂമിയുടെ ഏതൊരു ഉടമസ്ഥനും അയാളുടെ ഭൂമിയിൽ വളർത്തിയിട്ടുള്ള ഏതെങ്കിലും വിളയ്ക്കു പുറമെ അങ്ങനെയുള്ള ഭൂമിയിലെ വൃക്ഷജാലം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായേക്കാവുന്നതും അതിനുപുറമെ അയാളുടെ ഭൂമിയിൽ വൃക്ഷങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വച്ചുപിടിപ്പിക്കുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതുമാണ്. ഇതിൽ പീഠികയിൽ "വൃക്ഷജാലം" എന്നു പറയുന്നതിനുപകരം "സസ്യജാലം" എന്നു പറയുന്നതാണ് നല്ലത്.

ശ്രീ. എം. വി. ജയരാജൻ: 175, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(175) ഖണ്ഡം 3 (1)-ൽ "സഹായകരമാകുന്നതുമായ" എന്ന വാക്കിനു പകരം "സഹായകരമാകുന്നതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(176) ഖണ്ഡം 3(1)-ൽ "സഹായകരമാകുന്നതുമായ" എന്ന വാക്കിന് പകരം "സഹായകരമാകുന്നതും പരിസ്ഥിതിക്ക് കോട്ടം തട്ടാത്തതുമായ" എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

വനേതര ഭൂമിയിൽ ഉടമസ്ഥന്റെ അവകാശം സംബന്ധിച്ചാണ് ഇതിൽ വൃക്ഷങ്ങൾ എവിടെയൊക്കെ വച്ചു പിടിപ്പിക്കാം എന്നു പറയുന്ന ഭാഗം "പൊതുവെ സഹായകരമാകുന്നതും പരിസ്ഥിതിക്ക് അനുയോജ്യമാകുന്നതുമായ" എന്ന വാചകം ചേർക്കുന്നതാണ് നല്ലത്. ചില പ്രദേശങ്ങളിൽ ചില ഭൂമിയിൽ ചില പ്രത്യേക മരങ്ങൾ വച്ചുപിടിപ്പിക്കുന്നതാണ് ഗുണം. ഭൂമിയിലെ ജലം മുഴുവൻ അപഹരിച്ചുകൊണ്ടുപോകുന്ന ചില വൃക്ഷങ്ങളുണ്ട്. പക്ഷേ, അത്തരത്തിലുള്ള ചില വൃക്ഷങ്ങൾ ചില സന്ദർഭത്ത് അനുയോജ്യമല്ല. പരിസ്ഥിതിക്ക് അനുയോജ്യമായ എന്ന വാചകംകൂടി കൂട്ടിച്ചേർക്കണം. 176-ഉം പ്രധാനമാണ്. ഞാൻ അത് മൂവ് ചെയ്യുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: 177, 185, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(177) ഖണ്ഡം 3 (1)-ൽ വൃക്ഷങ്ങൾ എന്ന വാക്കിനു പകരം വൃക്ഷങ്ങളും ഔഷധ സസ്യങ്ങളും എന്ന വാക്കുകൾകൂടി ചേർക്കുക.

(185) ഖണ്ഡം 3(2)-ൽ കൈമാറ്റത്തിലൂടെ ലഭിച്ചതോ എന്നീ വാക്കുകൾക്കുശേഷം അവർ സ്ഥിരമായി ഉപയോഗിച്ചുവരുന്നതോ എന്നുകൂടി ചേർക്കുക.

(190) ഖണ്ഡം 3(2)-നു ശേഷം താഴെപ്പറയുന്നത് 3-ാം ഉപഖണ്ഡമായി കൂട്ടിച്ചേർക്കുക:

"(3) സർക്കാരിന്റെയോ, പൊതുമേഖലാ സ്ഥാപനങ്ങളുടെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ അല്ലാത്തതും എന്നാൽ പൊതുവായ പല ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നതും ആയ സ്ഥലങ്ങളിൽ വൃക്ഷങ്ങളും, ഔഷധസസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിന് അത് ഉപയോഗിച്ചുവരുന്നവർക്ക് അവകാശമുണ്ടായിരിക്കുന്നതാണ്."

GPM. 2/566/2012—39

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി നേരത്തെ മറുപടി പറഞ്ഞപ്പോൾ പൊതുമേഖലയെന്നും ഉൾപ്പെടേണ്ടതില്ല എന്നു പറഞ്ഞു. മൂന്നാമത്തെ ക്ലോസ് നോക്കിയാൽ ഇതിൽ പറയുന്നുണ്ടല്ലോ. പിന്നെ അത് വേണ്ടെന്നു പറഞ്ഞത് എന്താണ്? വനം വച്ചുപിടിപ്പിക്കാൻ ആളെ പ്രോൽസാഹിപ്പിക്കേണ്ടത് വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹനമല്ലേ? വനേതര പ്രദേശങ്ങൾ എന്നു പറയുമ്പോൾ വനം അല്ലാതുള്ള പ്രദേശങ്ങളാണ് ഉൾപ്പെടുന്നത്. നമ്മുടെ ബില്ലിന്റെ മുഖ്യ ഉദ്ദേശത്തിൽ വേണ്ടേ വിചാരിക്കാൻ. എഴുതിത്തന്നപ്രകാരം വേറൊന്നുകൂടി ഒന്നാമത് ഉപക്ലോസ്സിൽ "വനേതര ഭൂമി ഉടമസ്ഥന്റെ അവകാശങ്ങൾ" ആ അവകാശത്തിൽ പറയുന്നത് അനുയോജ്യ മാക്കാവുന്നതായ വൃക്ഷങ്ങൾ അതു പൊതുവെ സഹായകമാകുന്നതുമായ വൃക്ഷങ്ങൾ അയാളുടെ ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിന് സ്വാതന്ത്ര്യം ഉണ്ടാകും. ഇവിടെ അതിന് വല്ല നിരോധനവും ഉണ്ടോ? എന്റെ ഭൂമിയിൽ വൃക്ഷം വച്ചുപിടിപ്പിക്കുന്നതിന് വല്ല നിയമതടസ്സവും ഉണ്ടോ? പിന്നെന്തിനാണ് ബില്ലിൽ നിയമം ഉണ്ടാക്കിവയ്ക്കുന്നത്? എനിക്കുള്ള ഭൂമിയിൽനിന്ന് എനിക്ക് ഇഷ്ടമുള്ള വൃക്ഷമാകാം. വേണമെങ്കിൽ ചന്ദനം, പതിമുഖം, തേക്ക് ഏതു തരത്തിലുള്ള വൃക്ഷം വയ്ക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. അത് അറിയാതെ എഴുതിച്ചേർത്തിട്ടുള്ളതല്ല. ബോധപൂർവ്വം എഴുതിവച്ചിട്ടുള്ളതാണ്. ഏതൊരു ഭൂമിയുടെയും ഉടമസ്ഥന് അദ്ദേഹത്തിന്റെ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്നു പറയുകയും ഇതിന്റെ മറവിൽ ഞാൻ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മരം ഇഷ്ടംപോലെ വെട്ടിമാറ്റാനുള്ള അവസരംകൂടെ കൊടുക്കുകയല്ലേ? അങ്ങനെ ഒരു വാചകം ചേർക്കേണ്ട ആവശ്യമില്ല. ഇന്ന് ആ സ്വാതന്ത്ര്യമുണ്ട്. ഒരു പൗരന്റെ അവകാശത്തിൽപ്പെട്ടതുതന്നെയാണ് ഇത്.

രണ്ടാമത്തെ ക്ലോസ്സിൽ പുറമ്പോക്ക് സ്ഥലത്തെപ്പറ്റി പറയുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലത്തെപ്പറ്റി പറയുന്നുണ്ട്. അതുപോലെ അവർ കൈവശംവച്ച് ഉപയോഗിച്ചുവരുന്ന സ്ഥലങ്ങളുണ്ട്. ഇതിലൊന്നും പെടാത്ത സ്ഥലങ്ങളുണ്ടാകാം. അവർ ഉപയോഗിച്ചുവരുന്ന സ്ഥലത്ത് വൃക്ഷങ്ങളോ ഔഷധസസ്യങ്ങളോ വച്ചുപിടിപ്പിക്കാനും അത് പ്രോൽസാഹിപ്പിക്കാനുമുള്ള അവസരമുണ്ടാകണം. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൂടുതൽ സപ്പോർട്ട് കൊടുക്കണം. അടുത്ത ക്ലോസ്സിൽ പറയുന്നത് വിലകുറച്ച് കൊടുക്കുക, നടീൽ വസ്തുക്കൾ കൊടുക്കുക, വിത്ത് കൊടുക്കുക, തൈ കൊടുക്കുക അതിനുള്ള പ്രോൽസാഹനം കൊടുക്കാനും ഇത്തരത്തിലുള്ള ഏതൊക്കെ പ്രദേശങ്ങളിൽ കൂടുതൽ വനം വച്ചുപിടിപ്പിക്കാൻ സാധിക്കുമോ, ആ പ്രദേശങ്ങൾ മുഴുവനും ഇതിൽ കൊണ്ടുവരണം. ഈ ക്ലോസ്സിൽ 3-ന്റെ രണ്ടു കഴിഞ്ഞ് ഒരു ഉപക്ലോസ്സുകൂടി പുറമ്പോക്ക് സ്ഥലവുമായി ബന്ധപ്പെട്ട് എത്രത്തോളം ഗവൺമെന്റ് ഏറ്റെടുത്ത് വനം വച്ചുപിടിപ്പിക്കാൻ പറ്റുമോ അതുംകൂടി ഉൾപ്പെടുത്തണം എന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(179) ഖണ്ഡം 3(1)–നുശേഷം താഴെ പറയുന്ന ക്ളിപ്തനിബന്ധന ചേർക്കുക:

"എന്നിരുന്നാലും ഏതെങ്കിലും വനേതര ഭൂമിയിലോ വനേതര ഭൂപ്രദേശത്തോ ഏതെങ്കിലും പ്രത്യേകതരം വൃക്ഷത്തൈകൾ നട്ടുവളർത്തണമെന്ന് പൊതുവായ ഉത്തരവുവഴി ഗവൺമെന്റിന് നിർദ്ദേശിക്കാവുന്നതും അതിന്റെ ഫലമായി അപ്രകാരമുള്ള വനേതര ഭൂമിയുടെയോ വനേതര ഭൂപ്രദേശത്തിന്റെയോ ഉടമസ്ഥനോ ഉടമസ്ഥരോ അത്തരത്തിലുള്ള വൃക്ഷത്തൈകൾ നട്ടുവളർത്തുവാൻ ബാദ്ധ്യസ്ഥനോ ബാദ്ധ്യസ്ഥരോ ആകുന്നതുമാണ്."

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(187) ഖണ്ഡം 3(2)–ൽ 'സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്' എന്ന വാക്കിനു പകരം 'ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്' എന്ന വാക്കുകൾ ചേർക്കണം.

ഒരു സംഗതി സൂചിപ്പിക്കാനുള്ളത്, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇന്നത്തെ നിലയിൽ അവരുടെ ഭൂമിയിൽ വൃക്ഷം വച്ചുപിടിപ്പിക്കാൻ വേറെ തടസ്സം ഒന്നുമില്ല. എന്നാൽ അവർ സ്റ്റാറ്റ്യൂട്ടറിയായി ഇക്കാര്യത്തിൽ ബൈൻഡിംഗ് ആക്കാനുള്ള പാകത്തിൽ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ് എന്ന് പറയുന്നതിനു പകരം ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നിർബന്ധമായി അവരുടെ ഭൂമിയിൽ വൃക്ഷം വച്ചുപിടിപ്പിക്കാൻ ഉത്തരവാദിത്വമുണ്ടെന്നുള്ള നിലയിൽ മാറ്റം വരുത്തണമെന്നാണ് പറയുന്നത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(188) ഖണ്ഡം 3(2) താഴെപ്പറയുംപ്രകാരം മാറ്റുക:

'(2) സർക്കാരിന്റെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും ഉടമസ്ഥതയിലുള്ളതോ അവർക്ക് കൈമാറ്റത്തിലൂടെ ലഭിച്ചതോ അവരിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ വനേതര ഭൂമിയിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.'

മന്ത്രിയോട് ഒരു കാര്യം പറയാനുള്ളത്, ബില്ലിന്റെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷൻ നടക്കുമ്പോൾ മെമ്പേഴ്സ് പറയുന്ന ന്യായമായിട്ടുള്ളത് അംഗീകരിക്കണം. അദ്ദേഹം വൃക്ഷത്തിന്റെ കാര്യം പറഞ്ഞു. ഓരോ വകുപ്പിനും വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞ് ..... ഗവൺമെന്റിന് ഗവൺമെന്റിന്റെ ഭാഗം പറയാം. കുഴപ്പമില്ല. ഞാൻ ഇവിടെ മൂന്നാമത്തെ വകുപ്പിൽ രണ്ടാമത്തെ സബ്ക്ലോസിൽ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിച്ചിരിക്കുന്നത് റീകാസ്റ്റ് ചെയ്യാൻ ആണ്. അതിൽ വനേതര ഭൂമിയുടെ ഉടമസ്ഥന്റെ അവകാശത്തെപ്പറ്റിയാണ് പറയുന്നത്. ഫസ്റ്റ് പാർട്ടിൽ പ്രൈവറ്റിനെ സംബന്ധിച്ചാണ്. രണ്ടാമത്തെ ഭാഗത്ത് പറഞ്ഞിരിക്കുന്നത് സർക്കാരിന്റെ ഓരോ വകുപ്പിനും ഓരോ പൊതുമേഖലാ സ്ഥാപനത്തിനും ഓരോ സർക്കാരിതര സംഘടനകൾക്കും എന്ന് പറഞ്ഞിരിക്കുന്നു. ഗവൺമെന്റ് എന്ന് പറയുമ്പോൾ എല്ലാ വകുപ്പും ചേർന്നതാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും എന്നാണ്. ഓരോ വകുപ്പിനും ഓരോ പൊതുമേഖലാ സ്ഥാപനത്തിനും ഓരോ സർക്കാരിതര സംഘടനയ്ക്കും എന്നതിനു പകരം സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും എന്നാക്കണം. ബാക്കി ഇതിൽ പറഞ്ഞിരിക്കുന്ന ഭാഗംതന്നെയാണ് ഞാൻ റീകാസ്റ്റ് ചെയ്തിരിക്കുന്നത്. ഇതാണ് നല്ലത്. ഇവിടെനിന്ന് ഞങ്ങളാരെങ്കിലും അവതരിപ്പിക്കുന്നതുകൊണ്ട് deny ചെയ്ത് അതൊന്നും വേണ്ട എന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഇത് അംഗീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ബഹുമാനപ്പെട്ട ജേക്കബ് നല്ലതു വല്ലതുമാണ് പറഞ്ഞതെങ്കിൽ അംഗീകരിക്കാം. ജേക്കബ് ആയതുകൊണ്ട് എന്താ? എനിക്ക് വളരെ സ്നേഹമുള്ള ആളല്ലേ. എനിക്ക് അങ്ങനെയൊന്നുമില്ല. ജേക്കബ് നല്ല കാര്യം പറഞ്ഞാൽ അത് അംഗീകരിക്കും. നല്ല അമെന്റ്മെന്റ് ആണെങ്കിൽ സ്വീകരിക്കും. ജേക്കബ് പറഞ്ഞതുപോലെ ആക്കുന്നതുകൊണ്ട് കുഴപ്പമില്ല. പക്ഷേ, ഗവൺമെന്റിന് ഇതിലൊരു ഉദ്ദേശമുണ്ട്. ഒരു സ്ട്രസ് മാറ്റിയിടുകയാണ്. സർക്കാരിന്റെ ഓരോ വകുപ്പിനും എന്നു പറയുമ്പോൾ സ്ട്രസ് അങ്ങ് മാറുകയാണ്. എല്ലാ വകുപ്പും മരം വച്ചുപിടിപ്പിക്കണമെന്ന് ആകുകയാണ്. നേരെമറിച്ച് ഗവൺമെന്റിന്റെ എന്ന് പറയുമ്പോൾ ..... എനിക്കൊരു പോളിസിയുണ്ട്. ഞാൻ പറഞ്ഞ സെന്റൻസ് പൂർത്തിയാക്കിയിട്ടേ ഇരിക്കുകയുള്ളു. ഞാൻ പറയുന്നത് അതുകൊണ്ട് സർക്കാരിന്റെ ഓരോ വകുപ്പിനും ഓരോ പൊതുമേഖലാ സ്ഥാപനത്തിനും ഓരോ സർക്കാരിതര സംഘടനകൾക്കും എന്നുള്ളതിന് ഓരോന്നിനും സ്ട്രസ് കൊടുക്കാൻവേണ്ടിയാണ്; അതിനുവേണ്ടിയുള്ള ഉദ്ദേശത്തോടുകൂടിയാണ്. അല്ലാതെ ഒരു വാക്കുതന്നെ വേറൊരു വാക്കിൽ പറയാം. അതുകൊണ്ട് കുഴപ്പമില്ല. അതിന്റെ ഉദ്ദേശം സ്ട്രസ്സിനുവേണ്ടിയാണ്. അതുകൊണ്ട് ജേക്കബിന്റെ ഭേദഗതി സ്വീകാര്യമല്ല. മറ്റ് അമെന്റ്മെന്റുകളും സ്വീകാര്യമല്ല.

ശ്രീ. ടി. എം. ജേക്കബ്: മന്ത്രി പറഞ്ഞത് സർക്കാരിന്റെ ഓരോ വകുപ്പിനും എന്ന് പറയുമ്പോൾ സ്ട്രസ് കൊടുക്കാൻ എന്നാണ്. It is not compulsory. ഇത് ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

ആയി വന്നുകഴിഞ്ഞാൽ it is not a compulsory clause. വ്യക്ഷം നട്ടുപിടിപ്പിക്കുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. മന്ത്രി പറയുന്ന സ്ട്രസ് കൊടുക്കുകയാണെങ്കിൽ ഡെഫനിറ്റായി അത് ചെയ്തിരിക്കണം. സർക്കാർ എന്ന് പറയുമ്പോൾ, സർക്കാരിന്റെ ഓരോ വകുപ്പും എന്ന് പറയുമ്പോൾ, എല്ലാം വന്നു. അതുകൊണ്ട് മന്ത്രി പറഞ്ഞ സ്ട്രസ് കൊടുക്കണമെന്നുണ്ടെങ്കിൽ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും എന്നുള്ളത് മാറ്റണം.

ശ്രീ. കെ. എം. മാണി: ഇപ്പോൾ ചെയ്യാതെകിടക്കുന്ന പരിതഃസ്ഥിതിയിൽനിന്ന് പിന്നെ ചെയ്യിപ്പിക്കാൻവേണ്ടി ഒരു പ്രചോദനം കൊടുക്കുകയാണ്. ചെയ്യുന്നില്ലെങ്കിൽ ശിക്ഷ ആക്കുന്നില്ല. അങ്ങനെ ചെയ്തില്ലെങ്കിൽ എല്ലാ മാനേജിംഗ് ഡയറക്ടർമാരേയും പ്രോസിക്യൂട്ട് ചെയ്യേണ്ടതായിവരും. ജേക്കബ്, ഇതൊക്കെ it is a policy of the Government. ഈ ബിൽ കൊണ്ടുവരുമ്പോൾ there is a policy also involved in the Bill. Don't you understand Mr. Jacob? അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു transition period – ലാണ്. ഇപ്പോൾ അത് കമ്പൽസറിയാക്കി. ഇപ്പോൾ അത് enabling ആണെന്നു മാത്രമല്ല ഉത്തേജനം കൊടുക്കുകയാണ്, പ്രചോദനം കൊടുക്കുകയാണ്. എല്ലാ ഡിപ്പാർട്ടുമെന്റും അവരവരുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്. ആ നിലയിലാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. ടി. എം. ജേക്കബ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ – 27

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, വി. കെ. ചന്ദ്രൻ
5. ,, ടി. കെ. ദേവകുമാർ
6. ,, പി. സി. ജോർജ്
7. ,, കെ. കെ. ജയചന്ദ്രൻ
8. ,, എം. വി. ജയരാജൻ
9. ,, ടി. എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ജോണി നെല്ലൂർ
11. ,, പി. ജയരാജൻ
12. ഡോ. കെ. സി. ജോസഫ്
13. ശ്രീ. എം. കുമാരൻ
14. ,, കെ. വി. കുഞ്ഞിരാമൻ
15. ,, മത്തായി ചാക്കോ
16. ,, കെ. പി. മോഹനൻ
17. ,, എ. സി. മൊയ്തീൻ
18. ,, സി. കെ. നാണു
19. ,, പി. നാരായണൻ
20. ,, എം. പ്രകാശൻ മാസ്റ്റർ
21. ,, കെ. രാധാകൃഷ്ണൻ
22. ,, എൻ. രാജൻ
23. ,, കെ. പി. രാജേന്ദ്രൻ
24. ,, രാജു എബ്രഹാം
25. ,, സാജു പോൾ
26. ,, കെ. പി. സതീശ് ചന്ദ്രൻ
27. ,, പി. എസ്. സുപാൽ

പ്രതികൂലിക്കുന്നവർ – 43

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, എ. പി. അനിൽകുമാർ
5. ,, കെ. ബാബു
6. ,, പി. കെ. കെ. ബാവ
7. ,, കെ. എ. ചന്ദ്രൻ
8. ,, പി. പി. ജോർജ്
9. ശ്രീമതി കെ. ആർ. ഗൗരിയമ്മ
10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. ഇസ്ഹാക് കുരിക്കൾ
12. ,, കെ. സി. ജോസഫ്
13. ,, ജോസഫ് എം. പുതുശ്ശേരി
14. ,, പി. ജെ. ജോയി
15. ,, ഉമ്മൻ ചാണ്ടി
16. ,, എം. കെ. പോൾസൺ മാസ്റ്റർ
17. ,, അടൂർ പ്രകാശ്
18. ,, ടി. എൻ. പ്രതാപൻ
19. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ,, വർക്കല കഹാർ
21. ,, ജി. കാർത്തികേയൻ
22. ,, കെ. എൻ. എ. ഖാദർ
23. ,, കെ. കെ. നായർ
24. ,, കെ. കുട്ടി അഹമ്മദ് കുട്ടി
25. ,, കെ. എം. മാണി
26. ,, എ. കെ. മണി
27. ,, സി. മോയിൻകുട്ടി
28. ,, ആര്യാടൻ മുഹമ്മദ്
29. ,, എം. കെ. മുനീർ
30. ,, കെ. കെ. ഷാജു
31. ,, സ്റ്റീഫൻ ജോർജ്
32. ,, സി. എഫ്. തോമസ്
33. ,, എ. എൻ. രാജൻ ബാബു
34. ,, യു. സി. രാമൻ
35. ,, തമ്പാനൂർ രവി
36. ,, റോഷി അഗസ്റ്റിൻ
37. ,, ടി. പി. എം. സാഹിർ
38. ,, വി. ഡി. സതീശൻ
39. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
40. ശ്രീ. തോമസ് ചാഴികാടൻ

LIBRARY ARCHIVES Kerala Legislative Assembly

41. ശ്രീ. തോമസ് ഉണ്ണിയാടൻ
42. ,, ഉമേഷ് ചള്ളിയിൽ
43. ,, എം. എ. വാഹിദ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 27

പ്രതികൂലിക്കുന്നവർ - 43

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി 27-നെതിരെ 43 വോട്ടുകളോടെ നിരാകരിക്കപ്പെട്ടു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 175, 176 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 177, 185, 190 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(192) ഖണ്ഡം 4-ൽ "വളർത്തൽ" എന്നതിനു പകരം "നടലും വളർത്തലും" എന്ന് ചേർക്കുക.

തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ ഏതുതന്നെ അടങ്ങിയിരുന്നാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ നടലും വളർത്തലും പ്രോൽസാഹിപ്പിക്കണം എന്ന് അർത്ഥമാക്കണം എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. ടി. എം. ജേക്കബ്: സർ, 194, 200, 213, 219 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(194) ഖണ്ഡം 4 (എ)യിൽ "കൈമാറ്റത്തിലൂടെ വഭിച്ചതോ" എന്ന വാക്കുകൾ നീക്കം ചെയ്യുക. നേരത്തെ ഒരു ക്ലാസ്സിൽ പറഞ്ഞ ഭേദഗതിക്ക് സമാനമായിട്ടുള്ള ഒന്നാണ്. അതുകൊണ്ട് അത് ഞാൻ explain ചെയ്യുന്നില്ല.

(200) 4 (ബി)യിൽ "നിലവിലുള്ള വൃക്ഷങ്ങളുടെ സെൻസസ് എടുക്കുന്നതിനും" എന്നതിനുശേഷമുള്ള വാക്കുകൾ നീക്കം ചെയ്യുക.

(213) ഖണ്ഡം 4(സി)യിൽ "വേണ്ടി ന്യായമായ വിലയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "മാർക്കറ്റ് വിലയുടെ പകുതി വിലയ്ക്ക്" എന്ന വാക്കുകൾ ചേർക്കുക.

(219) ഖണ്ഡം 4(ഇ) നീക്കം ചെയ്യുക.

അദ്ദേഹം ഇവിടെ കൃഷിക്കാരെ സഹായിക്കാൻ, സാധാരണക്കാരായ ആൾക്കാരെ സഹായിക്കാൻവേണ്ടിയിട്ടുള്ള നിയമമാണെന്ന് പറഞ്ഞു. 4(ബി) നീക്കം ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെട്ടത്. നിവവിലുള്ള വൃക്ഷങ്ങളുടെ സെൻസസ് എടുക്കുന്നതിന് ആവശ്യമാണെന്ന് കരുതുമ്പോഴൊക്കെയും എല്ലാ ഉടമസവരിൽനിന്നോ, കൈവശക്കാരിൽനിന്നോ അവരുടെ ഭൂമിയിലുള്ള വൃക്ഷങ്ങളുടെ എണ്ണത്തെപ്പറ്റിയുള്ള പ്രതിജ്ഞാപത്രം ലഭ്യമാക്കുന്നതിനും ..... പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പല രൂപത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ പൊളിറ്റിക്കലി മോട്ടിവേറ്റഡായിട്ടാണ് പല തീരുമാനങ്ങളും പലപ്പോഴും ഉണ്ടാകുന്നത്. കൃഷിക്കാരനെ സഹായിക്കാനാണെങ്കിൽ ഒരു കർഷകന്റെ ഭൂമിയിലെ സെൻസസ് എപ്പോൾ വേണമെങ്കിലും എടുക്കണം. അവരുടെ ഭൂമിയിലുള്ള വൃക്ഷങ്ങളുടെ എണ്ണം ഇതിനെപ്പറ്റി ഒരു പ്രതിജ്ഞാപത്രം

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കിക്കൊള്ളാൻ പറയണം. കൃഷിക്കാരന് അത് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ഇതിനോട് അനുബന്ധമായി ഒരു കാര്യം പറയട്ടെ, റവന്യൂ മിനിസിറ്റർ ഫിനാൻസ് മിനിസ്റ്ററായിരുന്നപ്പോൾ അന്ന് മരം എണ്ണി അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഈടാക്കിയിരുന്നു. ഒരു മരത്തിലെ കുരുമുളകുചെടി വരെ എണ്ണും. അങ്ങനെ മരം എണ്ണി കൃഷിക്കാരനെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ലായെന്ന് വാദിച്ചവരാണ് ഞങ്ങളെല്ലാപേരും. ആ കൃഷിക്കാരനെയാണ് സെൻസസ് എടുക്കാനും മരങ്ങളുടെ എണ്ണം കൊടുക്കാൻ പ്രതിജ്ഞാപത്രം ആവശ്യപ്പെടുകയും ചെയ്യുന്നത്. ഒരു കാരണവശാലും ഇതിനാവശ്യമില്ല. മരം വച്ചുപിടിപ്പിക്കുന്നത് പ്രോൽസാഹിപ്പിക്കാനോ, അല്ലെങ്കിൽ മരം സ്വന്തം ഭൂമിയിൽനിന്ന് വെട്ടിമാറ്റാനോ ഉള്ള പ്രക്രിയയിൽ കൃഷിക്കാരനെ സഹായിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഇതു പാടില്ല. ഭേദഗതി 213 ഇതുസംബന്ധിച്ച് ന്യായമായ വിലയ്ക്ക് വിത്തുകളും വൃക്ഷത്തൈകളും കൊടുക്കണം, ഇത് നിശ്ചയിക്കുന്നതിന് ഞങ്ങൾ മാനദണ്ഡം ഒന്നും പറയുന്നില്ല. ഞാൻ ഇവിടെ പറഞ്ഞിരിക്കുന്നത് ന്യായമായ വില, ഏതു വില വേണമെങ്കിലും ഇടാം. അതുകൊണ്ട് മാർക്കറ്റ് വിലയുടെ പകുതി വിലയ്ക്ക്, അത് കൃഷിക്കാർക്ക് സ്വാഭാവികമായും താങ്ങാൻ കഴിയും. അതുകൊണ്ട് മാർക്കറ്റ് വിലയുടെ പകുതി വിലയ്ക്ക് കിട്ടണം എന്ന വാക്ക് ചേർക്കണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഈ ഭേദഗതികളാണ് എനിക്ക് 4-ാം വകുപ്പിലുള്ളത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ 195, 227 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(195) ഖണ്ഡം 4(എ)യിൽ "നിക്ഷിപ്തമായിട്ടുള്ളതോ" എന്ന വാക്കിനുശേഷം ചുവടെ പറയുന്ന വാക്കുകൾകൂടി ഉൾപ്പെടുത്തേണ്ടതാണ്. "ഇവയിലൊന്നുംപെടാത്ത സർക്കാർവക തരിശായി കിടക്കുന്നതോ" എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(227) ഖണ്ഡം 4-ന്റെ അവസാനം 'ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്' എന്ന വാക്കിനു പകരം 'ചുമതല വഹിക്കേണ്ടതാണ്' എന്ന് ചേർക്കുക.

(195) 4(എ)-യിൽ പഞ്ചായത്തുകൾക്ക് അവരുടെ കൈവശമുള്ളതല്ലാതെ സർക്കാർ പുറമ്പോക്ക് ഏതെങ്കിലും കിടക്കുന്നുവെങ്കിൽ അവിടേയും മരം വച്ചുപിടിപ്പിക്കാനുള്ള അവകാശമുണ്ടായിരിക്കണം.

ശ്രീ. എം. വി. ജയരാജൻ: 196, 224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(196) ഖണ്ഡം 4(എ)-യിൽ "ഭൂമിയിൽ" എന്ന വാക്കിനുശേഷം "പരിസ്ഥിതിക്കനുയോജ്യമായ" എന്ന വാക്ക് ചേർക്കുക.

(224) ഖണ്ഡം 4(ഇ)-യിൽ 'സ്വകാര്യ പൊതുമേഖലാസ്ഥാപനങ്ങൾക്ക്' എന്നീ വാക്കുകൾക്കു പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്:

LIBRARY ARCHIVES Kerala Legislative Assembly

'പ്രസ്തുത തദ്ദേശഭരണ പ്രദേശത്തെ പൊതുസ്ഥാപനങ്ങൾ, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫോറസ്ട്രി ക്ലബ്ബുകൾ, സ്വന്തമായി ഭൂമിയുള്ള അംഗൻവാടികൾ, ഗ്രാമസഭകൾ തെരഞ്ഞെടുക്കുന്ന സ്വയംസഹായ സംഘങ്ങൾ, പ്രസ്തുത പ്രദേശത്തെ രജിസ്ട്രേഷനുള്ള കലാസമിതികൾ, വായനശാലകൾ എന്നിവകൾക്ക്.'

ഇതിനെ സംബന്ധിച്ച് ഒരു കാര്യം പറയാനുള്ളത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങൾ എന്ന തലക്കെട്ടോടുകൂടിയ ഒരു ക്ലോസ് ആണ്. എന്നിട്ട് അതിൽ (ഇ) സബ്ക്ലോസ് ആയി പറഞ്ഞത് ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി പ്രദർശനങ്ങളും വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും, വൃക്ഷങ്ങളുടെ നട്ടുപിടിപ്പിക്കലും സംരക്ഷണവുമായി ബന്ധപ്പെട്ട സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനും എന്നു പറയുന്നതാണ്. അപ്പോൾ സ്വകാര്യ വ്യക്തികൾ ചേർന്ന് എന്തെങ്കിലും രൂപീകരിച്ചാൽ അവർക്ക് എല്ലാ സഹായവും നൽകുന്ന വിധത്തിലാണ്. അത്തരത്തിൽ ക്ലോസ് – 4 സബ്ക്ലോസ് (4) എന്ന ഒരു ഭേദഗതി വയ്ക്കുന്നതിൽ കാര്യം എന്താണ്? സ്വകാര്യ വ്യക്തികൾക്ക് പൈസ കൊടുക്കാനാണോ? അത് ധാരാളം ദുരുപയോഗത്തിന് ഇടയാക്കും. അതുകൊണ്ട് എന്റെ 224 ഖണ്ഡം 4(ഇ) ഭേദഗതിയിൽ, നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക്, ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി രൂപീകരിക്കപ്പെടുന്ന നിയമാനുസൃതമായ, വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നാക്കി മാറ്റണം. അല്ലാതിരുന്നാൽ ദുരുപയോഗത്തിന് സാധ്യതയുണ്ട് എന്നുള്ളതുകൊണ്ടാണ് ഞാനത് പഞ്ഞത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ 198, 201, 212, 217, 221, 226 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(198) ഖണ്ഡം 4(എ)യിൽ "നട്ടുവളർത്തലിനും" എന്ന വാക്കിനുശേഷം "സംരക്ഷിക്കുന്നതിനും" എന്ന വാക്കുകൂടി ചേർക്കുക.

(201) ഖണ്ഡം 4(ബി)യിൽ "ആവശ്യമാണെന്നു കരുതുന്നോഴൊക്കെയും എല്ലാ ഉടമസ്ഥരിൽനിന്നോ, കൈവശക്കാരിൽനിന്നോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

(212) ഖണ്ഡം 4(സി)യിൽ "ആളുകൾക്കുവേണ്ടി" എന്ന വാക്കുകൾക്കുശേഷം "സൗജന്യമായും" എന്നും "വൃക്ഷത്തൈകളും" എന്ന വാക്കിനുശേഷം "ഔഷധസസ്യങ്ങളും നടീൽ വസ്തുക്കളും" എന്നും ചേർക്കുക.

(217) ഖണ്ഡം 4(ഡി)യിൽ 'മുൻകരുതലിനുവേണ്ടിയോ' എന്ന വാക്കുകൾക്കു ശേഷം 'മണ്ണൊലിപ്പും മല ഇടിച്ചിലും തടയുന്നതിനും' എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(221) ഖണ്ഡം 4(ഇ)–യിൽ 'സംഘടിപ്പിക്കുകയും' എന്ന വാക്കിനുശേഷം 'ബോധവൽക്കരണം നടത്തുന്നതിനും' എന്നും 'സ്ഥാപനങ്ങൾക്ക്' എന്ന വാക്കിനുശേഷം 'വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്' എന്നും ചേർക്കുക.

(226) ഖണ്ഡം 4(എഫ്)–ൽ "നടപ്പിലാക്കുകയോ ചെയ്യുന്നതിനും" എന്നീ വാക്കുകൾക്കുശേഷം താഴെപ്പറയുന്ന പ്രകാരം കൂട്ടിച്ചേർക്കുക:

"അതാതു പ്രദേശങ്ങളിലുള്ള വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും, അത് നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള മുൻകരുതൽ എടുക്കുന്നതിനും"

198–ാം നമ്പർ ഭേദഗതിയിൽ നട്ടുവളർത്തൽ' എന്നു പറയുമ്പോൾ അതിന്റെ കൂട്ടത്തിൽ ഞാൻ ഒന്ന് പറഞ്ഞിരിക്കുന്നത്, ആ മരങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം അപ്പോഴാണ് ഉണ്ടാകുക. നേരത്തെ പറഞ്ഞപോലെ ഒരു സ്വാതന്ത്ര്യം ഉണ്ട്, നിങ്ങൾ വച്ചുകൊള്ളാൻ എന്ന് പറയുന്നപോലെയല്ല, അത് നട്ടുവളർത്തി സംരക്ഷിക്കാനുള്ള ബാധ്യതകൂടി വരണം.

ഇതിൽ ആവശ്യപ്പെടുമ്പോഴൊക്കെ നിലവിലുള്ള വൃക്ഷങ്ങളുടെ സെൻസസ് എടുക്കാം. നമുക്ക് പഞ്ചായത്തിൽ അതാതു പ്രദേശത്തിന്റെയും അവിടെയുള്ള മരങ്ങളുടെയും സെൻസസ് എടുത്തുവയ്ക്കാം. ഒരു പ്രദേശത്ത് എത്ര വൃക്ഷങ്ങളുണ്ടെന്നും, അവയുടെ ഇനം തിരിച്ചുമൊക്കെ എടുക്കാം. പേര് അറിയാത്ത ചില മരങ്ങളുണ്ട്. പേര് അറിയാത്ത മരം എന്ന് പേരുണ്ട്. പെരുമനം ക്ഷേത്രത്തിൽ ഒരു മരത്തിന്റെ പേര് പേരറിയാത്ത മരം എന്നാണ്. ഇന്നുവരെ ആ മരത്തിന്റെ പേര് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ക്ഷേത്രത്തിൽ; പക്ഷേ മരത്തിന്റെ കണക്ക് എടുത്തുവയ്ക്കണം. പക്ഷേ ആവശ്യമാണെന്നു കരുതുമ്പോഴൊക്കെയും എല്ലാ ഉടമസ്ഥരിൽനിന്നോ കൈവശക്കാരിൽനിന്നോ ആവശ്യപ്പെടുമ്പോഴൊക്കെ പ്രതിജ്ഞാപത്രം ലഭ്യമാക്കണം എന്ന് 201 ഖണ്ഡം 4 (ബി)യിൽ എഴുതിവച്ചിരിക്കുകയാണ്.

212–ൽ അവരുടെ ഭൂമിയിലുള്ള വൃക്ഷങ്ങളുടെ എണ്ണത്തെപ്പറ്റിയും പ്രതിജ്ഞാപത്രം ലഭ്യമാക്കണം. അപ്പോൾ ആവശ്യപ്പെടുമ്പോഴൊക്കെ ഇതിന്റെ ഉടമസ്ഥൻ എഴുതിക്കൊടുക്കണം, അതിന്റെ സ്റ്റേറ്റ്മെന്റ് കൊടുക്കണം എന്നു പറയുന്നത്..... അത് അംഗീകരിക്കാൻ കഴിയില്ല. അതിന്റെ വിവരം ശേഖരിക്കേണ്ട എന്നല്ല ഞാൻ പറഞ്ഞത്. അത് കൃഷിക്കാരെ ശിക്ഷിക്കുന്നതിന് തുല്യമായിരിക്കും. അത് ഗുണത്തിനു പകരം കൂടുതൽ ദോഷമേ ചെയ്യൂ. 212–ൽ പറയുന്നുണ്ട് ന്യായമായ വിലയ്ക്കുവേണ്ടി അപ്പോൾ ചെടികളൊക്കെ കൊടുക്കണം. നഴ്സറികൾ പ്രോൽസാഹിപ്പിക്കണം. ഏറ്റവും നല്ല ഗുണമേൻമയുള്ള വിത്ത് കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുമ്പോൾ കൂട്ടത്തിൽ പറഞ്ഞുപോകുകയാണ്. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള നഴ്സറികൾ, നടീൽ വസ്തുക്കൾ കൊടുക്കുന്ന നല്ല തെങ്ങിൻതൈകൾ കൊടുക്കുന്ന, മാവ് തൈകളൊക്കെ കൊടുക്കുന്ന, അതുപോലെ നല്ല കായ്ഫലമുള്ള തൈകൾ കൊടുക്കുന്ന ഗവൺമെന്റിന്റെ നഴ്സറികളിലും കാർഷിക സർവ്വകലാശാലയുടെ നഴ്സറികളിലും ഒക്കെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരികയാണ്. ചില നഴ്സറികൾ അവസാനിപ്പിക്കണം. പിന്നീട് ഞങ്ങൾ അവസരമുള്ളപ്പോൾ ഇവിടെ പറയും. അതുകൊണ്ട് പ്രോൽസാഹിപ്പിക്കുക എന്നു പറയുമ്പോൾ ഗവൺമെന്റ് നഴ്സറികളും യൂണിവേഴ്സിറ്റിയുടെ നഴ്സറികളും എല്ലാം നേരെചൊവ്വേ നടത്തണം എന്നുകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിൽ ന്യായമായ വിലയ്ക്ക് എന്നു പറയുമ്പോൾ ന്യായമായ വിലയ്ക്കും സൗജന്യമായും, ചിലപ്പോൾ സൗജന്യമായി കൊടുക്കാൻ പറ്റുന്ന സന്ദർഭത്തിൽ .....

217—ഇതു സംബന്ധിച്ച് കയർവകുപ്പിൽനിന്ന് നമുക്ക് ഒരു കത്ത് വന്നിരുന്നു. ഈ പുഴയുടെ സൈഡ് സംരക്ഷിക്കാൻ കയർഫെഡ് വലിയ പദ്ധതി കൊണ്ടുവരുന്നുണ്ട്, കയർവകുപ്പിന്റെ ആഭിമുഖ്യത്തിൽ. ഫലവൃക്ഷങ്ങൾ, മുള അതുപോലെ ചിലതൊക്കെ വച്ചുപിടിപ്പിച്ചാൽ മണ്ണൊലിപ്പ് തടയാം എന്നു പറഞ്ഞതുപോലെ നമ്മുടെ റോഡുകളും പുഴകളും നദികളുമൊക്കെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള ചില മരങ്ങൾ സംരക്ഷണത്തിനാവശ്യമായവ വച്ചുപിടിപ്പിക്കുക എന്നുകൂടി ചേർക്കണം.

വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് ഇതിലെവിടെയും പറയുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നു പറയുമ്പോൾ ചെറിയ നഴ്സറികൾ — അംഗനവാടികൾ തൊട്ട് തുടങ്ങാം. കോളേജുകൾ, യൂണിവേഴ്സിറ്റികൾ ഉൾപ്പെടെ വൃക്ഷം വച്ചുപിടിപ്പിക്കാൻ ശരിയായ ബോധവൽക്കരണവും കാര്യങ്ങളുമൊക്കെ ആവശ്യമാണ്. 4 (ഇ)യിൽ പറയുന്നു, പ്രദർശനങ്ങളുടെ കാര്യം. ഇത് പറയുമ്പോൾ ഒരു കാര്യം ഞാൻ അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തട്ടെ. നമ്മുടെ ഫോറസ്റ്റ് വകുപ്പ് ലക്ഷക്കണക്കിന് രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്; ആർക്കാണ് പ്രയോജനം കിട്ടുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിച്ചപ്പോൾ കേരളത്തിലെ എല്ലാത്തരം പക്ഷികളെക്കുറിച്ചും പഠനം നടത്തി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ഒരു റിപ്പോർട്ട് ഉണ്ടാക്കിയിട്ടുണ്ട്. ഫോട്ടോ ശേഖരിച്ചു, പേരു നിശ്ചയിച്ചു, പ്രിന്റുചെയ്ത് എണ്ണൂറു രൂപ വിലയും നിശ്ചയിച്ചു. കമ്മിറ്റി പരിശോധിച്ചപ്പോൾ കണ്ടത് വഴുതക്കാട് ഫോറസ്റ്റ് ആസ്ഥാനത്ത് ഇത് ഒരു മുറിക്കകത്ത് പൂട്ടി ഇട്ടിരിക്കുന്നതാണ്. ഒരാൾക്കുപോലും കൊടുത്തിട്ടില്ല. വിദ്യാർത്ഥികൾക്ക് പ്രയോജനമാകത്തക്കരീതിയിൽ അത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായി കൊടുക്കാൻ കമ്മിറ്റി നിർദ്ദേശിച്ചു. കുട്ടികളെങ്കിലും പക്ഷികളുടെ ചിത്രം കണ്ടു പഠിക്കട്ടെ. പഠനം നടത്തിയതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

മാത്രം കാര്യമില്ല. പണം ചെലവാക്കാനുള്ള വകുപ്പായി മാറരുത്. പഠനം നടത്തണം അതനുസരിച്ച് കാര്യങ്ങൾ എത്തേണ്ടിടത്ത് എത്തിക്കണം, അതുകൂടി ഇതിൽ വ്യവസ്ഥചെയ്താൽ കൊള്ളാം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, 204, 210, 211, 218 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(204) ഖണ്ഡം 4 (ബി)യിൽ

(1) "ഉടമസ്ഥരിൽനിന്നോ കൈവശക്കാരിൽനിന്നോ അവരുടെ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

(2) "ലഭ്യമാക്കുന്നതിനും" എന്ന വാക്കിനുശേഷം "അവയ്ക്ക് നമ്പർ നൽകി സൂക്ഷിക്കുന്നതിനും" എന്ന വാക്കുകൾകൂടി ചേർക്കുക.

(210) ഖണ്ഡം 4 (സി)യിൽ "മുറിച്ചിട്ടുള്ള" എന്ന വാക്കിനു പകരം "മുറിച്ചിട്ടുള്ളതോ കേടുവന്നതോ ആയ" എന്നവാക്കുകൾകൂടിചേർക്കുക.

(211) ഖണ്ഡം 4 (സി)യിൽ "ആവശ്യക്കാരായ ആളുകൾക്ക്" എന്ന വാക്കുകൾക്കു പകരം "ആവശ്യക്കാരായവർക്ക്" എന്ന് ചേർക്കുക.

(218) ഖണ്ഡം 4 (ഡി)യിൽ "വൃക്ഷങ്ങൾ" എന്നതിനുശേഷം "മുറിച്ചുമാറ്റി പകരം" എന്ന വാക്കുകൾ ചേർക്കുക.

4 (ബി)യിൽ അതിൽ നിലവിലുള്ള വൃക്ഷങ്ങളുടെ സെൻസസ് എടുക്കുന്നതിന് പ്രതിജ്ഞാപത്രം കൊടുക്കണമെന്നാണ്. ഉടമസ്ഥനെ സംബന്ധിച്ച് അത് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അതുകൊണ്ട് clause (3)-യിൽ നിർവ്വചിച്ചിട്ടുള്ളത് 4-ൽ ആവശ്യമില്ല. "ഉടമസ്ഥരുടെ കൈവശം" എന്ന വാക്ക് ഒഴിവാക്കുക, ശേഷം അവരുടെ ഭൂമിയിലുള്ള വൃക്ഷങ്ങൾക്ക് പ്രതിജ്ഞാപത്രം ലഭ്യമാക്കുന്നതിനുപുറമേ വൃക്ഷങ്ങൾക്ക് നമ്പർ നൽകി സൂക്ഷിക്കേണ്ടതുമാണ് എന്ന് ചേർക്കണം. അതുപോലെ തന്നെ 4 (സി)യിൽ പറയുന്ന പുതിയ മരങ്ങൾ മുറിച്ചു പകരം മരങ്ങൾ നടണം എന്നാണ്. അതിൽ മുറിച്ച മരങ്ങൾ മാത്രമല്ല ചിലത് കേട് വന്നിട്ടുണ്ടാകും, ഉണങ്ങിപ്പോയിട്ടുണ്ടാകും. ഇങ്ങനെ കേടുവന്നതും ഉണങ്ങിപ്പോയതും ആയ മരങ്ങൾക്കു പകരം പുതിയ മരങ്ങൾ ഉണ്ടാക്കട്ടെ, വനവൽക്കരണമാണല്ലോ ഉദ്ദേശം. അതുകൊണ്ട് പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് മുറിച്ചിട്ടുള്ളതോ, കേടുവന്നതോ ആയ എന്ന വാക്കുകൂടി ചേർക്കണം. അതിനുശേഷം പുതിയവ നടുന്നതിനോ ആവശ്യക്കാരായ ആളുകൾക്ക് എന്നതിനുശേഷം ആവശ്യക്കാരായവർക്ക് എന്നാക്കി മാറ്റണം. അതുപോലെ 218-ൽ വൃക്ഷങ്ങളോ എന്നത് കെട്ടിടങ്ങളുടെയോ, പുതിയ റോഡുകളുടെയോ നിർമ്മാണത്തിനോ, അല്ലെങ്കിൽ നിൽക്കുന്ന വൃക്ഷങ്ങൾ മാറ്റി നടുന്നതിനോ, റോഡിന് തകരാറായിട്ടോ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ വീടിനോ സ്വത്തിനോ ഒക്കെ നഷ്ടം ഉണ്ടാകുമ്പോഴാണ് അത്തരം മരങ്ങൾ മുറിച്ചുമാറ്റുന്നത്. ആ മരങ്ങൾ മുറിച്ചുമാറ്റി പകരം നടുന്നതിനോ മാറ്റി നടുന്നതിനോ എന്നാക്കി മാറ്റണം.

ശ്രീ. പി. ജെ. ജോയി: സർ, 220-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(220) ഖണ്ഡം 4 (ഇ)യിൽ (1) 'സംഘടിപ്പിക്കുകയും' എന്ന വാക്കിനു പകരം 'സംഘടിപ്പിക്കുന്നതിനും' എന്നും (2) 'സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾക്ക്' എന്ന വാക്കുകൾക്കു പകരം 'വ്യക്തികൾക്കോ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾക്കോ' എന്നും ചേർക്കുക.

നഴ്സറികൾക്കുള്ള (4) സി-ക്ക് കുറച്ചുകൂടി വിശദീകരണം വേണമെന്നു തോന്നുന്നു. വൃക്ഷത്തൈകളും വിത്തുകളും വിതരണം ചെയ്യുന്ന നഴ്സറികളുടെ എന്നാക്കി മാറ്റണം. അതുപോലെ സംഘടിപ്പിക്കുകയും എന്നതിനു പകരം സംഘടിപ്പിക്കുന്നതിനും സ്ഥാപനങ്ങൾക്കുശേഷം വ്യക്തികൾക്കോ പൊതുമേഖലാ സ്ഥാപനങ്ങൾക്കോ സഹായം നൽകുന്നതിനും എന്നാക്കി മാറ്റണം.

ശ്രീ. ടി. കെ. ദേവകുമാർ: 222-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(222) ഖണ്ഡം 4 (ഇ)യിൽ 'സ്വകാര്യ' എന്ന വാക്ക് നീക്കം ചെയ്യുക.

എന്റെ ഭേദഗതി മാണിസാറിന് സ്വീകരിക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി പ്രദർശന വ്യാപനങ്ങൾ സംഘടിപ്പിക്കുക. സഹായം നൽകുന്ന സ്വകാര്യ വ്യക്തികൾക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കുക, അവസരമുണ്ടാക്കുക, ചെയ്യാൻ തയ്യാറാവുന്നവർക്ക് നിയമത്തിന്റെ പരിരക്ഷ കൊടുക്കുക എന്നാണ്. പക്ഷേ സർക്കാരിന്റെ സഹായം സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കൊടുക്കുന്നതിലേക്കെത്തിയാൽ ഈ നിയമത്തിന്റെ മറവിൽ അത് ദുരുപയോഗം ചെയ്യപ്പെടും എന്ന് മനസ്സിലാക്കണം. അത് സ്വകാര്യതാൽപ്പര്യങ്ങൾക്കോ, വ്യക്തിതാൽപ്പര്യങ്ങൾക്കോ അനുസരണമായി ആ വാക്ക് ഉപയോഗിക്കപ്പെടുമെന്നുള്ളതുകൊണ്ട് സ്വകാര്യ എന്ന വാക്ക് ഒഴിവാക്കി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്ന് ഭേദഗതിചെയ്യുന്നത് നന്നായിരിക്കും. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എല്ലാ സൗകര്യവും ചെയ്തുകൊടുക്കണം. വ്യക്തികൾക്ക് ഈ നിയമത്തിന്റെ പരിരക്ഷയുടെ അടിസ്ഥാനത്തിൽ ചെയ്യാനുള്ള അനുവാദം ലഭ്യമാക്കുക, സഹായത്തിന് സർക്കാർ സ്ഥാപനങ്ങൾ വരുന്നത് ദുർവ്യാഖ്യാനം ചെയ്യപ്പെടും. മാണി സാറതു പരിശോധിച്ചാൽ മനസ്സിലാവും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: 223-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(223) ഖണ്ഡം 4 (ഇ)യിൽ 'സ്വകാര്യ പൊതുമേഖലാസ്ഥാപനങ്ങൾക്ക്' എന്നീ വാക്കുകൾക്കു പകരം "സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾക്കും" 'സന്നദ്ധ സംഘടനകൾക്കും' എന്നീ വാക്കുകൾ ചേർക്കുക.

4 (ഇ)യിൽ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും എന്നതിനു പകരം സർക്കാർ പൊതുമേഖലാസ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും എന്ന വാക്കുകൾകൂടി ചേർക്കണം. ഉദ്ദേശം ഫലപ്രദമാകണമെങ്കിൽ സന്നദ്ധ സംഘടനകൾക്കുകൂടി അതിനുള്ള സൗകര്യം ചെയ്തുകൊടുക്കണം. ധാരാളം സന്നദ്ധ സംഘടനകൾ ചെയ്യാൻ തയ്യാറായി മുന്നോട്ടുവരും. ബഹുമാനപ്പെട്ട മന്ത്രിക്ക് വളരെ എളുപ്പം സ്വീകരിക്കാവുന്ന ഒരു ഭേദഗതിയാണ്, ഇത് സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, 225-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(225) ഖണ്ഡം 4(ഇ)യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂട്ടിച്ചേർക്കുക:

'(എഫ്) അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വനേതര ഭൂപ്രദേശങ്ങളിൽ വൃക്ഷത്തൈകളും വിത്തുകളും നട്ടുവളർത്തി പരിപാലിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണം നടത്തുന്നതിനും';

4-ാം ഖണ്ഡികയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ — മാണിസാറിന്റെ ഉദ്ദേശത്തിന് emphasis ചെയ്യുന്ന ഒരു ഭേദഗതിയാണ്. 4 (ഇ) കഴിഞ്ഞിട്ട് കൂടെ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വനേതര ഭൂപ്രദേശങ്ങളിൽ വൃക്ഷത്തൈകളും, വിത്തുകളും നട്ടുവളർത്തി പരിപാലിക്കേണ്ടതിനും ബോധവൽക്കരണം നടത്തുന്നതിനും ബോധവൽക്കരണമില്ലാതെ ഒന്നും നടക്കില്ല. നമ്മുടെ നാടിന്റെ ഏറ്റവും വലിയ ആവശ്യമാണത്. ഇത് സ്വീകരിക്കുമെന്ന് കരുതുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* സർ, ശ്രീ. വി. ജെ. പൗലോസ് ഭേദഗതി അവതരിപ്പിച്ചിട്ടില്ലെന്നു തോന്നുന്നു. ഖണ്ഡം 4 (എ)യിൽ "മരങ്ങളുടെ നട്ടുവളർത്തലിനും" എന്നതിനു പകരം "വൃക്ഷത്തൈകളുടെ നട്ടുവളർത്തലിനും" എന്നു ചേർക്കുക എന്ന ഭേദഗതി സ്വീകരിക്കാമായിരുന്നു. മൂവ് ചെയ്തിട്ടില്ല. ഞാനത് വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. ശ്രീ. ടി. എം. ജേക്കബ് നല്ല ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ നിയമം കുറ്റമറ്റതാക്കണം. പ്രതിപക്ഷം പറഞ്ഞാൽ, ശ്രീ. ജേക്കബ് പറഞ്ഞാൽ അംഗീകരിക്കും എന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

തെളിവാണ്. പ്രതിപക്ഷത്തുനിന്നാണെങ്കിലും നല്ല ആശയങ്ങൾ പറഞ്ഞാൽ അംഗീകരിക്കും. ഈ നിയമംകൊണ്ട് കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. 4 (ബി)യിൽ എല്ലാ ഉടമസ്ഥരിൽനിന്നും വൃക്ഷങ്ങളുടെ കൈവശക്കാരിൽനിന്നും പ്രതിജ്ഞാപത്രം ലഭ്യമാക്കുക എന്ന നിബന്ധന കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കും. ഞാൻ ശ്രീ. ജേക്കബിന്റെ ആശയം സ്വീകരിക്കുന്നു, ഭേദഗതി സ്വീകരിക്കുന്നില്ല. ശ്രീ. ജേക്കബ് പറഞ്ഞിരിക്കുന്നത് (ബി) മുഴുവൻ ഒഴിവാക്കണമെന്നാണ്. ശ്രീ. കെ. പി. രാജേന്ദ്രന്റെ അമെന്റ്മെന്റിൽ 4 (ബി) മുഴുവൻ ഒഴിവാക്കാൻ പറഞ്ഞിട്ടില്ല. ദുഷ്കരമായ വാചകങ്ങൾ ഒഴിവാക്കാനാണ് പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ 201-ാം നമ്പർ ഭേദഗതിയിൽ വൃക്ഷങ്ങളുടെ സെൻസസ് എടുക്കുന്നതിനും എന്നു കഴിഞ്ഞിട്ട് മറ്റു വാചകങ്ങൾ ഒഴിവാക്കുക എന്നത് സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. രാജേന്ദ്രന്റെ ഭേദഗതിയും ശ്രീ. ജേക്കബിന്റെ ഉദ്ദേശവും അംഗീകരിക്കുന്നു അല്ലേ.

ശ്രീ. കെ. എം. മാണി: അതേ. അതുപോലെതന്നെ ശ്രീ. ടി. എം. ജേക്കബിന്റെ അമെന്റ്മെന്റ് സ്വീകാര്യമല്ല. നഴ്സറികൾ തൈകൾ വിൽക്കുമ്പോൾ ന്യായമായ വില അവർ നിശ്ചയിക്കട്ടെ. മാർക്കറ്റ് വിലയുടെ ഒന്നുപകുതി എന്നു പറയുന്നതിന്, there is no sanctity. മാർക്കറ്റ് വിലയുടെ 25% എന്നു പറയാം, 10% എന്നുപറയാം. മാർക്കറ്റ് വിലയുടെ ഒന്നുപകുതി എന്ന അമെന്റ്മെന്റ് സ്വീകരിക്കാൻ നിവൃത്തിയില്ല. ന്യായവിലയ്ക്ക് എന്നു പറയുന്നതാണ് ഏറ്റവും നല്ലത്. കാലാകാലങ്ങളിൽ പഞ്ചായത്ത് നിശ്ചയിക്കട്ടെ. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 194, 200, 213, 219 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 195, 227 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 198, 212, 217, 221, 226 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

GPM. 2/566/2012—41

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 204, 210, 211, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ, അങ്ങയുടെ 196, 224 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, പ്രസ് ചെയ്യുന്നു. ഞാൻ 224-ന് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ - 23

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, വി. കെ. ചന്ദ്രൻ
4. ,, ടി. കെ. ദേവകുമാർ
5. ,, കെ. കെ. ജയചന്ദ്രൻ
6. ,, എം. വി. ജയരാജൻ
7. ,, ടി. എം. ജേക്കബ്
8. ,, ജോണി നെല്ലൂർ
9. ,, പി. ജയരാജൻ
10. ഡോ. കെ. സി. ജോസഫ്
11. ശ്രീ. എം. കുമാരൻ
12. ,, കെ. വി. കുഞ്ഞിരാമൻ
13. ,, മത്തായി ചാക്കോ
14. ,, കെ. പി. മോഹനൻ
15. ,, എ. സി. മൊയ്തീൻ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. സി. കെ. നാണു
17. ,, പി. നാരായണൻ
18. ,, എം. പ്രകാശൻ മാസ്റ്റർ
19. ,, കെ. രാധാകൃഷ്ണൻ
20. ,, കെ. പി. രാജേന്ദ്രൻ
21. ,, രാജു എബ്രഹാം
22. ,, സാജു പോൾ
23. ,, പി. എസ്. സുപാൽ

പ്രതികൂലിക്കുന്നവർ - 41

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. ബാബു
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, പി. പി. ജോർജ്
8. ശ്രീമതി കെ. ആർ. ഗൗരിയമ്മ
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ,, ഇസ്ഹാക് കുരിക്കൾ
11. ,, കെ. സി. ജോസഫ്
12. ,, ജോസഫ് എം. പുതുശ്ശേരി
13. ,, പി. ജെ. ജോയി
14. ,, ഉമ്മൻ ചാണ്ടി
15. ,, എം. കെ. പോൾസൺ മാസ്റ്റർ
16. ,, അടൂർ പ്രകാശ്

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. ടി. എൻ. പ്രതാപൻ
18. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ,, ജി. കാർത്തികേയൻ
20. ,, കെ. എൻ. എ. ഖാദർ
21. ,, കെ. കെ. നായർ
22. ,, പി. കെ. കുഞ്ഞാലിക്കുട്ടി
23. ,, കെ. കുട്ടി അഹമ്മദ് കുട്ടി
24. ,, കെ. എം. മാണി
25. ,, സി. മോയിൻകുട്ടി
26. ,, ആര്യാടൻ മുഹമ്മദ്
27. ,, എം. കെ. മുനീർ
28. ,, കെ. കെ. ഷാജു
29. ,, സ്റ്റീഫൻ ജോർജ്
30. ,, സി. എഫ്. തോമസ്
31. പ്രൊഫ. കെ. വി. തോമസ്
32. ശ്രീ. എ. എൻ. രാജൻ ബാബു
33. ,, യു. സി. രാമൻ
34. ,, തമ്പാനൂർ രവി
35. ,, റോഷി അഗസ്റ്റിൻ
36. ,, ടി. പി. എം. സാഹിർ
37. ,, വി. ഡി. സതീശൻ
38. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
39. ശ്രീ. തോമസ് ഉണ്ണിയാടൻ
40. ,, ഉമേഷ് ചള്ളിയിൽ
41. ,, എം. എ. വാഹിദ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ: 23

പ്രതികൂലിക്കുന്നവർ: 41

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

3 PM.] ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി 23-നെതിരെ 41 വോട്ടുകളോടെ സഭ നിരാകരിച്ചു. 196-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ്: ഈ വകുപ്പ് ഇപ്പോൾ പാസ്സാക്കാൻ പോവുകയല്ലേ? ഇതിൽ 4 (ബി) എന്നു പറയുന്നത് 'നിലവിലുള്ള വൃക്ഷങ്ങളുടെ സെൻസസ് എടുക്കുന്നതിനും' എന്നതുകൊണ്ട് അവസാനിക്കുകയല്ലേ? അതിന് പ്രതിജ്ഞാപത്രം വേണ്ടല്ലോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* അതെ. പ്രതിജ്ഞാപത്രം വേണ്ട.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 231, 254 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(231) ഖണ്ഡം 5 (എ)-യിൽ നിന്ന് "സകാര്യ" എന്ന വാക്ക് നീക്കം ചെയ്യുക.

(254) ഖണ്ഡം 5 (ഡി) ആയി ചുവടെ പറയുന്നവ കൂട്ടിച്ചേർക്കേണ്ടതും തുടർന്നുള്ളത് ഉപഖണ്ഡം (ഇ) ആയി ക്രമപ്പെടുത്തേണ്ടതുമാണ്.

"(ഡി) ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ആവശ്യക്കാരായ എല്ലാ ആളുകൾക്കും സന്നദ്ധ സംഘടനകൾക്കും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും വിത്തുകളും, വൃക്ഷത്തൈകളും മറ്റും സൗജന്യമായോ ന്യായവിലയ്ക്കോ നൽകുക".

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, 237-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(237) ഖണ്ഡം 5 (എ)-യിൽ നിന്ന് "അംഗീകാരം നൽകുക" എന്ന വാക്കുകൾ ഒഴിവാക്കുക.

ഒരു കാര്യം പറയാനുള്ളത്, ഇതിൽ വനംവകുപ്പിന് ഈ നഴ്സറികൾ തുടങ്ങുവാനുള്ള അനുമതി കൊടുക്കുക എന്നു പറയുന്നത് വളരെ ഗൗരവമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിക്കുൾപ്പെടെ വഴിവയ്ക്കുന്ന ഒന്നാണ്. അതിൽ അംഗീകാരം നൽകുക എന്നു പറയുന്ന ഭാഗം നിർബന്ധപൂർവ്വം ഒഴിവാക്കണം. അതല്ലെങ്കിൽ അനാവശ്യമായി വനം വകുപ്പിന് നഴ്സറി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇടപെടേണ്ട അവസരമുണ്ടാകും.

ശ്രീ. എം. വി. ജയരാജൻ: സർ, 238-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(238) ഖണ്ഡം 5 (എ)-ൽ "സഹകാര്യ നഴ്സറികൾ വികസിപ്പിക്കുക, സംരക്ഷിക്കുക, അംഗീകാരം നൽകുക" എന്നീ വാക്കുകൾക്കു പകരം താഴെപ്പറയുന്ന ഭാഗം ചേർക്കേണ്ടതാണ്.

"ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ പുരുഷ-വനിതാ സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫോറസ്ട്രി ക്ലബ്ബുകൾ തുടങ്ങി"--

ശ്രീ. കെ. വി. രാജേന്ദ്രൻ: സർ, 239, 252, 255 എന്നീ നമ്പർ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു.

(239) ഖണ്ഡം 5 (എ)-ൽ "മുറിച്ചു മാറ്റിയിട്ടുള്ള മരങ്ങൾക്കു പകരം" എന്നത് ഒഴിവാക്കുക.

(252) ഖണ്ഡം 5 (സി) -ൽ "സാങ്കേതികവും" എന്ന വാക്കിനുശേഷം "ശാസ്ത്രീയവും സാമൂഹ്യവുമായ" എന്നുകൂടി ചേർക്കുക.

(255) ഖണ്ഡം 5 (ഡി) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"വിദ്യാലയങ്ങൾ വഴിയും സർക്കാർ സ്ഥാപനങ്ങൾ വഴിയും അംഗീകൃത സന്നദ്ധ സംഘടനകൾ വഴിയും വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും".

ഇതിൽ നമ്മൾ പുതുതായി വച്ചുപിടിപ്പിക്കുന്ന കാര്യം പറയേണ്ടതുണ്ടോ, അതുമതി. അതിന്റെ കൂട്ടത്തിൽ മുറിച്ചുമാറ്റിയിട്ടുള്ള മരങ്ങൾ എന്നുപറയുന്നു. നമ്മളെല്ലാം മുറിക്കുന്നതിനാണ് പ്രാധാന്യം കൊടുക്കുന്നത്. അതുകൊണ്ട് മരം മുറിക്കുന്നതിനല്ല മരം വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം കൊടുക്കുക. അവസാനത്തേത് ഞാൻ വീണ്ടും മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് വിദ്യാലയങ്ങൾ വഴി അതുപോലെ സന്നദ്ധ സംഘടനകൾ വഴിയെന്ന് ഇതിനകത്ത് stress ചെയ്യുന്നുണ്ട്. പ്രത്യേകിച്ച് വിദ്യാലയങ്ങൾ ഒഴിവാക്കിയതുപോലെ വരുന്നു. അത് നമുക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കേണ്ട ഒരു മേഖലയാണ്. ഞാൻ ഈ മൂന്നു ഭേദഗതിയും അവതരിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, 241-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(241) ഖണ്ഡം 5 (എ)-ൽ "ന്യായമായ വിലയ്ക്ക്" എന്ന വാക്കിനു പകരം "മാർക്കറ്റ് വിലയുടെ പകുതി വിലയ്ക്ക്" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന് കൊടുക്കുന്ന വിത്തുകളെ സംബന്ധിച്ചും വൃക്ഷത്തൈകളെ സംബന്ധിച്ചും മരങ്ങളെ സംബന്ധിച്ചുമാണ് പറയുന്നത്. അതുപോലെ തന്നെ ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞ കൂട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സോഷ്യൽ ഫോറസ്ട്രി മുഴുവനായി വിട്ടു കൊടുത്തുവെന്നു പറഞ്ഞു. ആ വകുപ്പിൽ 'ബി' യിൽ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുവേണ്ടിയുള്ള നടപടികൾ ചെയ്യാനും ഫോറസ്റ്റിനെ പുനരുദ്ധരിപ്പിക്കുകയാണ്. അതുകൊണ്ട് ഈ സഹകാര്യ നഴ്സറികൾ വികസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന്റെ കാര്യമാകുമ്പോൾ ഗവൺമെന്റിന് അതിൽ നിർദ്ദേശം കൊടുക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ഡയറക്ഷൻ കൊടുക്കുന്നത് ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞ ആദ്യത്തെ വാദം അവിടെ നിൽക്കുന്നു. പ്രത്യേക ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് കൊടുക്കാവുന്നതേയുള്ളൂ എന്ന് പറയുന്നു.

ശ്രീ. സി. കെ. നാണു: സർ, 242, 253 എന്നീ നമ്പർ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു.

(242) ക്ലോസ് 5 (എ) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"(എ) സഹകാര്യ നഴ്സറികൾക്കു പുറമെ കേരള സ്റ്റേറ്റ് ഫോറസ്ട്രികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ നഴ്സറികൾ സ്ഥാപിക്കുക, സംരക്ഷിക്കുക, മരങ്ങളും ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുക, മുറിച്ചുമാറ്റിയ മരങ്ങൾക്കുപകരം പുതിയവ നടുന്നതിനും ആവശ്യക്കാരായ എല്ലാ ആളുകൾക്കും വിത്തുകളും ഔഷധ സസ്യങ്ങളുടെ തൈകളും വൃക്ഷത്തൈകളും മരങ്ങളും ന്യായമായ വിലയ്ക്ക് നൽകുക."

(253) ക്ലോസ് 5 (സി)-യ്ക്കുശേഷം താഴെപ്പറയുന്നവ (ഡി) ആയി ചേർക്കുകയും ബാക്കിയുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(ഡി) വനംവകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗം വനാതിർത്തിക്കകത്ത് ഔഷധ വൃക്ഷങ്ങളും സസ്യങ്ങളും അടക്കമുള്ളവ വ്യാപകമായ തോതിൽ വച്ചുപിടിപ്പിക്കുക."

ഈ ബിൽ പാസ്സായി നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും വനവൽക്കരണവും അതുപോലെ അതിനനുസരിച്ച് ഭൂമി വെറുതെയിടാതെ ഒന്നുകിൽ ഔഷധ സസ്യങ്ങളും അതുപോലുള്ളതും വച്ചുപിടിപ്പിക്കുക എന്നുള്ളതിനേക്കാളും കൂടുതൽ വൃക്ഷങ്ങളും ചെടികളും വളർത്തിയെടുക്കാനാണല്ലോ നമ്മൾ ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ഈ വനപ്രദേശങ്ങളെ ഒഴിവാക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. വനാതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിൽ മരങ്ങളില്ലാത്ത കുറേ പ്രദേശങ്ങളുണ്ട്. ആ പ്രദേശത്തും മരങ്ങൾ വച്ചുപിടിപ്പിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കാനും സാധിക്കേണ്ടതാണ്. അപ്പോൾ സംസ്ഥാനം മൊത്തത്തിൽ ഈ വനവൽക്കരണത്തിലേക്ക് ഒരു ബിൽ കൊണ്ടുവരികയും അങ്ങനെ നോക്കുന്ന അവസരത്തിൽ ഇത് സബ്ജക്ട് കമ്മിറ്റിയിലൂടെയാണ് വന്നിരിക്കുന്നത്. അങ്ങനെ സബ്ജക്ട് കമ്മിറ്റിയിലൂടെ വന്നിരിക്കുന്നതുകൊണ്ട് മരങ്ങളില്ലാതെ വനാതിർത്തി ഒഴിവാക്കേണ്ട ആവശ്യമുണ്ടോ? അപ്പോൾ വ്യാപകമായ രൂപത്തിൽ ഇത് പാസ്സാക്കുന്നതോടുകൂടി സംസ്ഥാനത്ത് കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനും അതനുസരിച്ച് ചെടികൾ നൽകുന്നതിനാവശ്യമായ രൂപത്തിൽ നഴ്സറികൾ വർദ്ധിപ്പിക്കാനും പറ്റുന്ന വിധത്തിൽ ഈ ബിൽ പാസ്സാക്കി പ്രാവർത്തികമാക്കുന്നതോടൊപ്പം, ഇപ്പോൾ പല സംസ്ഥാനങ്ങളിലും കാണുന്നതു പോലെ നമ്മുടെ വനം നഷ്ടപ്പെട്ടതിന്റെ സ്ഥാനത്ത് പുതിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വനത്തിന്റെ അന്തരീക്ഷം കൂടുതൽ വളർത്തിയെടുക്കുന്നതിന് സഹായകരമായ രൂപത്തിലായിരിക്കും 253-ാം നമ്പർ ഭേദഗതി അംഗീകരിക്കുക വഴിയുണ്ടാകുന്നത്.

ശ്രീ. ജോണി നെല്ലൂർ: സർ, 243, 245 എന്നീ നമ്പർ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു.

(243) ചെണ്ഡം 5 (എ) താഴെപ്പറയും പ്രകാരം മാറ്റുക- "സ്വകാര്യ നഴ്സറികൾ വികസിപ്പിക്കുക, സംരക്ഷിക്കുക, അംഗീകാരം നൽകുക, പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കുക, മുറിച്ചു മാറ്റിയതിന് പകരം പുതിയവ വച്ചുപിടിപ്പിക്കുക എന്നിവയ്ക്കായി എല്ലാ ആളുകൾക്കും വിത്ത്, വൃക്ഷത്തൈ എന്നിവ ന്യായമായ വിലയ്ക്ക് നൽകുകയും ഇവ നടുവാൻ ആവശ്യമായ സാങ്കേതിക ഉപദേശം നൽകുകയും ചെയ്യുക."

(245) ചെണ്ഡം 5 (ബി)-ൽ "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ" എന്നതിനുശേഷം "പരിസ്ഥിതി സംഘടനകൾ എന്നിവ" എന്നതുകൂടി ചേർക്കുക. ഇതിൽ 5-ാം വകുപ്പുതന്നെ വനം വകുപ്പിന്റെ കർത്തവ്യങ്ങൾ നിർവ്വഹിച്ചിരിക്കുന്ന വകുപ്പാണ്. അതിൽ 5 (എ)-ൽ ഇപ്പോൾ പറഞ്ഞിരിക്കുന്നതിനോട് അനുബന്ധമായി അതിനൊരു ചെറിയ മാറ്റം, ഇപ്പോൾ തത്വത്തിൽ ശ്രീ. വി. ജെ. പൗലോസ് ഉന്നയിച്ച് അത് അദ്ദേഹമില്ലാതെ മന്ത്രി ഓറൽ അമെന്റുമെന്റ് കൊണ്ടുവന്ന കാര്യവും ഇതിനകത്ത് വരുന്നുണ്ട്. പുതിയ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക എന്നാക്കി മാറ്റേണ്ടതായിട്ടുണ്ട്. പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കുക എന്നാണ്, അത് ബഹുമാനപ്പെട്ട മന്ത്രി ആ രീതിയിൽ ഉൾക്കൊള്ളുമെന്ന് ഞാൻ കരുതുകയാണ്. അങ്ങ് സ്വീകരിച്ച ഓറൽ അമെന്റുമെന്റനുസരിച്ച് ഭേദഗതിയിൽ മാറ്റം വരുത്തണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. എല്ലാ ആളുകൾക്കും വിത്ത്, വൃക്ഷത്തൈകൾ എന്നിവ ന്യായമായ വിലയ്ക്ക് നൽകുകയും എന്നതുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഇത് നടുവാൻ ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക എന്നുകൂടി ചേർക്കണം. ധാരാളം പരിസ്ഥിതി വാദികൾ, പരിസ്ഥിതി സംഘടനകൾ ഈ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കാൻ വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുവരുന്നുണ്ട്. അതുകൊണ്ട് 5 (ബി)-ൽ പരിസ്ഥിതി സംഘടനകൾ എന്നിവ കൂടി ചേർത്തുകൊണ്ട് ഇതു സ്വീകരിക്കണം എന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(244) ഖണ്ഡം 5 (സി)-ൽ (1) "തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന" എന്നതിനുപകരം "തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച്" എന്ന് ചേർക്കുക.

(2) "വൃക്ഷം നട്ടു വളർത്തുന്നതിനുള്ള" എന്നതിനുപകരം "വൃക്ഷത്തൈകൾ നട്ടു വളർത്തുന്നതിനുള്ള" എന്ന് ചേർക്കുക.

(257) ഖണ്ഡം 5 (ഡി)-ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം കൂടി ചേർക്കുക.

"(ഇ) വനേതര പ്രദേശങ്ങളിൽ വൃക്ഷത്തൈകളും വിത്തുകളും നട്ടു വളർത്തി പരിപാലിക്കേണ്ടത് സംബന്ധിച്ച ഉപദേശങ്ങൾ നൽകുക".

ശ്രീ. പി. ജയരാജൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(246) ഖണ്ഡം 5 (ബി) താഴെപ്പറയുന്നപ്രകാരം മാറ്റുക.

"(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും പങ്കാളിത്തവും തേടുക". തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വൃക്ഷം നട്ടുവളർത്തുന്നതിനുള്ള സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുക എന്നത് വനംവകുപ്പിന്റെ കർത്തവ്യത്തിൽപ്പെടുത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകമായിട്ടുള്ള സ്ഥാപനങ്ങളാണല്ലോ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നു പറയുന്നത് ഗവൺമെന്റാണ്. അപ്പോൾ ഗവൺമെന്റുകളുടെ കർത്തവ്യം. ഇവിടെ 5 (ബി) ഞാൻ ഈ പറഞ്ഞ നിലയിൽ ഭേദഗതി ചെയ്യണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. 5 (ബി) സാമൂഹ്യ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായവും പങ്കാളിത്തവും തേടുക എന്നാക്കി മാറ്റണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു കർത്തവ്യം പോലെയാണ് ഇവിടെ വരുന്നത്. അതു നേരത്തെ പറഞ്ഞിട്ടുണ്ട്. ഇതു വനം വകുപ്പ് ചെയ്യേണ്ട ഒരു കാര്യമാണ്. സഹായം തേടുക എന്ന അടിസ്ഥാനത്തിൽ ഞാൻ ഈ പറഞ്ഞിട്ടുള്ള ഭേദഗതിയാണ് ഉചിതമായിട്ടുള്ളത് എന്നതാണ് എന്റെ നിർദ്ദേശം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(251) ഖണ്ഡം 5 (സി)-ൽ "വച്ച് പിടിപ്പിക്കുന്നതിന്" എന്നതിനുപകരം "വച്ചു പിടിപ്പിക്കുന്നതിനും വളർത്തുന്നതിനും" എന്ന് ചേർക്കുക.

GPM. 2/566/2012—42

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ മരം വച്ചു പിടിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായത്തെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. വച്ചു പിടിപ്പിക്കുന്നതിനേക്കാൾ കൂടുതലാണ് വളർത്തിക്കൊണ്ടു വരുന്നതിനുള്ള സാങ്കേതിക സഹായം. അതിനു മരം വച്ചു പിടിപ്പിക്കുന്നതിനും വളർത്തുന്നതിനും എന്നു കൂടി ചേർക്കുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ക്ലാസ് 5 (എ)-ൽ പറയുന്ന ഒരു വാക്ക്, അതിൽ "മരങ്ങളും" എന്ന വാക്ക് ഡിലീറ്റു ചെയ്യണം. മുറിച്ചു മാറ്റിയ മരങ്ങൾക്കു പകരം പുതിയവ നടുന്നതിനും ആവശ്യക്കാരായ എല്ലാ ആളുകൾക്കും വിത്തുകളും വൃക്ഷത്തൈകളും മരങ്ങളും ന്യായമായ വിലയ്ക്ക് നൽകുക. മരങ്ങളും എന്നു പറഞ്ഞാൽ അതു തെറ്റാണ്. ക്ലാസ്സ് 5 (എ)-ൽ പറയുന്ന "മരങ്ങളും" എന്നുള്ള വാക്ക് ഒഴിവാക്കണമെന്ന് വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കൂടി എന്നുള്ളതിന്റെ ആവശ്യം ഇല്ലല്ലോ എന്നു പറയുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള സാമൂഹ്യ വനവൽക്കരണ പദ്ധതികൾ തുടർന്നും നടപ്പിലാക്കുക. അതിനൊന്നും തെറ്റില്ല. ബാക്കിയുള്ള അമെന്റുമെന്റുകൾ ഒന്നും സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 231, 254 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 239, 252, 255 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 242, 253 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 243, 245 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 244, 257 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(259) ഖണ്ഡം 6 (1)-ൽ "ഓരോ ഉടമസ്ഥനും" എന്നീ വാക്കുകൾക്ക് ശേഷം "പരിസ്ഥിതിക്ക് കോട്ടം തട്ടാതെ നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി" എന്ന് ചേർക്കുക.

(292) ഖണ്ഡം 6(2)-ന്റെ ഒന്നാം ക്ളിപ്ത നിബന്ധന താഴെപ്പറയുന്ന പ്രകാരം മാറ്റുക.

"എന്നാൽ റിസർവ്വ് വനാതിർത്തിയിൽ നിന്നും പത്തു കിലോ മീറ്ററിനുള്ളിലുള്ള വനേതര ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ മുറിക്കുന്നതിനോ വൃക്ഷത്തിന്റെ തടി കൊണ്ടുപോകുന്നതിനോ അനുമതി നല്കാൻ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർക്കോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കോ അധികാരമുണ്ടായിരിക്കുന്നതല്ല".

(294) ഖണ്ഡം 6(2)-ന്റെ രണ്ടാം ക്ളിപ്ത നിബന്ധന ഒഴിവാക്കേണ്ടതാണ്.

ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പാണ്. ഉടമസ്ഥർക്ക് വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അവകാശത്തെ സംബന്ധിച്ച വകുപ്പ്. അതിൽ ആദ്യത്തെ എന്റെ ഭേദഗതി 259-ൽ വനേതര ഭൂമിയുടെ ഓരോ ഉടമസ്ഥനും അയാളുടെ മരങ്ങൾ മുറിക്കുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള അവകാശം കൊടുത്തിരിക്കുകയാണ്. യാതൊരു നിയന്ത്രണങ്ങളുമില്ല. ആ ഭൂമി ഏതു പ്രദേശത്ത് ഉൾപ്പെടുന്നതാണ്, പാരിസ്ഥിതികമായിട്ടുള്ള എന്തെങ്കിലും പ്രാധാന്യം ഉള്ളതാണോ, അങ്ങനെയുള്ള ഒരു പരിഗണനയും നോക്കാതെ, ചന്ദന മരം ഒഴിച്ച് ഏതും അവിടെ നിന്നും വെട്ടിക്കൊണ്ടുപോകാനുള്ള സർവ്വതന്ത്രസ്വാതന്ത്ര്യമാണ് കൊടുത്തിരിക്കുന്നത്. കൃഷിക്കാരെ സഹായിക്കാനാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, കൃഷിക്കാർ അവരുടെ ഭൂമിയിൽ ദേഹണ്ഡം ചെയ്ത്, അവർ വളർത്തിക്കൊണ്ടുവന്ന മരങ്ങൾ മുറിച്ചു മാറ്റാനാണെങ്കിൽ, അതിൽ ഒരു കാര്യം നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. പരിസ്ഥിതിക്ക് ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കുന്ന ഈ കാലഘട്ടത്തിൽ, പരിസ്ഥിതിക്കു കോട്ടം തട്ടാതെ നോക്കാൻ നിയമങ്ങളുണ്ട്. ഒരു നിയമവും

LIBRARY ARCHIVES Kerala Legislative Assembly

ഇവിടേക്കു ബാധകമല്ലെന്നു വച്ചാൽ അതു നിയമത്തിനു തന്നെ എതിരാണ്. ചില നിയമങ്ങൾ നിയന്ത്രിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ഏതു നിയമം ഇവിടെ പാസ്സാക്കിയാലും, ചില നിയമങ്ങൾ ഭൂമിശാസ്ത്രപരമായി, പാരിസ്ഥിതികമായി അതിന്റെ സന്തുലിതാവസ്ഥ നിയന്ത്രിക്കുന്നതിന് ഇടവരുത്തുന്നതായിരിക്കും. ഇവിടെ സുനാമി വന്നു. നമ്മൾ ആരെങ്കിലും അങ്ങനെയൊരു സുനാമി പ്രതീക്ഷിച്ചതാണോ? കേരളത്തിന്റെ കടൽത്തീരത്ത്, ആലപ്പാട്ട് പഞ്ചായത്തിലും ആലപ്പുഴ ജില്ലയിലും എറണാകുളം ജില്ലയിലുമൊക്കെയുള്ള കടൽ മേഖലകളിൽ സുനാമി വരുമെന്ന് നമ്മുടെ ഏതെങ്കിലും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്ക് മുൻകൂട്ടി കാണാൻ കഴിഞ്ഞിട്ടുണ്ടോ? കാണാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ഭൂമിക്കു ചില പ്രത്യേകതകളുണ്ട്. അതിനൊരു പാരിസ്ഥിതികമായ കോട്ടം വരാൻ പാടില്ല. അങ്ങനെ ഉണ്ടായാൽ ഉണ്ടാകുന്ന ദുരന്തങ്ങൾ വളരെ വലുതാണ്. അതിന്റെ ഉത്തമ ഉദാഹരണം നമ്മുടെ മുമ്പിൽ നിൽക്കുകയും ആ ദുരന്തത്തെക്കുറിച്ച് നമ്മൾ ഇവിടെ ചർച്ചചെയ്യുകയും ചെയ്യുമ്പോൾ, ഭൂമിയിൽ നിന്നും എപ്പോൾ വേണമെങ്കിലും ഒരു തടസ്സവുമില്ലാതെ മരം വെട്ടിക്കൊണ്ടു പോകാമെന്നു പറഞ്ഞാൽ അതു ദൂരവ്യാപകമായ അപകടങ്ങൾ വരുത്തി വയ്ക്കും. ഈ നിയമം കൊണ്ടു ഈ വകുപ്പു ഉദ്ദേശിച്ചത് എന്താണ്? ഞാൻ നേരത്തെ പറഞ്ഞതുപോലെ പൊടിപ്പും തൊങ്ങലുമുണ്ടാക്കി, മധുരത്തിൽ പൊതിഞ്ഞ്, പഞ്ചാര വാക്കുകൾ പറഞ്ഞ് വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക, പ്രോൽസാഹിപ്പിക്കുക എന്നു പറഞ്ഞ്, ആ മറവിൽ ആറാമത്തെ വകുപ്പ് വരികയാണ്. ഇതുവരെയുള്ള വകുപ്പുകളൊക്കെ നമ്മൾ തട്ടി തലോടി എവിടെ നിന്നും വെട്ടിക്കൊണ്ടു പോകാമെന്നുള്ള അവസ്ഥയിലാക്കി. സുനാമി ദുരന്തത്തിന്റെ സാഹചര്യത്തിൽക്കൂടിയാണ് ഞാൻ ഇതു പറയുന്നത്. രാവിലെ കൊക്കകോളയുടെ വിഷയം അവതരിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞു, ഇത്രയൊക്ക ചർച്ച നടത്തിയിട്ട് സൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധി കഴിഞ്ഞ്, ഡിവിഷൻ ബഞ്ച് മറിച്ചും തിരിച്ചും നോക്കിയിട്ടും ഒന്നിനും കഴിയുന്നില്ല. കൊക്കകോള ഉൾപ്പെടുന്ന ചിറ്റൂർ താലൂക്കിലും പ്ലാച്ചിമടയിലും പെരുമാട്ടി പഞ്ചായത്തിലും പുതുശ്ശേരി പഞ്ചായത്തിലുമൊക്കെ സുപ്രീംകോടതിയുടെ മോണിറ്ററിംഗ് കമ്മിറ്റി വന്ന് പരിശോധിച്ച്, പഠിച്ച് പഠനം നടത്തിയിട്ടാണ് ഇപ്പോൾ റിപ്പോർട്ടു വച്ചിരിക്കുന്നത്. കേരളത്തിലെ ഈ പ്രദേശങ്ങളിൽ നിന്നും ഭൂജലം അനിയന്ത്രിതമായി ഉപയോഗിക്കാൻ പാടില്ല. ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടിയോടു നന്ദിയുണ്ട്. അദ്ദേഹം എത്ര ഉത്തരവാദിത്വത്തോടുകൂടി കാര്യങ്ങൾ മനസ്സിലാക്കി തീരുമാനമെടുത്തില്ലേ? ചില കാര്യങ്ങൾ നമ്മൾ മനസ്സിലാക്കണം. ഇത്തരമൊരു നിയമം ഇവിടെ പാസ്സാക്കുമ്പോൾ, ഇതു പറയാനുള്ള ബാദ്ധ്യതയും ഉത്തരവാദിത്വവും ഞങ്ങൾക്കുള്ളതുകൊണ്ട് പറയുകയാണ്. ഈ വകുപ്പു പ്രകാരം ഏതു പ്രദേശത്തു നിന്നും മരം വെട്ടിക്കൊണ്ടു പോകാനുള്ള സർവ്വതന്ത്ര സ്വാതന്ത്ര്യം കൊടുത്താൽ അതു നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കും നമ്മുടെ നാടിന്റെ പാരിസ്ഥിതികമായ പ്രദേശങ്ങളുടെ സന്തുലിതാവസ്ഥയുൾപ്പെടെയുള്ള കാര്യങ്ങൾക്ക് അപകടം വരുത്തുന്നതാണ്. ആറാമത്തെ വകുപ്പിന്റെ രണ്ടാമത്തെ ഉപവകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്, "എന്നാൽ റിസർവ്വ് വനാതിർത്തിയിൽ നിന്നും പത്തു കിലോ മീറ്ററിനുള്ളിലുള്ള വനേതര ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ മുറിയ്ക്കുന്നതിനോ വൃക്ഷത്തിന്റെ തടികൊണ്ടു പോകുന്നതിനോ അനുമതി നല്കാൻ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ അധികാരമുണ്ടായിരിക്കുന്നതല്ല" എന്നാണ്. ശബരിമലയുടെ കാര്യത്തിലൊക്കെ നമ്മുടെ ഗവൺമെന്റും കേന്ദ്രഗവൺമെന്റും പ്രധാനമന്ത്രിയും ഇടപെട്ട് നമുക്കുണ്ടായ പ്രശ്നങ്ങൾ അറിയാമല്ലോ. പല നിയമങ്ങളും കേന്ദ്രത്തിൽ നിലനിൽക്കുന്നുണ്ട്. ഇതൊക്കെ നോക്കിയിട്ടാണോ ഡ്രാഫ്ട് ചെയ്തിരിക്കുന്നത്? റിസർവ്വ് വനാതിർത്തിയിൽ നിന്നും അഞ്ചു കിലോമീറ്ററിനുള്ളിലുള്ള വനേതര ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ വെട്ടിക്കൊണ്ടു പോകാം. ഒരു ഫോറസ്റ്റ് ഓഫീസറുടെ ഒരു കടലാസ്സ് വാങ്ങിക്കണം. ഇതൊക്കെയല്ലേ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അഴിമതിക്കും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ഒരു ഓഫീസറിൽ നിന്നും സർട്ടിഫിക്കറ്റു കിട്ടാൻ എന്തെങ്കിലും വിഷമമുണ്ടോ? അതുകൊണ്ട് റിസർവ്വ് വനാതിർത്തിയിൽ നിന്നും അഞ്ചു കിലോമീറ്റർ എന്നുള്ളത് ഒഴിവാക്കണമെന്നെങ്കിലും എഴുതി വച്ചിരുന്നെങ്കിൽ ഞാൻ ഉദ്ദേശശുദ്ധിയെ പോദ്യം ചെയ്തില്ലായിരുന്നു. റിസർവ്വ് വനത്തിന്റെ തൊട്ടു കിടക്കുന്ന അഞ്ചു കിലോമീറ്റർ എന്നു പറഞ്ഞാൽ. എവിടെയാണ്? ജണ്ട തിരിച്ച് റിസർവ്വ് വനത്തിന്റെ അതിർത്തി നിശ്ചയിച്ചതിൽ നിരവധി ഡിസ്പ്യൂട്ട് ഉണ്ട്, തർക്കങ്ങളുണ്ട്? റിസർവ്വ് വനത്തിന്റെ ചുറ്റും കിടക്കുന്ന പ്രദേശങ്ങളിൽ പലതും കയ്യേറിയ ഭൂമിയല്ലേ? ആ ഭൂമിക്കു പട്ടയം കൊടുത്തതിനെക്കുറിച്ചുള്ള ഒരുപാടു തർക്കങ്ങളും വീഗൽ റിറ്റിഗേഷനും നടക്കുകയല്ലേ? കേസ്സുകൾ നടക്കുകയല്ലേ? ഇവിടെ എത്രയോ ആക്ഷേപങ്ങൾ ഉന്നയിച്ചിരിക്കുന്നു. നമ്മുടെ വനപ്രദേശങ്ങളുമായി ബന്ധപ്പെട്ട സംഗതി. അഞ്ചു കിലോമീറ്ററിനുള്ളിൽ മരം വെട്ടാൻ അനുവദിച്ചാൽ അതിന്റെ അർത്ഥം. നിബിഡമായ നമ്മുടെ ഫോറസ്റ്റ് ഏരിയയിലേക്ക് കോടാലി അല്ലെങ്കിൽ മഴു ആഞ്ഞുവീശാൻ പോകുകയാണ് എന്നാണ്. ഇതു നമ്മുടെ നാട്ടിൽ ഒരു മരം വെട്ടുന്നതുപോലെയല്ല. ഇതു റിസർവ്വ് ഫോറസ്റ്റുമായി ബന്ധപ്പെട്ട മേഖലകൾ. ഇന്ന് ഫോറസ്റ്റ് ആണോ അല്ലയോ എന്നു തർക്കമുള്ള നിബിഡമായ വനങ്ങളിൽ മരം വെട്ടി മാറ്റാനുള്ള. മഴു ആഞ്ഞുവീശാനുള്ള സാഹചര്യമാണുള്ളത്. അതുകൊണ്ട് ഞാൻ ഒരു ഭേദഗതി അവതരിപ്പിക്കുന്നത് ആ റിസർവ്വ് വനാതിർത്തിയുടെ 10 കിലോമീറ്ററിനുള്ളിൽ. ഏതു നിയമം തന്നെ ഇതിൽ അടങ്ങിയിരുന്നാലും, 10 കിലോമീറ്ററിനുള്ളിൽ നിന്നും ഒരു മരവും മുറിച്ചു കൊണ്ടു പോകാനുള്ള അനുവാദം കൊടുക്കാൻ പാടില്ല.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(260) ക്ലോസ് 6 (1)-ൽ "അയാളുടെ" എന്നതിനുപകരം "അവരുടെ" എന്ന് ചേർക്കുക. "ഏതൊരു മരവും" എന്നതിനുശേഷം "ആവശ്യം ബോദ്ധ്യപ്പെടുത്തി" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(295) ചെണ്ഡം 6(2)-ൽ 'ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ' എന്ന വാക്കിനുശേഷം 'പരിശോധിച്ച്' എന്ന വാക്കും 'പ്രതിജ്ഞാപത്രത്തിന്റെ' എന്ന വാക്കിനുശേഷം 'സാക്ഷ്യപ്പെടുത്തിയ' എന്ന വാക്കുംകൂടി ചേർക്കുക.

(296) ചെണ്ഡം 6(2)-ലെ രണ്ടാം ക്ളിപ്ത നിബന്ധനയിലെ

"അത് ലഭിച്ചതായി കരുതപ്പെടേണ്ടതാണ് എന്നതിനുപകരം"

"തൊട്ടുമേലെയുള്ള ഓഫീസറോട് പരാതിപ്പെടാവുന്നതാണ്" എന്നു ചേർക്കുക.

സർ, ഇവിടെ നിയമങ്ങൾ ഇല്ലാത്ത പ്രശ്നമില്ല. ഇപ്പോൾ നിലവിലുള്ള ഒരു നിയമംകൂടി മാറ്റിമറിക്കപ്പെടുകയാണ്. നിലവിൽ അവനവന്റെ വീട്ടുവളപ്പിൽ നിന്നുതന്നെ അവനവനാവശ്യമായ മരം മുറിക്കണമെങ്കിൽ അതിന്റെ ആവശ്യം ബോദ്ധ്യപ്പെടുത്തണം. ഈ നിയമനിർമ്മാണത്തോടുകൂടി അത് ഇല്ലാതാകുകയാണ്. ഈ നിയമസഭയ്ക്കകത്തുതന്നെ വയനാട് ജില്ലയിൽ ചില മരങ്ങൾ മുറിക്കാൻ അനുമതി നിഷേധിച്ചുകൊണ്ടുള്ള വ്യവസ്ഥയുണ്ടായിരുന്നു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അത് മുറിക്കാനുള്ള പെർമിഷൻ കൊടുത്തത്. ഇപ്പോൾ വയനാട് ജില്ലയിൽ പോകുന്ന ഏതൊരാളിനും കാണാൻ കഴിയുന്നത് തോട്ടങ്ങളിൽ നിന്നുവരെ മരങ്ങൾ മുറിച്ചുമാറ്റിയിരിക്കുകയാണ്. വയനാട് ജില്ല ഇപ്പോൾ ഏതാണ്ട് നിരപ്പായി. ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത് പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശമെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. എന്നാൽ ഈ നിയമത്തോടുകൂടി ഈ ക്ളോസ് ഇല്ലാത്ത ഒരവസ്ഥയുണ്ടാകുകയാണ്. എന്തിനുവേണ്ടിയാണ് മരം മുറിക്കുന്നതെന്ന് ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമില്ല. അങ്ങനെ ആർക്കും യഥേഷ്ടം മരം മുറിച്ചുകൊണ്ടു പോകാൻ കഴിയുന്ന ഒരു ക്ളോസ് ഇതിനകത്ത് വരുകയാണ്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് 6(1)-ൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വനേതര ഭൂമിയുടെ ഓരോ ഉടമസ്ഥനും അയാളുടെ ഭൂമിയിൽ നിൽക്കുന്ന ചന്ദന മരം ഒഴികെയുള്ള ഏതൊരു മരവും മുറിക്കുന്നതിനും കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ് എന്നാണ്. അത് അയാളുടെ ഭൂമിയിൽ നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള ഏതൊരു മരവും ആവശ്യം ബോദ്ധ്യപ്പെടുത്തി മുറിക്കുന്നതിനും കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ് എന്നാക്കി മാറ്റണമെന്നതാണ് എന്റെ ഭേദഗതി. അതുപോലെ തന്നെ 6(2)-ൽ പറയുന്നത് ഫോറസ്റ്റ് ഉദ്യോഗസ്ഥന്റെ താഴെയല്ലാതെ ചെയ്തിട്ടുള്ള ഓരോ പ്രതിജ്ഞാപത്രത്തിനും ഉടൻതന്നെ ഫോറസ്റ്റ് റെയിഞ്ച് ആഫീസർ കൈപ്പറ്റ് രസീത് നൽകേണ്ടതും അങ്ങനെ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ പകർപ്പ് തടികൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ് എന്നാണ്. ഇതിന്റെ വസ്തുതയെ സംബന്ധിച്ച് യാതൊരു പരിശോധനയും വേണ്ടെന്നാണ്. അത് പരിശോധിച്ചല്ലാതെ കൊടുക്കാൻ വേണ്ടി കഴിയുകയില്ല. അത് ഓഫീസർ പരിശോധിച്ച് കൈപ്പറ്റ് രസീത് നൽകേണ്ടതും അങ്ങനെ കൈപ്പറ്റ് രസീത്

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ പകർപ്പ് തടി കൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കണം. ഇപ്പോൾ നമുക്കറിയാമല്ലോ നമ്മുടെ സമൂഹത്തിലെ സ്ഥിതി. അതുപോലെ അടുത്ത ക്ലോസിൽ പറയുന്നത് പ്രതിജ്ഞാപത്രം ലഭിച്ച് 20 ദിവസത്തിനുള്ളിൽ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ കൈപ്പറ്റ് രസീത് കിട്ടിയില്ലെങ്കിൽ അത് ലഭിച്ചതായി കരുതണമെന്നാണ്. ഉദാഹരണത്തിന് ഇപ്പോൾ 20 ദിവസം നീണ്ടുനിൽക്കുന്ന ഒരു പോസ്റ്റൽ സമരമുണ്ടായിയെന്നിരിക്കട്ടെ. ഒരു വ്യക്തിക്ക് മരം മുറിക്കുന്നതിനുവേണ്ടി ഇത് അയച്ചിരിക്കുകയാണ്. അപ്പോൾ അത് കിട്ടേണ്ടയാളിന് പോസ്റ്റൽ സമരത്തിന്റെ ഭാഗമായി കിട്ടുന്നില്ലല്ലോ. അപ്പോൾ എത്രമരമാണ് മുറിക്കുന്നത്, ഏത് മരമാണ് മുറിക്കുന്നത് എന്നതിനെ സംബന്ധിച്ച് യാതൊരു വിവരവുമില്ല. സമരം തീരുമ്പോഴായിരിക്കും കിട്ടുന്നത്. അപ്പോൾ കൈപ്പറ്റ് രസീത് ആവശ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞ് ഇഷ്ടംപോലെ മരം മുറിച്ചുകൊണ്ട് പോകാം. അതുകൊണ്ട് പ്രതിജ്ഞാപത്രം ലഭിച്ച് ഇരുപത് ദിവസത്തിനുള്ളിൽ ഫോറസ്റ്റ് റെയിഞ്ച് ആഫീസറുടെ കൈപ്പറ്റ് രസീത് കിട്ടിയിട്ടില്ലെങ്കിൽ തൊട്ട് മേലേയുള്ള ഓഫീസറോട് പരാതിപ്പെടാവുന്നതാണ് എന്ന് മാറ്റണം. മുറിക്കുന്നതിനും കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ് എന്നാക്കി മാറ്റണം.

ശ്രീ. കെ. വി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(261) ക്ലോസ് 6 (1)-ൽ "ഏതൊരു മരവും മുറിക്കുന്നതിനും" എന്നതിനുശേഷം "ആവശ്യമായ രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേടിയശേഷം" എന്ന് ചേർക്കുക

(289) ക്ലോസ് 6(2)-ന്റെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയിൽ "പതിനഞ്ചുദിവസത്തിനുള്ളിൽ" എന്നതിനുപകരം "പത്ത് ദിവസങ്ങൾക്കുള്ളിൽ" എന്നു ചേർക്കുക.

ഇതൊക്കെ പ്രമോട്ട് ചെയ്യുന്നതും പ്രോത്സാഹിപ്പിക്കുന്നതും പഞ്ചായത്തുകളാണല്ലോ. അപ്പോൾ ആ പഞ്ചായത്തുകളുടെ അനുമതിയില്ലാതെ മരം മുറിക്കാൻ പാടില്ലെന്നുള്ളതാണ് എന്റെ ഒന്നാമത്തെ ഭേദഗതി. രണ്ടാമത്തേത് പഞ്ചായത്തുകൾക്ക് ഇപ്പോൾ അധികാരമുണ്ടല്ലോ. അതുകൊണ്ട് അധികം സമയമെടുക്കാതെ പതിനഞ്ച് ദിവസത്തിനുള്ളിൽ എന്നതിനുപകരം പത്ത് ദിവസങ്ങൾക്കുള്ളിൽ എന്നാക്കണം.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(262) ക്ലോസ് 6 (1)-ൽ "കൊണ്ടുപോകുന്നതിനും" എന്നതിനുപകരം "എവിടേക്കും കൊണ്ടുപോകുന്നതിനും" എന്ന് ചേർക്കുക.

(283) ക്ലോസ് 6 (2)-ന്റെ ഒന്നാമത് ക്ലിപ്ത നിബന്ധനയിൽ 'അഞ്ചുകിലോമീറ്ററിനുള്ളിലുള്ള' എന്നതിനുപകരം 'രണ്ടു കിലോമീറ്ററിനുള്ളിലുള്ള' എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(264) ഖണ്ഡം 6(1)-ലെ രണ്ടാം ക്ളിപ്ത നിബന്ധനയിൽ (i) "എന്നുമാത്രമല്ല, ഭൂമിയിൽ നിന്നും" എന്നതിനുപകരം "എന്നുമാത്രമല്ല വൃക്ഷം നിന്ന ഭൂമിയിൽ നിന്നും" എന്ന് ചേർക്കുക.

(ii) "ഫോറസ്റ്റ് റെയിഞ്ച് ആഫീസറുടെ മുമ്പാകെ" എന്നതിനു പകരം "ഫോറസ്റ്റ് റെയിഞ്ച് ആഫീസർക്ക്" എന്നു ചേർക്കുക.

(iii) "വൃക്ഷങ്ങളുടെ എണ്ണം" എന്നതിനു പകരം "മുറിച്ച വൃക്ഷങ്ങളുടെ എണ്ണം" എന്നു ചേർക്കുക.

(iv) "വൃക്ഷങ്ങളുടെ എണ്ണം" എന്നതിനുശേഷം "കൊണ്ടുപോകുന്ന വൃക്ഷങ്ങളുടെ എണ്ണം" എന്നു ചേർക്കുക.

(v) "തടിയുടെ അളവ്" എന്നതിനു പകരം "തടിയുടെ നീളം ചുറ്റളവ്" എന്നു ചേർക്കുക.

(vi) "തുടങ്ങിയ വിവരങ്ങളടങ്ങിയ" എന്നതിനു പകരം "എന്നീ വിവരങ്ങളടങ്ങിയ" എന്നു ചേർക്കുക

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(265) ഖണ്ഡം 6(1)-ന്റെ രണ്ടാം ക്ളിപ്ത നിബന്ധനയിൽ "ഭൂമിയിൽ" എന്നതിനുപകരം "റിസർവ്വ് വനാതിർത്തിയിൽ നിന്നും 5 കിലോമീറ്ററിനുള്ളിലുള്ള വനേതരഭൂമിയിൽ നിന്നും" എന്നു ചേർക്കുക.

ചെറിയ ഒരു ഭേദഗതി ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ് ഭൂമിയിൽ എന്നതിനുപകരം റിസർവ്വ് വനാതിർത്തിയിൽ നിന്നും അഞ്ച് കിലോമീറ്റർ വരെയെന്നാക്കണം. ഇത് ഉൾപ്പെടുത്താൻ കഴിയുമോയെന്നുള്ളത് പരിശോധിക്കുക. അല്ലെങ്കിൽ അതുൾപ്പെടുത്താൻ എന്തുകൊണ്ട് കഴിഞ്ഞില്ലെന്നുള്ള മറുപടി പറയണം.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(266) ഖണ്ഡം 6(1)-ന്റെ രണ്ടാം ക്ളിപ്ത നിബന്ധനയിൽ "കടത്തിക്കൊണ്ട്" എന്ന വാക്കിന് പകരം "കൊണ്ട്" എന്ന വാക്ക് ചേർക്കുക.

(270) ഖണ്ഡം 6(1)-ന്റെ രണ്ടാം ക്ളിപ്ത നിബന്ധനയിൽ "വൃക്ഷങ്ങളുടെ എണ്ണം" എന്ന വാക്ക് ഒഴിവാക്കേണ്ടതും "ഇനം" എന്ന വാക്കിന് പകരം 'പേര്' എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

(301) ഖണ്ഡം 6 (3)-ൽ "നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "അവകാശമുണ്ടായിരിക്കുന്നതാണ്" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ കൈയിൽ ഈ ബില്‍ കിട്ടിയ സന്ദർഭത്തിൽ ഇത് എഴുതിയതാണ്. ആറാം വകുപ്പിന്റെ ഒന്നാം വകുപ്പിൽ സബ്ജക്ട് കമ്മിറ്റിതന്നെ ഭേദഗതി ചെയ്തതാണ്. അതുകഴിഞ്ഞ് പ്രൊവൈസോയിൽ വന്നപ്പോൾ തടി കടത്തിക്കൊണ്ട് പോകുന്നതിന് എന്നാക്കി. അതുകൊണ്ടാണ് ഞാൻ കൊണ്ടുപോകുന്നതിന് എന്ന് എഴുതിയത്. സബ്ജക്ട് കമ്മിറ്റിയിൽ അങ്ങനെ ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രൊവൈസോയിലും അതുതന്നെ വരണം. അതല്ലെങ്കിൽ ശരിയാകില്ല. വൃക്ഷത്തിന്റെ ഉടമസ്ഥൻ തടി കടത്തിക്കൊണ്ട് പോകുന്നതിന് എന്നതിനുപകരം കൊണ്ടുപോകുന്നതിന് നേരത്തെ 6(1)-ൽ ഭേദഗതി വരുത്തിയിരിക്കുന്നതുപോലെ പ്രൊവൈസോയിലും വേണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* : കടത്തിക്കൊണ്ട് പോകുന്നത് എന്നു പറയുമ്പോൾ അതിനകത്ത് ഒരു bad taste ഉണ്ട്. അതുകൊണ്ട് ആ വാക്ക് സബ്ജക്ട് കമ്മിറ്റി അപ്രൂവ് ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ക്ലിയറായി പറഞ്ഞിരുന്നതാണ്. എങ്ങനെയോ അബദ്ധവശാൽ അച്ചടിച്ച് വന്നതാണ്.

ശ്രീ. ടി. എം. ജേക്കബ് : 6(1)-ൽ അത് കറക്ട് ചെയ്തിട്ടുണ്ട്. പ്രൊവൈസോയിലും ആ കറക്ഷൻ വരണം.

ശ്രീ. കെ. എം. മാണി : Wherever it occurs കടത്തിക്കൊണ്ട് പോകുകയെന്നുള്ളത് അത് കൊണ്ടുപോകുകയെന്നതാണ്.

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെ പറയുന്നതിൽ അർത്ഥമില്ല. സബ്ജക്ട് കമ്മിറ്റിയിൽ മാറ്റുന്നതെല്ലാം അണ്ടർലൈൻ ചെയ്യുന്നുണ്ട്. പ്രൊവൈസോയിൽ അണ്ടർലൈൻ ചെയ്തിട്ടില്ല. എങ്ങനെയായാലും അത് കറക്ട് ചെയ്ത് വന്നാൽ മതി. എന്റെ അമെന്റുമെന്റ് അംഗീകരിക്കുകയോ അല്ലെങ്കിൽ വേറെയേതെങ്കിലും രൂപത്തിൽ ചെയ്യുകയോ എന്താണെങ്കിലും ചെയ്തോ. അതുപോലെ പ്രൊവൈസോയിൽ വൃക്ഷങ്ങളുടെ എണ്ണം അങ്ങനെ എടുക്കേണ്ടതിന്റെ കാര്യമില്ല. ഇവിടെ പറഞ്ഞിരിക്കുന്നത് ഫോറസ്റ്റ് റെയിഞ്ച് ആഫീസറുടെ മുൻപാകെ ഏത് ഭൂമിയിൽ നിന്നാണോ മരം മുറിച്ചത് ആ ഭൂമിയുടെ സർവ്വെ നമ്പർ. പിന്നെ വൃക്ഷങ്ങളുടെ എണ്ണം പറയുന്നതിനേക്കാൾ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതുപോലെ വൃക്ഷങ്ങളുടെ പേര് പറയുന്നതാണ് നല്ലത്. തടി മുറിച്ചതിനുശേഷമാണല്ലോ റോഡ് ചെയ്യുന്നത്. അതുകൊണ്ട് പിന്നെ വൃക്ഷങ്ങളുടെ പേര് പറയേണ്ട കാര്യമില്ല. ഇത്ര ക്യൂബിക് മീറ്റർ തടി കൊണ്ടുപോകുന്നു. ഇന്ന പേരിലുള്ള മരം എന്നുമാത്രം പറഞ്ഞാൽ മതി. അതുകൊണ്ട് വൃക്ഷങ്ങളുടെ എണ്ണം എന്നത് ഡിലീറ്റ് ചെയ്യണം. എണ്ണം എന്നുള്ളതിനുപകരം പേര് എന്നാക്കണം.

301-നകത്ത് പറഞ്ഞിരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതോ, നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ വനേതര പ്രദേശങ്ങളിൽ നിൽക്കുന്ന മരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുറിക്കുന്നതും നീക്കം ചെയ്യുന്നതും അതിന്റെ കൈയൊഴിക്കലും നിർണ്ണയിച്ചിക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ടതാണ് എന്നാണ്. ഇനി നമ്മൾ കൊണ്ടുവരാൻ പോകുന്ന റൂൾസിന്റെ അടിസ്ഥാനത്തിൽ അതിന്റെ ആവശ്യമില്ല. നമ്മൾ ഇത് ഇവിടെതന്നെ പറഞ്ഞതിനുശേഷം എന്തിനാണ് ഇത് റൂൾസിലേക്ക് വിടുന്നത്. അതുമാത്രമായി റൂൾസിന് വിടേണ്ട കാര്യമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മരം വച്ചുപിടിപ്പിക്കാൻ അവകാശം കൊടുക്കുന്നതുപോലെതന്നെ അത് മുറിക്കാനുമുള്ള അവകാശം കൊടുക്കുക. അത് റൂൾസിൽ prescribe ചെയ്യേണ്ട കാര്യമില്ല.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(272) : ക്ലോസ് 6 (1)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "നേരിട്ട് കൊടുക്കുകയോ കൈപ്പറ്റ് രസീതോടുകൂടിയ രജിസ്റ്റേർഡ് തപാൽ മുഖേന അയക്കുകയോ ചെയ്യേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം "നേരിട്ട് കൊടുക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

(288) : ക്ലോസ് 6 (2)-ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ" എന്ന വാക്കുകൾക്കുപകരം "വൃക്ഷത്തിന്റെ തടി കൊണ്ടുപോകുന്നതിനുമുമ്പ്" എന്ന വാക്കുകൾ ചേർക്കണം.

(293) : ക്ലോസ് 6 (2)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയുടെ അവസാനം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്. "കൈപ്പറ്റ് രസീത് നൽകാതിരിക്കുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ആഫീസർ ഇതിന് ഉത്തരവാദിയായിരിക്കുന്നതായിരിക്കും."

272, യഥാർത്ഥത്തിൽ ഈ ബില്ലിന്റെ ഉദ്ദേശം തന്നെ ഇതിൽ വ്യക്തമാണ്. ഏറ്റവും പ്രധാനപ്പെട്ട ഭേദഗതിയാണിത്.

288, ഇവിടെ 6(2)-ൽ പറഞ്ഞിരിക്കുന്നത് 15 ദിവസങ്ങൾക്കുള്ളിൽ എന്നതാണ്. യഥാർത്ഥത്തിൽ ഇതിനിടയിൽ തന്നെ തടി കൊണ്ടുപോകാൻ കഴിയും എന്നതാണ് ഈ വ്യവസ്ഥ വച്ച് പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്. 'നിർബന്ധമായും തടി കൊണ്ടു പോകുന്നതിനുമുമ്പ്' എന്നുള്ള ഭേദഗതി വരണം. അതുപോലെ തന്നെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറും മരം മുറിച്ചുകൊണ്ടുപോകുന്ന ആളും വിചാരിച്ചാൽ വനാതിർത്തിയിൽനിന്നുപോലും ഇഷ്ടംപോലെ മരം കൊണ്ടു പോകാം എന്നുള്ളതാണ് ഈ വ്യവസ്ഥ കൊണ്ട് വരാൻ പോകുന്നത്. അതുകൊണ്ട് നിർബന്ധമായും കൈപ്പറ്റ് രസീത് കൊടുക്കാത്ത ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും എന്ന ഭാഗം കൂടി ചേർക്കുന്നില്ലെങ്കിൽ മരം കൊള്ളയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറ്റാവുന്ന, മന്ത്രി എന്താണോ ഉദ്ദേശിച്ചത് അത് ഫലവത്തായി നടപ്പിലാക്കാൻവേണ്ടി കഴിയുന്ന ഒന്നായിട്ട് ഈ നിയമം മാറും. അതുകൊണ്ട് നിർബന്ധമായിട്ടും ഈ ഭേദഗതി ഉൾപ്പെടുത്തണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(273) : ഖണ്ഡം 6 (1)-ന്റെ രണ്ടാമത്തെ ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

(274) : ഖണ്ഡം 6 (1) -ലെ രണ്ടാമത്തെ ക്ലിപ്ത നിബന്ധനയ്ക്കുപകരം ഖണ്ഡം 6 (2)-ലെ ക്ലിപ്ത നിബന്ധനകൾ ചേർക്കുകയും 2-ാം ഉപഖണ്ഡത്തിലെ ക്ലിപ്ത നിബന്ധനകൾ നീക്കുകയും ചെയ്യുക.

(275) : ഖണ്ഡം 6 (1)-നുശേഷം താഴെപ്പറയുന്ന പുതിയ ഒരു ഉപഖണ്ഡംകൂടി ചേർക്കേണ്ടതും നിലവിലുള്ളവ പുനഃക്രമീകരിക്കേണ്ടതുമാണ്: "(2) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നഴ്സറി ആരംഭിക്കുന്നതിനോ വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനോവേണ്ടി ഏതെങ്കിലും വ്യവസ്ഥയിൽപ്പെടുത്തി നൽകിയാലും പ്രസ്തുത ഭൂമിയിലെ വൃക്ഷത്തൈകളുടേയും മരങ്ങളുടേയും ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്".

(287) : ഖണ്ഡം 6 (2)-ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "തടികൊണ്ടുപോകുന്നതെങ്കിൽ" എന്ന വാക്കിനുശേഷം "മരം മുറിക്കുന്നതിനും" എന്ന് ചേർക്കുകയും "പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ" എന്നതിനുശേഷം "വിവരം ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ച് ഓഫീസറെ അറിയിക്കുകയും ആവശ്യമായ പരിശോധന ഫോറസ്റ്റ് ഓഫീസർ നടത്തുകയും ചെയ്യേണ്ടതാണ്" എന്ന് മാറ്റുകയും ചെയ്യുക.

(299) : ഖണ്ഡം 6 (3)-ൽ "തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ" എന്നതിനുപകരം "തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ, പൊതുമേഖലാ സ്ഥാപനത്തിന്റെയോ" എന്ന് ചേർക്കുക.

ഞാൻ 273-നെക്കുറിച്ച് സംസാരിക്കുന്നില്ല. 274, ഒരുപാട് വ്യതിയാനങ്ങൾക്ക് ഇടയാക്കുന്നതാണ് 6(1)-ലെ രണ്ടാമത്തെ ക്ലിപ്ത നിബന്ധന. അതുകൊണ്ട് അത് മാറ്റിയിട്ട് 6(2)-ലെ ക്ലിപ്ത നിബന്ധന ചേർക്കണം എന്നുള്ളതാണ്. 275 ആണ് പ്രധാനം. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ മരം വച്ചു പിടിപ്പിച്ചാൽ അത് മുറിച്ചെടുക്കാനുള്ള അവരുടെ അവകാശത്തെ മനസ്സിലാക്കാം. യഥാർത്ഥത്തിൽ 6(3) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മരം വച്ചുപിടിപ്പിച്ചാൽ സ്വകാര്യ വ്യക്തികൾക്ക് മുറിച്ചുകൊണ്ട് പോകാൻ പറ്റും വിധത്തിലേക്ക് നിങ്ങൾ മാറ്റില്ല എന്ന് വല്ല ഗ്യാരന്റിയും ഉണ്ടോ? നേരത്തേ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞത് കടത്തിക്കൊണ്ടുപോകുക എന്നുള്ള വാക്ക് മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

കടത്തിവെട്ടിക്കൊണ്ടു പോകുക എന്നാക്കണമെന്ന്. അദ്ദേഹം സദുദ്ദേശത്തോടുകൂടിയാണ് പറഞ്ഞത്. യഥാർത്ഥത്തിൽ കടത്തിക്കൊണ്ടുപോകൽ ആണ്. സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതു തന്നെ മാറ്റുന്ന ഒരു ഭരണമല്ലേ നാട്ടിൽ നടക്കുന്നത്? അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമിയിൽ മരം വച്ചുപിടിപ്പിച്ചാൽ അതിന്റെ അവകാശം പൂർണ്ണമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകണം. അതുകൊണ്ട് 275 പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. എ. അസീസ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(290) : ബെൺഡം 6 (7)-ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ താഴെപറയുന്നതുകൂടി ചേർക്കേണ്ടതാണ്. "പരിശോധന നടത്തി അനുമതി പത്രം ഫോറസ്റ്റ് റെയിഞ്ച് ആഫീസർ നൽകിയതിന് ശേഷം മാത്രമേ തടി കൊണ്ടു പോകാൻ പാടുള്ളൂ."

ശ്രീ. പി. ജയരാജൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(295) : ബെൺഡം 6 (2)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

ശ്രീ ജോണി നെല്ലൂർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(297) : ബെൺഡം 6 (7)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയോടുകൂടി താഴെപറയുന്നതു ചേർക്കുക.

"പ്രതിജ്ഞാപത്രം ലഭിച്ച് 20 ദിവസത്തിനകം ഫോറസ്റ്റ് റെയിഞ്ച് ആഫീസർ കൈപ്പറ്റ് രസീത് നൽകിയില്ലെങ്കിൽ അതിന്റെ വിശദീകരണം ഡി.എഫ്.ഒ.യ്ക്ക് ബോദിക്കാവുന്നതും വീഴ്ച വരുത്തിയതിന് റെയ്ഞ്ച് ആഫീസർക്ക് എതിരെ നടപടികൾ എടുക്കാവുന്നതുമാണ്.

ശ്രീ. സി. കെ. നാണു : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(286) : ബെൺഡം 6 (7)-ന്റെ ഒന്നാമത് ക്ലിപ്ത നിബന്ധനയിൽ 'വിനിർദ്ദേശിക്കപ്പെട്ട' എന്നതിനുപകരം 'നിർദ്ദേശിക്കപ്പെട്ട' എന്നു ചേർക്കുക.

(298) : ബെൺഡം 6 (7)-ന്റെ രണ്ടാമത്തെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്നത് ചേർക്കുക. "സ്വകാര്യ ഭൂമിയിൽ നിന്നും മരം മുറിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ പത്ത് ദിവസത്തിനകം ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നേരിട്ട് കണ്ട് അവയുടെ സത്യാവസ്ഥ മനസ്സിലാക്കി തീരുമാനം എടുക്കാൻ സന്നദ്ധരാകേണ്ടതാണ്."

ഇത് വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്. മരം മുറിച്ചുകൊണ്ടു പോകുന്നതിന് കേവലം ഒരു പ്രതിജ്ഞാപത്രം കൊടുത്താൽ മതിയോ? ഫോറസ്റ്റിലെ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ട മരം ഏതാണെന്ന് കാണേണ്ട ഒരു ബാദ്ധ്യതയില്ലേ? അങ്ങനെയില്ലെങ്കിൽ പ്രധാനമായും വനേതര പ്രദേശങ്ങളിൽ വച്ചുവളർത്തൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രോത്സാഹിപ്പിക്കലും വനം നശിപ്പിക്കലിന് എതിരായി തോന്നുന്ന തരത്തിലുള്ളതാണ് എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ശ്രീ. വി. കെ. ചന്ദ്രൻ ഇവിടെ പറഞ്ഞതുപോലെ മരം മുറിച്ചുകൊണ്ടു പോകുന്നയവസരത്തിൽ 20 ദിവസങ്ങൾക്കുള്ളിൽ ഫോറസ്റ്റ് റെയിഞ്ച് ആഫീസറിൽനിന്നും രസീത് കിട്ടിയിട്ടില്ലെങ്കിൽ എന്ന് പറയുന്നതിനുപകരം ഒരു പത്ത് ദിവസത്തിനകം ആവശ്യപ്പെട്ട മരം പോയി നോക്കിയിട്ട് അതിനെ സംബന്ധിച്ച് സർട്ടിഫൈ ചെയ്യാൻ ഫോറസ്റ്റിലെ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടാൽ എന്താണ് തകരാറ്? അത് ഏറ്റവും ബാധിക്കുന്നത് നമ്മുടെ നാട്ടിലെ കൃഷിക്കാരെയാണ്. പ്രത്യേകിച്ച് വനമേഖലകളിൽ മരംവെട്ടിക്കൊണ്ടു പോകുന്നതിന്റെ ഫലമായി ഉരുൾപൊട്ടലും പലതുമായിട്ട് അനുഭവിക്കുന്ന ഒരു ഘട്ടമാണ്. ആ ഒരു സാഹചര്യത്തിൽ സ്വന്തം സ്ഥലത്ത് നട്ടുവളർത്തിയ മരമായിരിക്കാം. മരം മുറിക്കുന്നതിന് പെർമിറ്റ് ഒഴിച്ച് ബാക്കിയുള്ളതിനൊക്കെ വ്യക്തികളുടെ സ്ഥലത്തുനിന്നും അനുവാദം കൊടുക്കുന്നതാണല്ലോ ഈ ബിൽ? അങ്ങനെ വരുന്നയവസരത്തിൽ ഒന്നു സർട്ടിഫൈ ചെയ്യാനെങ്കിലും അധികാരം കൊടുത്തില്ലെങ്കിൽ ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നതിനേക്കാളും ദോഷമുള്ള പലതും ഉണ്ടാകുമെന്ന് ഞാൻ ഭയപ്പെടുകയാണ്.

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300 : ഖണ്ഡം 6 (3)-ൽ (1) "തദ്ദേശഭരണ സ്ഥാപനത്തിന്റെ" എന്നതിനുപകരം ഏതെങ്കിലും സർക്കാർ വകുപ്പിന്റേയോ പൊതുമേഖലാ സ്ഥാപനത്തിന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയോ എന്ന് ചേർക്കുക.

(2) "നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ടതാണ്" എന്നതിനു പകരം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്" എന്നു ചേർക്കുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*) : തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നഴ്സറി ആരംഭിക്കുന്നതിനോ വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനോവേണ്ടി ഏതെങ്കിലും വ്യവസ്ഥയിൽപ്പെടുത്തി നൽകിയാലും പ്രസ്തുത ഭൂമിയിലെ വൃക്ഷത്തൈകളുടേയും മരങ്ങളുടേയും ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഇവിടെ പഞ്ചായത്തിന്റെ ഭൂമി കയ്യേറി ആരെയും നഴ്സറി വയ്ക്കാൻ അനുവദിച്ചിട്ടില്ല. 4 (സി)-ൽ പറയുന്നത് ഈ മരം ഒക്കെ വയ്ക്കാൻ ഉദ്ദേശിക്കുന്ന ആളുകൾക്ക് അവരുടെ ഭൂമിയിൽ മുറിച്ച മരങ്ങൾക്കുപകരം മരങ്ങൾ വച്ചുപിടിപ്പിക്കാൻ ആഗ്രഹിക്കുന്ന കൃഷിക്കാർക്ക് വേണമെങ്കിൽ തൈകൾ കൊടുക്കാൻ നഴ്സറികൾ സംഘടിപ്പിക്കും. പഞ്ചായത്തുകൾ അവരുടെ ഭൂമിയിൽ നഴ്സറി സ്ഥാപിക്കുന്നു. അവിടെ കയറി സ്വകാര്യ വ്യക്തികളേയും മരം മുറിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. അങ്ങനെയുള്ള നിയമം ഇതിനകത്തില്ല. അപ്പോൾ സ്വകാര്യ വ്യക്തികൾക്ക് പഞ്ചായത്ത് ഭൂമിയിൽ കയറി മരം വയ്ക്കാൻ സ്വാതന്ത്ര്യം കൊടുക്കുന്ന വ്യവസ്ഥ ഇല്ലാതിരിക്കെ മി. ജയരാജൻ ഇത്ര ഭയപ്പെട്ടുകൊണ്ട് ഇങ്ങനെ ഒരു അമന്റ്മെന്റ് കൊണ്ടുവരേണ്ട കാര്യമില്ല. അതുകൊണ്ട് ഇത് സ്വീകരിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രനും മറ്റു ചില മെമ്പർമാരും വളരെയധികം ആകാംക്ഷ ഇതിൽ പ്രകടിപ്പിക്കുകയുണ്ടായി. ഇത്രയും നേരം ഇത് സ്വാഗതാർഹമാണ് എന്നു പറഞ്ഞിട്ട് പ്രസക്തമായ വകുപ്പുകൾക്ക് മരങ്ങളെല്ലാം വെട്ടിപ്പോകും എന്നുള്ള ഒരു ഭയങ്കരമായ ഭയപ്പാട് ഈ 6-ാമത്തെ ക്ലാസിന്റെ ചർച്ചയിൽ വരുത്തിയത് വളരെ നിർഭാഗ്യകരമായിപ്പോയി. അതിന്റെ ആവശ്യമില്ല. വളരെ ക്ലിയറായിട്ട് ആ ഡെഫനിഷനിൽ വനേതര ഭൂമി എന്താണെന്ന് പറഞ്ഞിട്ടുണ്ട്. ആ ഡെഫനിഷനകത്ത് സി. എച്ച്. ആർ. ഭൂമി പെടുന്നില്ല. ആദിവാസികളുടെ ഭൂമി പെടുന്നില്ല. 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അപ്ലൈ ചെയ്ത ഭൂമി പെടുന്നില്ല. 1986-ലെ വനസംരക്ഷണ ആക്ടിന്റെ 5-ാം വകുപ്പിൽ റിജ്ഞാപനം ചെയ്ത ഭൂമി പെടുന്നില്ല. സ്വന്തം ഭൂമിയിൽ നിൽക്കുന്ന ചന്ദനമരങ്ങൾ ഒഴിച്ചുള്ള മരം വെട്ടാൻ നിയന്ത്രണങ്ങൾക്കു വിധേയമായി മാത്രം കൊടുക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം അതിന്റെ വകുപ്പിലേക്ക് വരുമ്പോൾ ഈ രാജ്യത്തിലെ മരങ്ങൾ മുഴുവനും വെട്ടിപ്പോകും എന്നുള്ള രീതിയിൽ അതിനെ പരത്തിപ്പറഞ്ഞത് ശരിയായില്ല.

ഇതൊക്കെ ഗവൺമെന്റ് വളരെ കരുതലോടുകൂടി പൊതുതാൽപ്പര്യം നിഷേധിക്കാനും പാടില്ല, സ്വകാര്യ വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും വേണം. ആ നിലയിൽ വളരെ കരുതലോടുകൂടി സൂക്ഷിച്ച് കെയർഫുള്ളായിട്ട് കൊണ്ടുവന്ന ഒരു നിയമനിർമ്മാണമാണ്. അതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം ഒരു anxiety -യുടെ ആവശ്യമില്ല. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഇവിടെ സൂചിപ്പിച്ചപ്പോൾ പറഞ്ഞു, മരങ്ങളുടെ ഇനം പറഞ്ഞാൽ പോരേ എണ്ണം പറയണോ, ഇനം പറഞ്ഞാൽ മാത്രം പോരല്ലോ, തേക്കിൻ തടി, വീട്ടി തടി എന്നു പറഞ്ഞാൽ മതിയോ, ഞാൻ വീട്ടിത്തടി 8 എണ്ണം ലോറിയിൽ കൊണ്ടുപോകുന്നു, എന്റെ സർവ്വേ നമ്പറിൽ എന്റെ ഇന്ന ഭൂമിയിൽ നിൽക്കുന്ന ഇന്ന രീതിയിലുള്ള ഉദ്ദേശം ഇത്ര നീളവും ഇത്ര വണ്ണവുമുള്ള ഇത്ര തടി കൊണ്ടുപോകുന്നു എന്ന് എണ്ണം പറയാതെ ഒക്കുമോ? എന്നുവേണ്ട എനിക്കു തോന്നുന്നത് അത് ശരിയല്ല, അതുകൊണ്ട് എണ്ണം വേണം. അത് ഗവൺമെന്റ് മനസ്സിലാക്കിത്തന്നെ കൊണ്ടുവന്നതാണ്. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതിയെക്കുറിച്ച് .....

ശ്രീ. കെ. എം. മാണി: അത് ഞാൻ പറഞ്ഞുകഴിഞ്ഞു, അങ്ങനെ കടത്തിക്കൊണ്ടുപോകുക എന്നുള്ളതല്ല സബ്ജക്ട് കമ്മിറ്റിയിൽപ്പോലും ആ തെറ്റ് വന്നിരുന്നത് തിരുത്തണമെന്ന് ഞാൻ ഇവിടെ പറഞ്ഞതാണ്. സബ്ജക്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയിൽപ്പോലും കടത്തിക്കൊണ്ടുപോകുക എന്നുള്ളതിനു പകരം കൊണ്ടുപോകുക എന്നാക്കിയിട്ടുണ്ട്. തെറ്റിദ്ധരിച്ച് ഇപ്പോൾ ശ്രീ. സ്റ്റീഫൻ ജോർജ് തന്നെ ശ്രീ. ജേക്കബ് പറഞ്ഞതുപോലെ ഒരു അമെന്റ്മെന്റ് കൊണ്ടുവന്നിട്ടുണ്ട്.

മി. സ്പീക്കർ: മിനിസ്റ്റർ, അതിൽ ഒരു ചെറിയ പ്രശ്നം വന്നു. ഒരു ഭാഗത്ത് അത് കറക്ട് ചെയ്തു, പിന്നെ രണ്ടു വശത്തുകൂടി വരുന്നുണ്ട്.

ശ്രീ. കെ. എം. മാണി: wherever it occurs എവിടെയെല്ലാം ആ വാക്ക് വരുന്നുണ്ടോ ആ വാക്കുകൾ എല്ലാം "കടത്തിക്കൊണ്ടുപോകുക" എന്നതിനു പകരം "കൊണ്ടുപോകുക" എന്നാക്കണം എന്നുള്ള ഓറൽ അമെന്റ്മെന്റ് ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. ടി. എം. ജേക്കബ്: ഇവിടെ ഈ ലെജിസ്ലേറ്റീവ് ബിസ്സിനസിൽ ഞാനും ധാരാളം പാർട്ടിസിപ്പേറ്റ് ചെയ്തിട്ടുണ്ട്. ഞാൻ ബില്ലും പൈലറ്റ് ചെയ്തിട്ടുള്ള ആളാണ്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി കുറച്ചുമുമ്പു പറഞ്ഞു, ശ്രീ. വി. ജെ. പൗലോസ് മൂവ് ചെയ്തിട്ടില്ല, അതുകൊണ്ട് ഞാൻ അത് ഒരു ഓറൽ അമെന്റ്മെന്റായിട്ട് മൂവ് ചെയ്യുന്നു എന്ന്.

ശ്രീ. കെ. എം. മാണി: ശ്രീ. വി. ജെ. പൗലോസിന്റെ അമെന്റ്മെന്റ് ഞാൻ മൂവ് ചെയ്യുന്നതല്ല, ഞാൻ ശ്രീ. വി. ജെ. പൗലോസിന്റെ അമെന്റ്മെന്റിലെ content സ്വീകരിക്കുന്നു. ഞാൻ അത് ഓറൽ അമെന്റ്മെന്റായിട്ട് മൂവ് ചെയ്യുന്നു എന്നാണ് പറഞ്ഞത്.

ശ്രീ. ടി. എം. ജേക്കബ്: അതുതന്നെയാണ് ഞാനും പറഞ്ഞത്. നിങ്ങൾ മൂവ് ചെയ്യാത്ത ഒരു മെമ്പർ ഞങ്ങൾക്ക് തന്നു, ഞാൻ അമെന്റ്മെന്റ് എഴുതിയിട്ട് ബഹുമാനപ്പെട്ട സ്പീക്കർ അത് അക്സെപ്റ്റ് ചെയ്തു. 266 ആയിട്ട് ഇവിടെ പ്രിന്റ് ചെയ്ത് വന്നു. ഞാൻ മൂവ് ചെയ്തു. അത് ഇവിടെ സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ 6(1) ബഹുമാനപ്പെട്ട മന്ത്രി അക്സെപ്റ്റ് ചെയ്ത അമെന്റ്മെന്റിന് അതിനോടു സമാനമായി ചേർക്കേണ്ട ഒരു ഭേദഗതിയാണ്. അപ്പോൾ 266 അക്സെപ്റ്റ് ചെയ്യുകയാണ് വേണ്ടത്. ഇതൊന്നും ഒരു സഭയെ സംബന്ധിച്ചിടത്തോളം ശരിയായ ഒരു സമീപനമല്ല. അങ്ങേക്ക് അറിയാമല്ലോ, ഇത്രയൊക്കെ അറിയാവുന്ന ഒരാളോട്.....

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സഭയുടെ സമയം കളയാതിരിക്കാനും ബഹുമാനപ്പെട്ട ജേക്കബ് കൊണ്ടുവന്നതുകൊണ്ടാണ് ഈ മാറ്റം വരുത്തിയത് എന്ന് വരുത്താനുംവേണ്ടി ഞാൻ 266-ാം നമ്പർ ഭേദഗതി സ്വീകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ജേക്കബിന്റെ സമയം കളയണ്ട,

(ബഹളം ..... ബഹളം .....)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ഇതിനൊക്കെ എന്താ പറയുക; അദ്ദേഹം ഈ സഭയിൽ ഏറ്റവും കൂടുതൽ കാലം ഇരുന്ന അംഗങ്ങളിൽ ഒരാളാണ്. ഇഷ്ടംപോലെ ഭേദഗതി പ്രതിപക്ഷത്ത് ഇരുന്ന് കൊണ്ടുവന്നിട്ടുണ്ട്, ബില്ലുകൾ ധാരാളം പൈലറ്റ് ചെയ്തിട്ടുണ്ട്. ഒരു മെമ്പർ ഒരു കാര്യം പറഞ്ഞാൽ ബില്ലുകൾ സ്വാഭാവികമായിട്ട് വരുമ്പോൾ ബില്ലിന് ഗുണകരമാകണ്ടേ, ഞാൻ അതിന്റെ പോളിസി മാറ്റാനല്ലല്ലോ പറഞ്ഞത്, അതിനെ ആ ഗുഡ് സ്പിരിറ്റിൽ കാണണം, ഒരു ബാഡ് ടേസ്റ്റ് അത് കൊള്ളില്ല.

ശ്രീ. കെ. എം. മാണി: എനിക്ക് ഒരു ബാഡ് ടേസ്റ്റും ഇല്ല. ശ്രീ. ജേക്കബ് ഇതിനുമുമ്പ് പറഞ്ഞ നല്ലകാര്യം സ്വീകരിച്ചു. ഇപ്പോൾ ശ്രീ. ജേക്കബ് പറഞ്ഞപ്പോഴേ ഞാൻ പറഞ്ഞു. പറഞ്ഞ കാര്യം ആശയം ശരിയാണ് അത് സബ്ജക്ട് കമ്മിറ്റിയിൽ വച്ചേ ഇന്നതുപോലെയായിരുന്നു, അങ്ങനെ സ്വീകരിച്ചതാണ്. അത് തെറ്റായിട്ട് പ്രിന്റ് ചെയ്ത് വന്നിരിക്കുന്നു. ഞാൻ അന്നേരം തന്നെ പറഞ്ഞു, ഞാൻ ഓറലായിട്ടുതന്നെ പറയുന്നു, അത് അപ്രകാരം മാറ്റേണ്ടതാണ് എന്നു പറഞ്ഞതിനുശേഷം വേണമെങ്കിൽ ശ്രീ. ജേക്കബിന് അത് സ്വീകരിക്കാം. പിന്നെ ഞാൻ പറഞ്ഞ അതേ അമെന്റ്മെന്റ് തന്നെ വോട്ടിനിടണം എന്നു പറഞ്ഞ് നിർബന്ധിക്കുമ്പോൾ അത് നിർബന്ധമാണെങ്കിൽ ഞാൻ വഴങ്ങിയിരിക്കുന്നു. എനിക്ക് അങ്ങനെ false prestige ഇല്ല. ശ്രീ. ജേക്കബിന്റെ പേരിൽത്തന്നെ അത് വന്നോട്ടെ. ഞാൻ വഴങ്ങിയിരിക്കുന്നു. സമയം കളയണ്ട.

മി. സ്പീക്കർ: ഇത് നിങ്ങൾ തമ്മിൽ ഉള്ള കാര്യമല്ല. ഇത് മിനിസ്റ്ററും ശ്രീ. ജേക്കബും തമ്മിലുള്ള കാര്യമല്ല. സബ്ജക്ട് കമ്മിറ്റിയിൽ ഭേദഗതി ചെയ്ത, പക്ഷേ, consequential ആയിട്ട് പല സ്ഥലത്തും വരുത്തേണ്ട ഭേദഗതികൾ discrepancy മാറ്റം ചെയ്തിരുന്നില്ല എന്നൊരാവശ്യം ന്യായമാണ്, ശ്രീ. ജേക്കബ് അത് പോയിന്റൗട്ട് ചെയ്തു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ 275, 292, 293, 296 ഈ നാല് ഭേദഗതികൾക്കും പോൾ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: 275, 292, 293, 296 എന്നീ ഭേദഗതികൾക്ക് പോൾ.....

LIBRARY ARCHIVES Kerala Legislative Assembly

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, വി. കെ. ചന്ദ്രൻ
5. ,, ടി. കെ. ദേവകുമാർ
6. ,, കെ. കെ. ജയചന്ദ്രൻ
7. ,, എം. വി. ജയരാജൻ
8. ,, ടി. എം. ജേക്കബ്
9. ,, ജോണി നെല്ലൂർ
10. ,, പി. ജയരാജൻ
11. ഡോ. കെ. സി. ജോസഫ്
12. ശ്രീ. എം. കുമാരൻ
13. ,, കെ. വി. കുഞ്ഞിരാമൻ
14. ,, വി. കെ. സി. മമ്മത് കോയ
15. ,, മത്തായി ചാക്കോ
16. ,, കെ. പി. മോഹനൻ
17. ,, എ. സി. മൊയ്തീൻ
18. ,, സി. കെ. നാണു
19. ,, പി. നാരായണൻ
20. ,, എം. പ്രകാശൻ മാസ്റ്റർ
21. ,, കെ. രാധാകൃഷ്ണൻ
22. ,, കെ. പി. രാജേന്ദ്രൻ
23. ,, രാജു എബ്രഹാം

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. സാജു പോൾ

25. ,, കെ. വി. സതീശ് ചന്ദ്രൻ

26. ,, ഷിബു ബേബി ജോൺ

27. ശ്രീമതി വി. കെ. ശ്രീമതി ടീച്ചർ

28. ശ്രീ. വി. എസ്. സുനിൽ

വിതിക്കുറിക്കുന്നവർ:

1. ശ്രീ. പെർക്കളം അബ്ദുള്ള

2. ,, കെ. വി. അബ്ദുറബ്ബ്

3. ,, സി. ടി. അഹമ്മദ് അലി

4. ,, കെ. ബാബു

5. ,, വി. കെ. കെ. ബാവ

6. ,, കെ. എ. ചന്ദ്രൻ

7. ,, വി. വി. ജോർജ്

8. ശ്രീമതി കെ. ആർ. ഗൗരിയമ്മ

9. ശ്രീ. ഇസ്മായിൽ കുരിക്കൾ

10. ,, കെ. സി. ജോസഫ്

11. ,, ജോസഫ് എം. പുതുശ്ശേരി

12. ,, വി. ജെ. ജോയി

13. ,, ഉമ്മൻ ചാണ്ടി

14. ,, അടൂർ പ്രകാശ്

15. ,, ടി. എൻ. പ്രതാപൻ

16. ,, വക്കം പുരുഷോത്തമൻ

17. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

18. ,, വർക്കല കഹാർ

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. ജി. കാർത്തികേയൻ
20. ,, കെ. എൻ. എ. ഖാദർ
21. ,, കെ. കെ. നായർ
22. ,, സി. മമ്മൂട്ടി
23. ,, കെ. എം. മാണി
24. ,, ഇ. ടി. മുഹമ്മദ് ബഷീർ
25. ,, സി. മോയിൻകുട്ടി
26. ,, ആര്യാടൻ മുഹമ്മദ്
27. ,, എഴുകോൺ നാരായണൻ
28. ,, കെ. കെ. ഷാജു
29. ,, സ്റ്റീഫൻ ജോർജ്
30. ,, സി. എഫ്. തോമസ്
31. പ്രൊഫ. കെ. വി. തോമസ്
32. ശ്രീ. എ. എൻ. രാജൻ ബാബു
33. ,, യു. സി. രാമൻ
34. ,, തേനാനൂർ രവി
35. ,, റോഷി അഗസ്റ്റിൻ
36. ,, ടി. വി. എം. സാഹിർ
37. ,, വി. ഡി. സതീശൻ
38. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
39. ശ്രീ. തോമസ് ചാഴികാടൻ
40. ,, തോമസ് ഉണ്ണിയാടൻ
41. ,, ഉമേഷ് ചള്ളിയിൽ
42. ,, എം. എ. വാഹീദ്
43. ,, കെ. സി. വേണുഗോപാൽ

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 275-ഉം, ശ്രീ. കെ. വി. രാജേന്ദ്രൻ അവതരിപ്പിച്ച 292-ഉം, ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 293-ഉം, ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 296-ഉം ഭേദഗതികളെ.....

അനുകൂലിക്കുന്നവർ —28

പ്രതികൂലിക്കുന്നവർ —43

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ 28-നെതിരെ 43 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. വി. ജെ. ജോയി അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 273, 274, 287, 299 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 272, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. രാജേന്ദ്രൻ അവതരിപ്പിച്ച 259, 294 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 286, 298 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 260, 276 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 270, 301 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 265-ാം നമ്പർ ഭേഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ജയരാജൻ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. മോഹനൻ അവതരിപ്പിച്ച 261, 289 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 282, 283 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 284-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ 302-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുകയാണ്.

(302). ഖണ്ഡം 7(1)-ൽ "കളവായ" എന്ന വാക്കിനു മുമ്പായി "ബോധപൂർവ്വം" എന്ന വാക്ക് ചേർക്കുക.

ഇതിൽ ശിക്ഷകളെ സംബന്ധിച്ചാണ് പറയുന്നത്. അതിൽ കളവായി പ്രതിജ്ഞാപത്രം നൽകുന്ന എന്നു പറയുന്നുണ്ട്, ബോധപൂർവ്വം കളവായി എന്നുള്ളത് പറയണം എന്നാണ് തോന്നുന്നത്. കാരണം, പാവപ്പെട്ട പല ആളുകൾ ഉണ്ടാകും. അക്ഷരാഭ്യാസം ഇല്ലാത്ത ആളുകളടക്കം തടി കൊണ്ടുപോകുന്നുണ്ട്. ആരെങ്കിലും എഴുതിക്കൊടുക്കുന്നത് അനുസരിച്ചാണ് അവർ കൊണ്ടുപോകുന്നത്. അപ്പോൾ കളവായ എന്നുള്ളത് ബോധപൂർവ്വം കളവായ എന്ന് അതിനു മുൻപ് ചേർക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ എന്റെ 303-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(303). ഖണ്ഡം 7(1)-ൽ (1) "ആറുമാസക്കാലം" എന്നതിനു പകരം "രണ്ടു മാസക്കാലം" എന്ന് ചേർക്കുക.

(2) "രണ്ടായിരം രൂപ" എന്നതിനു പകരം "ആയിരം രൂപ" എന്ന് ചേർക്കുക.

ബഹുമാനപ്പെട്ട മന്ത്രി ആറാം വകുപ്പിൽ പറഞ്ഞ ഒരു സംഗതി കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കൃഷിക്കാർക്ക് ആശ്വാസം കൊടുക്കാൻ വേണ്ടിയിട്ട് കൊണ്ടുവന്നിരിക്കുന്ന, ഇതിന്റെ ഒരു ഓപ്പറേറ്റീവ് ക്ലാസാണ് '6' എന്ന് അദ്ദേഹം പറഞ്ഞു. കൃഷിക്കാർക്ക് ന്യായമായിട്ടും അവരുടെ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കാനും വച്ചുപിടിപ്പിച്ച മരങ്ങൾ ആവശ്യത്തിന് വെട്ടിമാറ്റാനും കൊണ്ടുപോകാനും ഒക്കെയുള്ള അവസരം കൊടുക്കുന്നുണ്ട്. അതിനുശേഷം ഇത് ഇപ്പോൾ ഒരു cognizable offence ആണെന്നും ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. അതിനുശേഷം ശിക്ഷകൾ എന്നുള്ള 7-ാം ക്ലാസ് പറയുന്നുണ്ട്. ഇവിടെ പ്രൊപ്പോസ് ചെയ്തിരിക്കുന്ന ശിക്ഷ എന്നു പറയുന്നത് ആറുമാസക്കാലം വരെ ആകാവുന്ന തടവോ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടായിരം രൂപവരെ ആകാവുന്ന പിഴയോ എന്നാണ്. അത്രയും ഒരു ശിക്ഷ കൊടുക്കേണ്ട ആവശ്യമൊന്നുമില്ല. കൃഷിക്കാരെ സഹായിക്കാൻ എല്ലാ നടപടിക്രമങ്ങളും എല്ലാ ന്യായങ്ങളും പാലിച്ചുകൊണ്ടുപോകുന്ന ആളുകൾ ഇനി അതിൽനിന്നും വ്യത്യസ്തമായി ആരെങ്കിലും വന്നാൽപ്പോലും ഇതിനകത്ത് ആളുകളെ ഹരാസ് ചെയ്യാനുള്ള സാഹചര്യങ്ങൾ ഉണ്ടാകും. അതുകൊണ്ട് ഈ ശിക്ഷ ആറുമാസം എന്നുള്ളത് രണ്ടു മാസവും, 2000 രൂപ എന്നുള്ളത് 1000 രൂപയും ആക്കണമെന്നുള്ളതാണ് എന്റെ പ്രൊപ്പോസൽ. ഇത് ശിക്ഷ കുറച്ചുകൂടി കുറയ്ക്കാൻ വേണ്ടിയിട്ടാണ് ഞാൻ പറഞ്ഞിരിക്കുന്നത്. ഞാൻ നോക്കിയപ്പോൾ മിക്കവാറും ഇവിടെ വന്നിരിക്കുന്ന അമെന്റ്മെന്റ്സ് എല്ലാംതന്നെ ശിക്ഷ കുറയ്ക്കണം എന്നു പറഞ്ഞുള്ളതാണ്.

ശ്രീ. കെ. വി. മോഹനൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(304). ഖണ്ഡം 7(1)-ൽ "ആറുമാസക്കാലം" എന്നതിനുപകരം "ഒരു വർഷക്കാലം" എന്ന് ചേർക്കുക.

(308) ഖണ്ഡം 7 (1)-ൽ "രണ്ടായിരം രൂപ" എന്നതിനു പകരം "അയ്യായിരം രൂപ" എന്ന് ചേർക്കുക.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(305). ഖണ്ഡം 7 (1)-ൽ, (1)-ൽ "ആറുമാസക്കാലം" എന്നതിനു പകരം "ഒരു വർഷം" എന്ന് ചേർക്കുക.

(2) "രണ്ടായിരം രൂപ" എന്നതിനു പകരം "അയ്യായിരം രൂപ" എന്ന് ചേർക്കുക.

(3) "വരെയാകാവുന്ന പിഴയോ" എന്നതിനുശേഷം "രണ്ടും കൂടെയോ" എന്നു ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(307). ഖണ്ഡം 7(1)-ൽ "ആറുമാസക്കാലം" എന്നതിനു പകരം "5 വർഷം" എന്നും "രണ്ടായിരം" എന്നതിനു പകരം "2 ലക്ഷം" എന്നും ചേർക്കുക.

ഇതിൽ ശിക്ഷയെ സംബന്ധിച്ചാണ്. ഏതെങ്കിലും തട്ടിക്കൊണ്ടുപോകുകയോ, അല്ലെങ്കിൽ കളവായ പ്രതിജ്ഞാപത്രം വയൽ ചെയ്യുകയോ ചെയ്യുന്ന ഏതൊരാൾക്കും ആറുമാസക്കാലം തടവും പിന്നെ രണ്ടായിരം രൂപ ഫൈനുമാണ്. ഒരു പ്ലോവ് 800 ഉറുപ്പികയാണ്. തേക്കുമരം 1300 ഉറുപ്പികയാണ്. ഒരു മരം മതി. ലക്ഷക്കണക്കിന് ഉറുപ്പിക വിലവരുന്ന മരം കടത്തിക്കൊണ്ടുപോകുമ്പോൾ കളവായ ഒരു പ്രതിജ്ഞാപത്രം കൊടുത്ത് കടത്തിക്കൊണ്ടുപോകാൻ സംവിധാനം ഉണ്ടാക്കിക്കഴിഞ്ഞാൽ ..... ചെറിയ ഒരു കാര്യമാണ്. ഇതുമാറ്റി 5 വർഷം കഠിന തടവും രണ്ടു ലക്ഷം ഉറുപ്പിക പിഴയുമാക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(309). ഖണ്ഡം 7(1)-ൽ "രണ്ടായിരം രൂപവരെയാകാവുന്ന" എന്നതിനു പകരം "കൊണ്ടുപോകുന്ന തടിയുടെ മാർക്കറ്റ് വിലയുടെ രണ്ടിരട്ടി തുക" എന്ന് ചേർക്കുക.

അനധികൃതമായിട്ടുള്ള മരം ഉൾപ്പെടെ കൊണ്ടുപോകാൻവേണ്ടിയാണ് ബിൽ ഉദ്ദേശിക്കുന്നു എന്നുള്ളതുകൊണ്ട് കൊണ്ടുപോകുന്ന തടിയുടെ മാർക്കറ്റ് വിലയുടെ ഇരട്ടിവേണം എന്നുള്ളതാണ് എന്റെ നിബന്ധന.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(310). ഖണ്ഡം 7 (1)-ൽ താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(1) 6-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും തടി കൊണ്ടുപോകുകയോ അല്ലെങ്കിൽ കളവായ പ്രതിജ്ഞാപത്രം ഹാജരാക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷക്കാലംവരെ ആകാവുന്ന തടവോ 25,000 രൂപവരെയാകാവുന്ന പിഴയോ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്".

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: പ്രതിപക്ഷത്തുള്ള ശ്രീ. ടി. എം. ജേക്കബ് പറഞ്ഞിരിക്കുന്നത് രണ്ടു മാസം, സി.പി.എം. പറഞ്ഞിരിക്കുന്നത് 5 വർഷം, ഞങ്ങൾ ഇതിന്റെ മദ്ധ്യമായിട്ടെടുത്തിരിക്കുന്നത് ആറു മാസമാണ്. കുഴപ്പമില്ല. കളവായ പ്രതിജ്ഞാപത്രം കൊടുത്തിരിക്കുന്നു, എന്റെ ഭൂമിയിലെ തടിയാണെന്ന് പറഞ്ഞ് നോക്കുമ്പോൾ നമ്മുടെ തടിയല്ല, സർക്കാർ ഭൂമിയിലെ തടിയാണ്. കള്ളത്തടിയാണ്. ഇതിലെ വ്യവസ്ഥ ലംഘിച്ചു. 6-ാം വകുപ്പിലെ, സ്വന്തം ഭൂമിയിലെ തടിവെട്ടുന്നവനേ പരിരക്ഷയുള്ളൂ, സ്വന്തം ഭൂമിയിലെ തടിയല്ല, കള്ളത്തടിയാണ്. കള്ളത്തടി കൊണ്ടുപോകുന്ന ആളിനെ പിടിക്കാനായിട്ടാണ് ഈ ഗവൺമെന്റിന്റെ നയം ഞങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. യഥാർത്ഥ കൃഷിക്കാരെ സഹായിക്കാൻവേണ്ടിയുള്ള നിയമമാണ്, കള്ളത്തടി വെട്ടുന്നവരെ സംരക്ഷിക്കാനല്ല. കള്ളത്തടി സംരക്ഷിക്കാനുമല്ല. ആറു മാസത്തെ ശിക്ഷയെന്നു പറയുന്നത് ന്യായമാണ്. ഇത് രണ്ടിന്റെയും കൂടെ മദ്ധ്യം ജേക്കബിന്റെ മൂന്നും അവരുടെ 5 വർഷത്തിന്റെയും മദ്ധ്യം 6 മാസം എന്നുള്ളത് ന്യായമായിരിക്കും. This is a golden means. Therefore, it will be accepted by all. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. മോഹനൻ അവതരിപ്പിച്ച 304, 308 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(311). ഖണ്ഡം 8(1)-ൽ "കമ്പനിയോട് ഉത്തരവാദിത്വപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ള ഏതൊരാളും" എന്നതിന് പകരം "കമ്പനിയോട് ഉത്തരവാദിത്വപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ള എല്ലാവരും" എന്ന് ചേർക്കേണ്ടതാണ്.

(312). ഖണ്ഡം 8(1)-ലെ ക്ലിപ്ത നിബന്ധനയിൽ "തന്റെ" എന്നതിനുപകരം "തങ്ങളുടെ" എന്നുചേർക്കുക.

(313). ഖണ്ഡം 8(1)-ലെ ക്ലിപ്ത നിബന്ധനയിൽ "എല്ലാ ശ്രദ്ധയും" താൻ എന്നതിനുപകരം എല്ലാ ശ്രദ്ധയും തങ്ങൾ എന്ന് ചേർക്കുക.

(314). ഖണ്ഡം 8(1)-ലെ ക്ലിപ്ത നിബന്ധനയിൽ "എന്നോ" എന്നതിനു പകരം "എന്നത്" എന്ന് ചേർക്കുക.

(315). ഖണ്ഡം 8(1)-ലെ ക്ലിപ്ത നിബന്ധനയിൽ "അയാൾ" എന്നതിന് പകരം "അവർ" ചേർക്കുക.

(319). ഖണ്ഡം 8(2)-ൽ "ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥന്റെയോ എന്നതിനു പകരം ഉത്തരവാദപ്പെട്ടവരുടെ" എന്ന് ചേർക്കേണ്ടതാണ്.

(320). ഖണ്ഡം 8(2)-ൽ "അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റുദ്യോഗസ്ഥനോ" എന്നതിനു പകരം "ഉത്തരവാദപ്പെട്ടവർ" എന്ന് ചേർക്കുക. കമ്പനിയോട് ഉത്തരവാദപ്പെട്ട് ചെയ്തിട്ടുള്ള ഏതൊരാൾ എന്നതിനു പകരം കമ്പനിയോട് ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ള എല്ലാപേരും കമ്പനിയുടെ ഏതെങ്കിലും ആൾ ആയാൽ പോരാ. കമ്പനികളിലെ മുഴുവൻ ആളുകളും എന്നു വേണം.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(317). ഖണ്ഡം 8(1)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഇവിടെ മിനിസ്റ്റർ പറഞ്ഞു, കോൺട്രഡിക്ഷൻ വന്നിരിക്കുന്നത് ശിക്ഷയെ സംബന്ധിച്ചാണ്. അത് ഓരോരുത്തരുടെയും concept ആണ്. ഇപ്പോൾ കൃഷിക്കാർക്ക് അനുകൂലമാണ് ഈ ബിൽ എന്നാണല്ലോ ബഹുമാനപ്പെട്ട മന്ത്രി നൂറ് ആവൃത്തി പറഞ്ഞത്. അപ്പോൾ കൃഷിക്കാർക്ക് സൗകര്യം കൊടുക്കണം. അതുകൊണ്ട് contradictions ഒന്നും ഇതിനകത്ത് വേണ്ട, ബില്ലിനെ സംബന്ധിച്ച് ഓരോരുത്തരുടേയും views ഉണ്ട്. അതാണ് ഞാൻ പറഞ്ഞത്. ഇവിടെയിപ്പോൾ എന്താണ് സംഭവിച്ചിരിക്കുന്നത്. ഇവിടെ സംഭവിച്ചിരിക്കുന്നത് കമ്പനി ചെയ്യുന്ന കുറ്റങ്ങളെ സംബന്ധിച്ചാണ്. ഞാൻ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത് ഈ proviso ഡിലീറ്റ് ചെയ്യാനാണ്. ക്ലാസ് ഒന്നിൽ, ഞാൻ അത് വായിക്കാം. എന്നാലേ നോക്കാത്തവർക്ക് അത് ബോദ്ധ്യമാകൂ. ഈ ആക്ടിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത്, കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് വഹിച്ചിരിക്കുകയും കമ്പനിയോട് ഉത്തരവാദിത്വപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ള ഏതൊരാളും ആ കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അയാൾക്ക് എതിരായി നടപടികൾ എടുക്കുവാനും അതനുസരിച്ച് ശിക്ഷിക്കപ്പെടാനും അയാൾ വിധേയനായിരിക്കുന്നതുമാണ്. അതാണ് ഒർജിനൽ സബ്ക്ലാസ് (1)-ൽ പറയുന്നത്. പ്രൊവൈസോ എന്താണ് പറയുന്നത്. എന്നാൽ, ഈ വകുപ്പിലെ യാതൊന്നും തന്നെ, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടിയായിരുന്നില്ലെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ വേണ്ട എല്ലാ ശ്രദ്ധയും താൻ ചെലുത്തിയിരുന്നു എന്നോ, അയാൾ തെളിയിക്കുകയാണെങ്കിൽ യാതൊരാളേയും ശിക്ഷയ്ക്ക് വിധേയനാക്കാവുന്നതല്ല. അപ്പോൾ ഇതുമുഴുവൻ defeat ചെയ്യും. ആ പ്രൊവൈസോ ആവശ്യമില്ല. ആ പ്രൊവൈസോ എടുത്തുകളഞ്ഞെങ്കിലേ ആദ്യത്തെ ഭാഗം നിൽക്കൂ. പ്രൊവൈസോ വേണ്ട.

ശ്രീ. കെ. എം. മാണി: എത്ര നിയമങ്ങൾ വേണമെങ്കിലും ഞാൻ ചൂണ്ടിക്കാണിക്കാം. നിയമങ്ങളിൽ ഇത് ഉള്ളതാണ്. കമ്പനിയാകുമ്പോൾ കമ്പനിയുടെ Managing Director is responsible for that. പക്ഷേ, ഒരു ക്രിമിനൽ കേസിനെ സംബന്ധിച്ചിടത്തോളം In the name of the Company..... ശരിയാണ്. മാനേജിംഗ് ഡയറക്ടർ കുറ്റക്കാരനാണ്. പക്ഷേ, അയാൾക്ക് ഒരു onus ആ burden of proof is on him. ആ burden of proof കൊടുക്കുക എനിക്ക് ഇതുമായി ഒരു ബന്ധവുമില്ല. ഞാൻ അറിഞ്ഞില്ല. എന്റെ അറിവോടുകൂടിയല്ല എന്നു പറയുമ്പോൾ ക്രിമിനൽ ആയിട്ടുള്ള അയാളുടെ ലയബിലിറ്റിയെ സംബന്ധിച്ച് അയാൾക്ക് mens rea ഇല്ല എന്നു വരികയാണ്. അയാൾക്ക് intention ഇല്ല എന്നു വരികയാണ്. അതിനെ സംബന്ധിച്ചിടത്തോളം ഒരു contradiction അല്ല, നേരെമറിച്ച് സ്വാഭാവികമായി പറയുമ്പോൾ Company will be liable and the Company will be sued in the name of the Managing Director. But at the same time, when there is a criminal prosecution..... ഇതിനെ സംബന്ധിച്ചു വരുമ്പോൾ ഞാൻ എന്റെ അറിവോടെയല്ല എന്നു പറയുമ്പോൾ അത് അങ്ങനെയുള്ള സാഹചര്യം അത് തെളിയിക്കാനുള്ള ഉത്തരവാദിത്വം അയാൾക്ക് നൽകുകയാണ്. ഈ നിയമത്തിന്റെയൊന്നും പ്രത്യേകതയല്ല. പല നിയമത്തിലും ഇതുണ്ട്. അതുകൊണ്ട് ഈ പ്രൊവൈസോയ്ക്ക് യാതൊരു കുഴപ്പവുമില്ല എന്നാണ് ഗവൺമെന്റിന്റെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: കമ്പനീസ് ആക്ട് ഇൻഡ്യയിൽ നിലവിലുണ്ട്. കമ്പനീസ് ആക്ടിന് വിധേയമായിയിട്ടാണ് കമ്പനികൾ പ്രവർത്തിക്കുക. അതിനകത്ത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മാനേജിംഗ് ഡയറക്ടർ ചിലപ്പോൾ എക്സിക്യൂട്ടീവ് ഡയറക്ടർ, he may be the responsible person. അങ്ങനെ വരുന്ന സാഹചര്യത്തിൽ ആയാൾ കുറ്റക്കാരനല്ലെങ്കിൽ let him prove in the Court of Law. അത് അയാൾക്ക് വിടുക. ഇവിടെ ഒരു പ്രൊവൈസോ ആയിട്ട് കൂട്ടിച്ചേർക്കേണ്ട കാര്യമില്ല എന്നേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. കെ. എം. മാണി: Court of Law ആണ് തീരുമാനിക്കുന്നത്. എവിടെയെങ്കിലും ഇതിന്റെ ലംഘനങ്ങളോ കാര്യങ്ങളോ വന്നാൽ കോർട്ട് ഓഫ് ലായിലേക്കാണ് പോകുന്നത്. ഇപ്പോൾ Court of Law നോക്കണം. ഈ പറഞ്ഞതുപോലെ ഇയാൾ bonafide അയിട്ടാണോ ചെയ്തിരിക്കുന്നത്. ആ കുറ്റം തടയുന്നതിനുവേണ്ടിയുള്ള എല്ലാ safeguards-ഉം അയാൾ എടുത്തിരുന്നോ, അയാളുടെ ഇന്റൻഷൻ ഉണ്ടോ? അയാളുടെ അറിവോടുകൂടിയാണോ ഇത് ചെയ്തതെന്ന് Court will look into that. അപ്പോൾ നിയമം കോടതിയാണ് നോക്കുന്നത്. പക്ഷേ, നിയമത്തിനകത്ത് ഇത് എഴുതിവച്ചിരിക്കണം. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 311, 312, 313, 314, 315, 319, 320 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(322). ക്ലോസ് 9 (1)-ൽ 'അദ്ദേഹത്തിന്' 'ആ തടി' എന്നീ വാക്കുകൾക്കിടയിൽ പുറകെ പറയുന്നത് കൂട്ടിച്ചേർക്കേണ്ടതാണ്:

'തടിയോ മറ്റ് വസ്തുക്കളോ കടത്തിക്കൊണ്ടുപോയ ആളെ നിയമാനുസരണം കസ്റ്റഡിയിൽ എടുക്കാവുന്നതും'

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(324). ഖണ്ഡം 9(1)-ൽ 'മറ്റു' എന്നതിനുപകരം 'ഉൾപ്പെടെ എല്ലാ' എന്നും ''ബോട്ടുകളോ'' എന്നതിനുശേഷം ''ഉൾപ്പെടെ മറ്റ് ഏതുതരം ഗതാഗത മാർഗ്ഗങ്ങളോ'' എന്നും ചേർക്കുക.

(332). ഖണ്ഡം 9 (3) (എ)-യിൽ 'ബോദ്ധ്യമാവുകയാണെങ്കിൽ' എന്നതിനുമുമ്പായി 'അന്വേഷണത്തിൽ' എന്ന് ചേർക്കുക.

അതിൽ ഒരു കാര്യമുണ്ട്, മരം കടത്തിക്കൊണ്ടുപോകുന്നതു സംബന്ധിച്ചുള്ള ഒരു കാര്യമാണ്. എല്ലാ വാഹനങ്ങളും, ബോട്ടുകളോ, മൃഗങ്ങളോ സഹിതം പിടിച്ചെടുക്കാമെന്നാണ്. ഇപ്പോൾ നിലമ്പൂർ കാട്ടിൽനിന്ന് കല്ലായിലേക്ക് മരം കൊണ്ടുപോകുന്നത് വഞ്ചിയിൽ കെട്ടിയാണ്, ഈ ഡെഫനിഷനകത്ത് വഞ്ചി വന്നിട്ടില്ല. അതുകൊണ്ട് വഞ്ചി പിടിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ മരം കടത്തിക്കൊണ്ടുപോകാൻ ഒരുപാട് സാദ്ധ്യതകൾ വരികയാണ്. സാങ്കേതികവിദ്യയൊക്കെ ഉപയോഗിക്കാം. അങ്ങനെവരുമ്പോൾ അത് എല്ലാ ബോട്ടുകളോ എന്നുൾപ്പെടെ മറ്റ് ഏതുതരം ഗതാഗതമാർഗ്ഗങ്ങളോ എന്നുകൂടി ചേർത്തുകഴിഞ്ഞാൽ ഡെഫനിഷനിൽ വരും. മറ്റേ ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(325). ഖണ്ഡം 9(1)-ൽ 'വഹിച്ചുകൊണ്ടുപോകുന്നതിന്' എന്നതിനുശേഷം 'നേതൃത്വം കൊടുത്ത ആളുകളോ' എന്നു ചേർക്കുക.

(328). ഖണ്ഡം 9(2)-ൽ 'കഴിയുന്നത്ര വേഗത്തിൽ' എന്നതിനു പകരം 'മൂന്നു ദിവസത്തിനുള്ളിൽ' എന്നു ചേർക്കുക.

(334). ഖണ്ഡം 9(3)(എ)-യിൽ 'തടി പിടിച്ചെടുക്കൽ സംബന്ധിച്ച്' എന്നതിനുശേഷം 'കഴിയുന്നത്ര വേഗത്തിൽ' എന്നുകൂടി ചേർക്കുക.

(328). കഴിയുന്നത്ര വേഗത്തിൽ എന്നാണ് പറഞ്ഞിട്ടുള്ളത്. അതിന് ഒരു ക്ലിപ്തത വേണം. ഇത്ര ദിവസത്തിനുള്ളിൽ, മൂന്നു ദിവസത്തിനുള്ളിൽ എന്നാണ് പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(326). ഖണ്ഡം 9 (1)-ന്റെ വിശദീകരണത്തിൽ 'സൂക്ഷിച്ചിട്ടുള്ള' എന്നതിനു പകരം 'സൂക്ഷിച്ചിട്ടുള്ളതും അതിന്റെ ഭാഗങ്ങളല്ലാത്തതും' എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(327). ഖണ്ഡം 9 (1)-ന്റെ വിശദീകരണത്തിൽ 'വാഹനം' എന്നതിനുശേഷം 'വള്ളം' എന്നും 'വാഹനത്തിലോ' എന്നതിനുശേഷം 'വള്ളത്തിലോ' എന്നു ചേർക്കുക.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(329). ഖണ്ഡം 9 (2)-ൽ 'ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്' എന്നതിനു പകരം 'മേലുദ്യോഗസ്ഥന്' എന്ന വാക്ക് ചേർക്കുക.

(331). ഖണ്ഡം 9 (3)-ൽ 'ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ' എന്നതിനുപകരം 'ഉദ്യോഗസ്ഥൻ' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(336) ഖണ്ഡം 9 (3)-ൽ ഉപഖണ്ഡം (ബി) വിട്ടുകളയുക.

ഇത് സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോഴാണ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്ന് ആക്കിയത്. ഞാൻ ഇപ്പോൾ പ്രൊപ്പോസ് ചെയ്തിരിക്കുന്നത് അതിനു പകരം മേലുദ്യോഗസ്ഥൻ ഇറിടെ പറഞ്ഞിരിക്കുന്നതെന്നാണ്. 1-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും തടി പിടിച്ചെടുക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും വനം വകുപ്പിലെ ഫോറസ്റ്ററുടെ പദവിക്കുതാഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥന് 6-ാം വകുപ്പ് വ്യവസ്ഥ ചെയ്താൽ തടി പിടിച്ചെടുക്കാം. ഫോറസ്റ്റർക്ക് ഇപ്പോൾ ഇവിടെ പറഞ്ഞിരിക്കുന്നതെന്താണ്?

അങ്ങനെയുള്ള പിടിച്ചെടുക്കലിനുള്ള റിപ്പോർട്ട് ആ പ്രദേശത്തെ ആധികാരികതയുള്ള ഡി.എഫ്.ഒ.-യ്ക്ക് നൽകിയിരിക്കുകയാണ്. ഡി.എഫ്.ഒ. ആണ് ഇത് പിടിച്ചെടുക്കുന്നതെന്ന് വിചാരിക്കുക. അയാൾക്ക് പിടിച്ചെടുക്കാൻ അധികാരമുണ്ട്. 9 (1) അനുസരിച്ച് അങ്ങനെ വരുമ്പോൾ അയാൾക്ക് അയാളുടെ മേലുദ്യോഗസ്ഥന് റിപ്പോർട്ട് കൊടുക്കണം. അതുകൂടെ ചേർക്കുന്നതാണ് നല്ലത്. അതിന് സമാനമായിട്ടുള്ളതു തന്നെയാണ് 6 (3)-ൽ പറഞ്ഞിരിക്കുന്നത്. അതാണ് 331. 336-നകത്ത് ഞാൻ പറഞ്ഞിരിക്കുന്നത്, (ബി) എന്നു പറയുന്നത് പിടിച്ചെടുക്കുന്നതു സംബന്ധിച്ചാണ്. ഏതെങ്കിലും പണി ആയുധമോ, കയറോ, ചങ്ങലയോ മറ്റു വസ്തുക്കളോ ബോട്ടോ, വാഹനങ്ങളോ, മൃഗങ്ങളോ ഏതൊരാളിൽനിന്നാണോ പിടിച്ചെടുക്കുന്നത് അതയാൾക്ക് തിരിച്ചു കൊടുക്കേണ്ടതാണെന്ന് (ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ) ഉത്തരവ് കൊടുക്കാം. അതിന്റെ ആവശ്യം ഇല്ല.

4.00 PM

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ എന്റെ 330, 337 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു:

(330). ഖണ്ഡം 9 (2)-ൽ താഴെപ്പറയുന്ന ഭാഗം അവസാനമായി ചേർക്കുക:

'എന്നാൽ ഈ റിപ്പോർട്ട് പരമാവധി 48 മണിക്കൂറിനകം ഡി.എഫ്.ഒ.-യ്ക്ക് ലഭിച്ചിരിക്കണം. ഇതിൽ പിടിച്ചെടുക്കുന്ന ഉദ്യോഗസ്ഥൻ വീഴ്ചവരുത്തുന്നപക്ഷം വകുപ്പുതല നടപടികൾ എടുക്കാവുന്നതാണ്'.

LIBRARY ARCHIVES Kerala Legislative Assembly

(337). ഖണ്ഡം 9(3)(ബി)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൂടി ചേർക്കുക: "സി. ഇങ്ങനെയുള്ള കാര്യത്തിൽ തീർപ്പുകൽപ്പിക്കുവാൻ ഡി.എഫ്.ഒ. പരമാവധി രണ്ടു ദിവസത്തിൽ കൂടുതൽ എടുക്കുവാൻ പാടുള്ളതല്ല".

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): സർ, ശരിക്കു പറഞ്ഞാൽ, ആർഗ്യുമെന്റ് എടുക്കുകയാണെങ്കിൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആണ് തടി പിടിക്കുന്നത്. There is no senior officer above him. ഇത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഹെഡാണ്. വഴിയിൽവച്ച് പിടിക്കുന്നതെങ്കിൽ അപ്പോൾ അവിടെ അതിന് മുകളിൽ മേലുദ്യോഗസ്ഥൻ ഇല്ല. മേലുദ്യോഗസ്ഥൻ എന്ന് എഴുതിവച്ചിട്ട് കാര്യമില്ല. ചുരുക്കത്തിൽ ഡി.എഫ്.ഒ. എന്നു പറയുന്നത് മതി. അതിൽ തെറ്റൊന്നുമില്ല. ഇവിടെ പറയുന്നത് തടി പിടിക്കുന്നത് വനം വകുപ്പിലെ ഫോറസ്റ്ററുടെ പദവിക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥനാണ്. ഒരു ജില്ലയുടെ എവിടെയെങ്കിലുംവച്ചാണ് പിടിക്കുന്നത്. അത് ഫോറസ്റ്ററിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ പിടിക്കുന്നു. അപ്പോൾ ഡി.എഫ്.ഒ.-യുടെ അടുക്കൽ റിപ്പോർട്ട് കൊടുക്കണം എന്നാണ്. അതിനു മുകളിലുള്ളയാൾ പിടിച്ചാൽ ആ ഉദ്യോഗസ്ഥന് അത് പ്രോസിക്യൂട്ട് ചെയ്യാം. ഇതിനു താഴെയുള്ള ഫോറസ്റ്റർ പിടിക്കുന്നുണ്ടെങ്കിൽ ഡി.എഫ്.ഒ.-യ്ക്ക് റിപ്പോർട്ട് കൊടുക്കണം. ഇതിൽ വേറെ ഒന്നും ഇല്ല. ഡി.എഫ്.ഒ. മതി. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 324, 332 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 325, 328, 334 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 329, 331, 336 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 330, 337 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

10-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ എന്റെ 338-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(338). ഖണ്ഡം (10)-ൽ മജിസ്ട്രേട്ട് മുമ്പാകെ എന്നതിനുശേഷം "പിടിച്ചെടുത്ത വസ്തുവിനെയും കടത്തിക്കൊണ്ടുപോകാൻ ഉപയോഗിച്ച വാഹനമോ മൃഗമോ ഏതുമായാലും അതിന്റെ നിശ്ചിതവില അടയ്ക്കുകയും" എന്ന് ചേർക്കുക.

സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പെരുകാതിരിക്കുന്നതിന് തക്കശിക്ഷ നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഇന്ന് എക്സൈസ് ഓഫീസർമാർ ലക്ഷക്കണക്കിന് രൂപയുടെ വാഹനങ്ങൾ പിടിച്ചെടുത്തുകൊണ്ടിരിക്കുന്നത്. അതൊക്കെ കുറേക്കഴിഞ്ഞ് ഓക്ഷനിലൂടെ ഗവണ്മെന്റിലേക്ക് മുതൽക്കൂട്ടുകയാണ്. ഇവിടെ പിടിച്ചെടുക്കുന്ന സാധനസാമഗ്രികളും വാഹനങ്ങളുമൊക്കെ മജിസ്ട്രേട്ടിന്റെ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് ഏത് സമയത്താണ് ഹാജരാക്കിയത് എന്നതിന്റെ അടിസ്ഥാനത്തിൽ വിട്ടു കൊടുക്കാമെന്നാണ് നിയമത്തിൽ പറയുന്നത്. അങ്ങനെ വരുമ്പോൾ കറപ്ഷൻ ഉണ്ടാകുമെന്ന സ്ഥിതിവരുന്നു. അവ കൊണ്ടുപോയിട്ട് വേറെ ഏതെങ്കിലും സാധനം കൊണ്ടുവന്നാൽ മതി. അതുകൊണ്ട് പിടിച്ചെടുക്കുന്ന സാധനങ്ങൾ കടത്തിക്കൊണ്ടു പോകാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ, മൃഗങ്ങൾ ഏതു തന്നെ ആയാലും അത് നിശ്ചിത വകുപ്പിനുമുമ്പാകെ തുക അടപ്പിച്ചിട്ട് കൊണ്ടുപോകാനുള്ള സംവിധാനം ഉണ്ടാക്കിക്കൊടുക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ 339-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(339).(1) ഖണ്ഡം (10)-ൽ "ആ വസ്തുക്കൾ ആവശ്യപ്പെടുന്നെങ്കിലും ആവശ്യപ്പെടുമ്പോഴും" എന്നതിനു പകരം "ആ വസ്തുക്കൾ തിരിച്ചുകൊടുക്കണമെന്ന് അപേക്ഷിക്കുന്നപക്ഷം" എന്നു ചേർക്കുക.

(2) "അപ്രകാരം വിട്ടുകൊടുക്കുന്ന വസ്തുക്കൾ എന്ന വാക്കുകൾക്കുശേഷം ആവശ്യപ്പെടുമ്പോൾ" എന്നത് ചേർക്കുക.

(3) "ഹാജരാക്കിക്കൊള്ളാമെന്നതിനുള്ള" എന്നതിനു പകരം "ഹാജരാക്കിക്കൊള്ളാമെന്നതിന് മതിയായ ജാമ്യം സഹിതമുള്ള" എന്നത് ചേർക്കുക.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ എന്റെ 340-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(340). ഖണ്ഡം (10)-ൽ "ഹാജരാക്കിക്കൊള്ളാമെന്നതിനുള്ള" എന്നതിനുശേഷം "സോൾവൻസി അടക്കമുള്ള" എന്നുകൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ എന്റെ 341-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(341). ഖണ്ഡം 10-ൽ "വിട്ടുകൊടുക്കാവുന്നതാണ്" എന്നതിനു പകരം "വിട്ടുകൊടുക്കാവുന്നതും പിടികൊടുക്കപ്പെട്ട തടി മതിപ്പുവിലയോടുകൂടിയ തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന്മേൽ ഉടമസ്ഥന് കൈമാറാവുന്നതുമാണ്" എന്നത് ചേർക്കുക.

ഇത് അംഗീകരിപ്പിക്കണം എന്നതാണ് എന്റെ ദൗത്യം. ഇതിൽ പിടിച്ചെടുത്ത വാഹനങ്ങൾ വിട്ടുകൊടുക്കുകയാണ്. ആ വാഹനങ്ങൾ വിട്ടുകൊടുക്കുമ്പോൾ ഫോറസ്റ്റ് ഓഫീസർ ഒരു ബോണ്ട് വച്ച് വിട്ടുകൊടുക്കുക എന്നുള്ളതാണ് ഇപ്പോഴത്തെ വ്യവസ്ഥ. അത് മാറ്റണം. അതിന്റെ മതിപ്പു വിലയ്ക്കുള്ള തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന്മേൽ ഉടമസ്ഥന് വിട്ടുകൊടുക്കാമെന്ന് വ്യവസ്ഥയിൽ ചേർക്കുന്നില്ലെങ്കിൽ ഫോറസ്റ്റ് ഓഫീസർക്ക് കാശ് വാങ്ങുന്നതിനുള്ള ഒരു വകുപ്പായി 10-ാം വകുപ്പ് മാറും. അതുകൊണ്ട് വ്യക്തമായിട്ടുള്ള വ്യവസ്ഥ വയ്ക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഇതിലൊന്നും ഒരു കുഴപ്പവുമില്ല. ഡി.എഫ്.ഒ. 9-ാം വകുപ്പിന്റെ കീഴിൽ പിടിച്ചെടുക്കുകയും ആ വകുപ്പിലെ മൂന്നാം ഉപവകുപ്പിൻകീഴിൽ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് അതു സംബന്ധിച്ചുള്ള റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ള കേസുകളിൽ പിടിക്കപ്പെട്ട, കോടതി മുമ്പാകെ വന്ന, ഒരു സാധനം ഹാജരാക്കിയാൽ മതി. അങ്ങനെ ധാരാളം നിയമങ്ങളിലുണ്ട്. ഹാജരാക്കുന്നതിന് തക്കതായ ഗ്യാരന്റിയോ ഷുവർട്ടിയോ ഒക്കെ മേടിച്ചുകൊണ്ടാണ് കൊടുക്കുന്നത്. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ 338, 341 എന്നീ ഭേദഗതികൾക്ക് പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: 338, 341 എന്നീ ഭേദഗതികൾക്ക് പോൾ.....

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—25

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, വി. കെ. ചന്ദ്രൻ
5. ,, ടി. കെ. ദേവകുമാർ
6. ,, കെ. കെ. ജയചന്ദ്രൻ
7. ,, എം. വി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. ടി. എം. ജേക്കബ്
9. ,, ജോണിനെല്ലൂർ
10. ഡോ. കെ. സി. ജോസഫ്
11. ശ്രീ. എം. കുമാരൻ
12. ,, കെ. വി. കുഞ്ഞിരാമൻ
13. ,, വി. കെ. സി. മമ്മത് കോയ
14. ,, മത്തായി ചാക്കോ
15. ,, കെ. വി. മോഹനൻ
16. ,, എ. സി. മൊയ്തീൻ
17. ,, സി. കെ. നാണു
18. ,, എം. പ്രകാശൻ മാസ്റ്റർ
19. ,, കെ. രാധാകൃഷ്ണൻ
20. ,, കെ. വി. രാജേന്ദ്രൻ
21. ,, രാജു എബ്രഹാം
22. ,, സാജു പോൾ
23. ,, കെ. വി. സതീശ് ചന്ദ്രൻ
24. ,, ഷിബു ബേബി ജോൺ
25. ശ്രീമതി വി. കെ. ശ്രീമതി ടീച്ചർ

വിയോജിക്കുന്നവർ 45

1. ശ്രീ. പെർക്കളം അബ്ദുള്ള
2. ,, വി. കെ. അബ്ദുറബ്ബ്
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. ബാബു
5. ,, വി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, വി. വി. ജോർജ്
8. ശ്രീമതി കെ. ആർ. ഗൗരിയമ്മ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. കെ. സി. ജോസഫ്
10. „ ജോസഫ് എം. പുതുശ്ശേരി
11. „ പി. ജെ. ജോയി
12. „ ഉമ്മൻ ചാണ്ടി
13. „ എം. കെ. പോൾസൺ മാസ്റ്റർ
14. „ അടൂർ പ്രകാശ്
15. „ ടി. എൻ. പ്രതാപൻ
16. „ വക്കം പുരുഷോത്തമൻ
17. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. „ ടി. യു. രാധാകൃഷ്ണൻ
19. „ വർക്കല കഹാർ
20. „ ജി. കാർത്തികേയൻ
21. „ കെ. എൻ. എ. ഖാദർ
22. „ കെ. കെ. നായർ
23. „ കെ. കുട്ടി അഹമ്മദ് കുട്ടി
24. „ സി. മമ്മൂട്ടി
25. „ കെ. എം. മാണി
26. „ ഇ. ടി. മുഹമ്മദ് ബഷീർ
27. „ എ. കെ. മണി
28. „ സി. മോയിൻകുട്ടി
29. „ എഴുകോൺ നാരായണൻ
30. „ കെ. കെ. ഷാജു
31. „ സ്റ്റീഫൻ ജോർജ്
32. „ സി. എഫ്. തോമസ്
33. പ്രൊഫ. കെ. വി. തോമസ്
34. ശ്രീ. എ. എൻ. രാജൻ ബാബു
35. „ യു. സി. രാമൻ

GPM. 2/566/2012—46

LIBRARY ARCHIVES Kerala Legislative Assembly

36. ശ്രീ. തന്നാനൂർ രവി

37. ,, റോഷി അഗസ്റ്റിൻ

38. ,, ടി. വി. എം. സാഹിർ

39. ,, വി. ഡി. സതീശൻ

40. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

41. ശ്രീ. തോമസ് പാഴികാടൻ

42. ,, തോമസ് ഉണ്ണിയാടൻ

43. ,, ഉമേഷ് ചള്ളിയിൽ

44. ,, എം. എ. വാഹിദ്

45. ,, കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—25

പ്രതികൂലിക്കുന്നവർ—45

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതിയും 25-നെതിരെ 45 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. വി. മോഹനൻ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

12-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ എന്റെ 344-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(344). ഖണ്ഡം 12-ൽ "ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ" എന്നതിനു പകരം "കൺസർവേറ്റർ ഓഫ് ഫോറസ്റ്റുടെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ എന്റെ 347-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(347). ഖണ്ഡം 12-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

എന്നാൽ, പ്രോസിക്യൂഷൻ നടപടികൾ എടുക്കേണ്ട കേസുകളിൽ ഡി.എഫ്.ഒ. റിപ്പോർട്ട് വരുത്തിയാൽ പ്രിൻസിപ്പൽ ഫോറസ്റ്റ് കമ്മീഷണർക്കും പ്രോസിക്യൂഷൻ അനുമതി നൽകുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: 9-ാം വകുപ്പിൽ കൃത്യമായും പറയുന്നുണ്ട്. ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കേസ് രജിസ്റ്റർ ചെയ്തതായിട്ട്. 12-ാം വകുപ്പിന്റെ ആവശ്യം ഇല്ലാത്തതാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, അത് സ്വീകരിക്കുന്നില്ല. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13 മുതൽ 15 വരെയുള്ള വകുപ്പുകൾ

13 മുതൽ 15 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13 മുതൽ 15 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ 348-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(348). ഖണ്ഡം 16 (1) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം ഈ ആക്ടിലെ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാത്തതും ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ ഉത്തരവുവഴി ആ വൈഷമ്യങ്ങൾ നീക്കം ചെയ്യാവുന്നതാണ്."

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ എന്റെ 349-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(349). ഖണ്ഡം 16(1)-ന് ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ ഈ ആക്ട് നടപ്പിൽ വന്ന തീയതി മുതൽ രണ്ടുവർഷക്കാലയളവിനു ശേഷം അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാകുന്നു."

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എ. എ. അസീസ്: സർ, ഞാൻ എന്റെ 81, 136 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(81). ശീർഷകത്തിൽ "2004" ലെ എന്നത് മാറ്റി "2005" ലെ എന്നാക്കേണ്ടതാണ്.

(136). ഖണ്ഡം 1(3) താഴെപ്പറയുംപ്രകാരം മാറ്റുക.

"ഇത് 2005 ജൂലൈ 30-ന് പ്രാബല്യത്തിൽ വരുന്നതാണ്".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ എന്റെ 86, 94, 104, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(86). ദീർഘശീർഷകത്തിൽ 'ഹരിതമേഖല വർദ്ധിപ്പിക്കുന്നതിനും' എന്നതിനുപകരം 'ഹരിതമേഖല വിപുലപ്പെടുത്തുന്നതിനും' എന്ന് ചേർക്കുക.

(94). ദീർഘശീർഷകത്തിൽ 'വൃക്ഷങ്ങളുടെ നട്ടുവളർത്തൽ' എന്നതിനു പകരം 'വൃക്ഷങ്ങൾ നട്ടുവളർത്തൽ' എന്ന് ചേർക്കുക.

(104). പീഠികയിലെ 2-ാം ഖണ്ഡികയിൽ "കുളങ്ങളുടേയും" എന്നതിനു പകരം "പൊതുകുളങ്ങളുടേയും" എന്നു ചേർക്കുക.

(108). പീഠികയിലെ മൂന്നാം ഖണ്ഡികയിൽ 'വർദ്ധിപ്പിക്കുന്നതിന്' എന്നതിനു പകരം 'വിപുലപ്പെടുത്തുന്നതിന്' എന്ന് ചേർക്കുക. 'ഭൂമിയിലും കൂടി' എന്നതിൽ 'കൂടി' എന്ന വാക്ക് ഒഴിവാക്കുക.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ എന്റെ 83, 88, 107 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(83). ശീർഷകത്തിൽ "2004" ലെ എന്നത് മാറ്റി "2005" ലെ എന്നാക്കേണ്ടതാണ്.

(88). ദീർഘശീർഷകത്തിൽ 'ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും' എന്നതിനുശേഷം 'പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തുന്നതിനും' എന്നുകൂടി ചേർക്കുക.

(107). പീഠികയിലെ 3-ാം ഖണ്ഡികയിൽ "രാജ്യത്തെ ഹരിതമേഖല വർദ്ധിപ്പിക്കുന്നതിന്" എന്നതിനു പകരം "രാജ്യത്തെ ഹരിതമേഖല വർദ്ധിപ്പിക്കുന്നതിനും പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ എന്റെ 89, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(89). ദീർഘശീർഷകത്തിൽ 'തടഞ്ഞുനിർത്തുന്നതിനും' എന്നതിനുപകരം 'തടയുന്നതിനും' എന്ന് ചേർക്കുക.

(118). പീഠികയിലെ 4-ാം ഖണ്ഡികയിൽ "എല്ലാ വനേതര പ്രദേശങ്ങളിലും" എന്നതിനുപകരം "വനേതര പ്രദേശങ്ങളിൽ" എന്നു ചേർക്കുക.

ശ്രീ. സി. കെ. നാണു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(93) ദീർഘശീർഷകത്തിൽ 'വനേതരപ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ' എന്നതിനു പകരം 'വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങളുടേയും ഔഷധസസ്യങ്ങളുടേയും' എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(96) ദീർഘശീർഷകത്തിൽ 'പ്രോത്സാഹിപ്പിക്കുന്നതിനുള്ള' എന്നതിനുപകരം 'പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള' എന്ന് ചേർക്കുക.

(128) പീഠികയിലെ 7-ാം ഖണ്ഡികയിൽ "കേരള സർക്കാർ" എന്നതിനുപകരം "സർക്കാർ" എന്നു ചേർക്കുക.

"പ്രോത്സാഹിപ്പിക്കുന്നതിന്" എന്നതിനുപകരം "പ്രോത്സാഹിപ്പിക്കുന്നതിനായി" എന്നു ചേർക്കുക.

"കൊണ്ടുവരുന്നതിനായി" എന്നതിനുപകരം "കൊണ്ടുവരണമെന്ന്" എന്നു ചേർക്കുക.

ശ്രീ. എം. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(84) ശീർഷകത്തിൽ "2004 ലെ കേരള വനേതര പ്രദേശങ്ങളിൽ" എന്ന വാക്കുകൾക്കുശേഷം."പരിസ്ഥിതിക്ക് അനുയോജ്യമായ"എന്ന വാക്കുകൾകൂടി ചേർക്കുക.

(92) ദീർഘശീർഷകത്തിൽ വനേതര പ്രദേശങ്ങളിൽ എന്ന വാക്കുകൾക്കുശേഷം "പരിസ്ഥിതിക്ക് അനുയോജ്യമായ " എന്നീ വാക്കുകൾ കൂടി ചേർക്കുക.

(97) പീഠികയിലെ 1-ാം ഖണ്ഡികയിൽ "പ്രദേശങ്ങളിൽ" എന്ന വാക്കിന് ശേഷം "പരിസ്ഥിതിക്ക് അനുയോജ്യമായ" എന്നീ വാക്കുകൾ കൂടി ചേർക്കേണ്ടതാണ്.

(119) പീഠികയിലെ 4-ാം ഖണ്ഡികയിൽ "വനേതര പ്രദേശങ്ങളിലും" എന്ന വാക്കുകൾക്കുശേഷം "അതാത് പ്രദേശത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ" എന്നീ വാക്കുകൾകൂടി ചേർക്കുക.

(133) ഖണ്ഡം 1 (1) താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക. "ഈ ആക്ട് 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്താൻ അനുവാദം നൽകുന്ന ആക്ട് എന്ന് പേർ പറയാം."

(139) ഖണ്ഡം 1 ലെ ഉപഖണ്ഡങ്ങൾ (2), (3) എന്നിവ താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"(2) ഇത് സംസ്ഥാനത്തെ വനേതര ഭൂമിക്ക് മാത്രം ബാധകമാകുന്നതാണ്.

(3) ഇത് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

ഡോ. എം. എ. കുട്ടപ്പൻ: സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(87). ദീർഘശീർഷകത്തിൽ 'വർദ്ധിപ്പിക്കുന്നതിനും' എന്നതിനുശേഷം 'വനേതര പ്രദേശങ്ങളിലെ' എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(126). പീഠികയിലെ 6-ാം ഖണ്ഡികയിൽ "വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ പ്രോത്സാഹിപ്പിക്കുന്നതും ആവശ്യമായിരിക്കുന്നതിനാലും" എന്നതിനുപകരം "വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമായതിനാലും" എന്നു ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(91) ദീർഘശീർഷകത്തിൽ 'തടിയുടെയും മുളയുടെയും' എന്ന വാക്കുകൾക്കു ശേഷം 'ഈറ്റയുടെയും' എന്ന് ചേർക്കുക.

(103) പീഠികയിലെ 2-ാം ഖണ്ഡികയിൽ "നദികളുടെയും" എന്ന വാക്കിന് ശേഷം "പുഴകളുടേയും" എന്നും "കുളങ്ങളുടെയും" എന്ന വാക്കിനു ശേഷം "ചിറകളുടെയും" എന്നും "വരൾച്ചയുടെയും" എന്ന വാക്കിനുശേഷം "കാവുവർഷക്കെടുതികളുടെയും" എന്നും കൂടി ചേർക്കുക.

(117) പീഠികയിലെ നാലാമത്തെ ഖണ്ഡികയിൽ "പെരിയതടി" എന്ന വാക്കിനുശേഷം "ഫർണിച്ചർ തൊഴിൽ" എന്നു കൂട്ടിചേർക്കുക.

(123) പീഠികയിലെ 5-ാം ഖണ്ഡികയിൽ "സംരക്ഷിക്കുന്നതിനും" എന്ന വാക്കിനുശേഷം "പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും" എന്നുകൂടി ചേർക്കുക.

ഇത് കൂട്ടിച്ചേർക്കാവുന്ന ഒരു കാര്യമാണ്. പുഴകളുടെയും കുളങ്ങളുടെയും എന്ന് കഴിഞ്ഞ് ചിറകളുടെയും എന്ന് ചേർക്കണം.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(106) പീഠികയിലെ 2-ാം ഖണ്ഡികയിൽ "മണ്ണൊലിപ്പും വെള്ളപ്പൊഴുക്കി പാറ വെളിപ്പെടുന്നതും" എന്ന വാക്കുകൾക്ക് പകരം "മണ്ണൊലിപ്പ്" എന്ന വാക്ക് ചേർക്കുക.

(129) പീഠികയിലെ 7-ാം ഖണ്ഡിക നീക്കം ചെയ്യുക.

(132) ഖണ്ഡം 1 (1) ൽ "പ്രോത്സാഹന" എന്ന വാക്ക് നീക്കം ചെയ്യുക.

106-ൽ പറഞ്ഞിരിക്കുന്നത്, നദികളുടെയും തടാകങ്ങളുടെയും കുളങ്ങളുടെയും കനാലുകളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പും വെള്ളം ഒഴുകി പാറ വെളിപ്പെടുന്നതും തടയുന്നതിന് എന്നാണ്. മണ്ണൊലിപ്പ് എന്ന് പറഞ്ഞാൽ മതി. മണ്ണൊലിച്ച് വെള്ളം ഒഴുകി പാറ വെളിപ്പെടണം എന്ന് പറയുന്നത് എന്തിനാണ്? മണ്ണൊലിപ്പ് എന്നുമാത്രം മതി. അതിന്റെ ആവശ്യമേയുള്ളു. അങ്ങനെ ചേർക്കുന്നതാണ് ശരി. പാറ ഇല്ലാത്ത സ്ഥലത്ത് മണ്ണൊലിപ്പ് ഉണ്ടാകില്ല. മണ്ണൊലിച്ചുപോയി പാറ വെളിപ്പെട്ടില്ലെങ്കിൽ മണ്ണൊലിപ്പില്ല. അങ്ങനെയൊക്കെ ഒരു നിയമത്തിൽ എഴുതിവയ്ക്കുന്നത് ശരിയല്ല. അതുപോലെ ഇതിനകത്ത് പറയുന്നത്, കേരള സർക്കാർ നിയമിച്ച ഭരണപരിഷ്ക്കാര കമ്മിറ്റി മുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വനേതര പ്രദേശങ്ങൾ.....

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ അദ്ദേഹം പറഞ്ഞു, എനിക്ക് false prestige ഇല്ല. ജേക്കബിന് false prestige എന്നൊക്കെ പറഞ്ഞ് ഒരു സംഭാഷണം ഉണ്ടായില്ലേ? ഈ ചേർത്തിരിക്കുന്നത് ഒരു false prestige -ന്റെ ഭാഗമാണ്.

മി. സ്പീക്കർ: ഇതൊക്കെ lively ആക്കാൻവേണ്ടി പറഞ്ഞതാണ്.

ശ്രീ. ടി. എം. ജേക്കബ്: Law Reforms Committee ഒരുപാട് നിയമങ്ങൾ repeal ചെയ്തുകളയാൻ പറഞ്ഞിട്ടുണ്ട്. അതൊന്നുംതന്നെ ഈ പീഠികയിൽ ചേർക്കേണ്ട കാര്യമില്ല.

132-ൽ 'പ്രോത്സാഹനം' എന്ന വാക്കിന്റെ ആവശ്യമില്ല. നിയമം നിലവിൽ വരാൻ പോവുകയാണ്. 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ ബിൽ, അതിന്റെ ആവശ്യമേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(111) പീഠികയിലെ നാലാം ഖണ്ഡികയിൽ "ഗ്രാമീണ ജനങ്ങളുടെ" എന്നതിനു പകരം "ഗ്രാമീണരുടെ" എന്നു ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(124) പീഠികയിലെ 5-ാമത് ഖണ്ഡികയ്ക്കുശേഷം ചുവടെ പറയുന്നത് കൂട്ടിച്ചേർക്കണം:

"നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളെ സംരക്ഷിക്കുവാൻ കൂടുതൽ ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കേണ്ടത് ആവശ്യമായിവന്നിരിക്കുന്നതിനാലും"

വനവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* അദ്ദേഹം പറഞ്ഞതിൽ, അദ്ദേഹത്തിന് ആകെ ഇഷ്ടപ്പെടാത്ത ഒരു കാര്യം, കേരള സർക്കാർ നിയമിച്ച നിയമപരിഷ്കരണ കമ്മിറ്റി, പ്രത്യേകിച്ച് ഞാൻ ചെയർമാനായിട്ടുള്ള ഒരു നിയമപരിഷ്കരണ കമ്മിറ്റിയുടെ മുന്നിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വനേതര പ്രദേശങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം, അത് വേണ്ട എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അത് വേണം. കാരണം ഇത് ഒറിജിനേറ്റ് ചെയ്തത് നിയമപരിഷ്കരണ കമ്മിറ്റിയാണ്. ജേക്കബിന് എന്തിനാണ് നിയമപരിഷ്കരണ കമ്മിറ്റിയോട് ഇത്ര അലർജി? അത് bonafide ആയിട്ടുള്ള ഒരു criticism അല്ല. ഇവിടുത്തെ നിയമങ്ങൾ development friendly ആകണം. എന്താണ് development friendly? അവനവന്റെ ഭൂമിയിൽ മരം വെട്ടാൻ അനുവാദം കൊടുത്താൽ നാം കൂടുതൽ മരം വയ്ക്കും. That is development friendly. Development friendly ആക്കുന്നതിന് നിയമപരിഷ്കരണകമ്മിറ്റി ശുപാർശ ചെയ്ത ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമം ഇതാണ്. അതുകൊണ്ട് ഇത് തീർച്ചയായിട്ടും പീഠികയിൽ പറയണം.

LIBRARY ARCHIVES Kerala Legislative Assembly

അതു ചേർക്കുന്നതിനോട് ജേക്കബിനുള്ള എതിർപ്പ് മനസ്സിലാകുന്നില്ല. ഞാൻ ചെയർമാനായിട്ടുള്ള ഭരണപരിഷ്കാര കമ്മിറ്റിയായതുകൊണ്ട് ഒരുപക്ഷേ ജേക്കബിന് ഇഷ്ടപ്പെടുന്നില്ലായിരിക്കും. ഇത് വ്യക്തിപരമായിട്ടുള്ളതല്ല. ഗവൺമെന്റിന്റെ ഓരോരോ കാര്യങ്ങളാണ്. അതുകൊണ്ട് എനിക്ക് ജേക്കബിനോട് സ്നേഹമുണ്ടെങ്കിലും, ജേക്കബ് പറയുന്ന ചില കാര്യങ്ങൾ സ്വീകരിക്കണമെന്നുണ്ടെങ്കിലും അതിന്റെ intention നല്ലതല്ലാത്തതുകൊണ്ട് സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി. എം. ജേക്കബ്: സ്നേഹമുണ്ട്, സ്നേഹമുണ്ട് എന്ന് പറയരുത്. ആ വാക്ക് ഒഴിവാക്കിയാൽ ബാക്കിയെല്ലാം ശരിയാണ്.

മി. സ്പീക്കർ: മാണിസാറിന്റെ സ്നേഹം ജേക്കബിന് വേണ്ടേ?

ശ്രീ. ടി. എം. ജേക്കബ്: സ്നേഹം വേണ്ട എന്നല്ല പറഞ്ഞത്, ഇടയ്ക്കിടയ്ക്ക് സ്നേഹമുണ്ട് എന്ന് പറയേണ്ട കാര്യമില്ല.

ശ്രീ. കെ. എം. മാണി: സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുക എന്നുള്ളതല്ലേ കാര്യം. ഞാൻ എത്ര സ്നേഹിച്ചാലും ഞാൻ സ്നേഹിക്കുന്നു എന്ന കാര്യം ശ്രീ. ജേക്കബ് ഒരിക്കലും അഡ്മിറ്റ് ചെയ്യില്ല. അപ്പോൾ നമ്മൾ സ്നേഹിക്കപ്പെടുന്നില്ല. വളരെ വിഷമമുണ്ട്. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹത്തിന് എന്നോടും എനിക്ക് അദ്ദേഹത്തോടും സ്നേഹമുണ്ട്.

മി. സ്പീക്കർ: മാണി സാറിന് ശ്രീ. ജേക്കബിനോട് സ്നേഹമുണ്ടെന്ന് പറയുന്നതുപോലെ ശ്രീ. ജേക്കബിനും മാണിസാറിനോട് സ്നേഹമുണ്ടെന്നാണ് പറയുന്നത്.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 81, 136 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 84, 92, 97, 119, 133, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 86, 94, 104, 108 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

GPM. 2/566/2012—47

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 83, 88, 107 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 89, 118 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച 93-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 96, 128 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 91, 103, 117, 123 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 106, 129, 132 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)*: ഈ ബിൽ ഇല്ലാതെ തന്നെ ഉടമകൾക്ക് മരം വച്ചുപിടിപ്പിക്കാനും വെട്ടിയെടുക്കാനുമൊക്കെയുള്ള സ്വാതന്ത്ര്യം ഇന്ന് അനുവദിക്കപ്പെട്ടിരിക്കുകയാണ്. ഈ വനത്തിലെ മരങ്ങൾ ആകാവുന്നത്ര വെട്ടി കടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്ക് ഇന്നിപ്പോൾ പിറ അസൗകര്യങ്ങളൊക്കെയുണ്ട്. കേസെടുക്കുകയും പിടിക്കുകയും കോഴ കൊടുക്കുകയും എല്ലാംതന്നെ ചെയ്യുന്ന അസൗകര്യം നീക്കിക്കൊടുത്ത് വനമാഫിയകൾക്ക് അവരുടെ മരം വെട്ടി റിൽക്കുക, അതുവഴി ലക്ഷങ്ങൾ തട്ടുക എന്ന ഉദ്ദേശം സാധിതപ്രായമാക്കാൻവേണ്ടി കൃഷിക്കാർക്ക് അനുകൂലമായി, കൃഷിക്കാർക്ക് അനുകൂലമായി എന്നുപറഞ്ഞ് ഒരു പുതപ്പും പുതപ്പിച്ചിട്ട് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നിരിക്കുകയാണ്. ഈ കബളിപ്പിക്കലിനെ സംബന്ധിച്ച് ഇവിടെ പല മെമ്പർമാരും പല രീതിയിൽ വിശദമാക്കിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ കബളിപ്പിക്കലിനെ സംബന്ധിച്ച് ഒന്നുകൂടി ഞാൻ വ്യക്തമാക്കികൊണ്ട് ഈ സൂത്രവിദ്യകൾ നിങ്ങൾക്ക് ഇപ്പോൾ ഭൂരിപക്ഷമുള്ള കൈകൾ ഉയരുന്നതിന്റെയോ ഞെക്കുന്നതിന്റെയോ പിറമായി ഇത് ഞങ്ങൾ എതിർത്താലും പാസ്സാക്കിയെടുക്കാൻ കഴിയും. എന്തിനുവേണ്ടിയാണ് ഈ സഭയുടെ സമയം കളഞ്ഞ് 7 മണി വരെയും 8 മണി വരെയും ഞങ്ങളെ ഇരുത്തിയത്? ബഹുമാനപ്പെട്ട സ്പീക്കറടക്കം ത്യാഗം സഹിക്കേണ്ടിവന്നിരിക്കുകയാണ്.

മി. സ്പീക്കർ: ഞാനും ദു:ഖിതനാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ആ ഒരു ദു:ഖവും പ്രതിഷേധവും പ്രകടിപ്പിച്ചുകൊണ്ട് ഞാൻ എന്റെ മൂന്നാം വായനയിലെ അഭിപ്രായം രേഖപ്പെടുത്തുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സംസ്ഥാനത്തിന്റെ വനാതിർത്തി പൂർണ്ണമായും സർവ്വേ ചെയ്ത് പൂർത്തിയാക്കിയിട്ടില്ല എന്നും അത് ജണ്ടകെട്ടി നിർണ്ണയിച്ചിട്ടില്ല എന്നും ഇനിയും മൂന്ന് വർഷം വേണം സർവ്വേ പൂർത്തിയാക്കാൻ എന്നും സംസ്ഥാനത്തെ മൊത്തം 11,760 കിലോമീറ്റർ വനാതിർത്തിയിൽ 9,360 കിലോമീറ്റർ ദൂരം ജണ്ടകളും കെട്ടിയിട്ട് അത്രയും മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളു എന്ന് ഗവൺമെന്റ് തന്നെ ഈ നിയമസഭയിൽ ഞങ്ങൾക്ക് രേഖാമൂലം ഉത്തരം തന്ന സാഹചര്യത്തിലാണ് വനാതിർത്തിയും വനവും വനത്തിന്റെ തർക്കങ്ങളൊക്കെ നിലനിൽക്കുമ്പോൾ ഇതുപോലൊരു നിയമം പാസ്സാക്കുന്നത്. കൃഷിക്കാരെ സഹായിക്കാനാണെന്ന് മാണി സാർ ആവർത്തിച്ചുപറഞ്ഞത് അംഗീകരിക്കുകയാണ്. സഹായിക്കേണ്ടതൊക്കെ ചെയ്യണം. എല്ലാ കാലത്തും ഇത് നടപ്പിലാക്കുന്ന ഗവൺമെന്റോ ഉദ്യോഗസ്ഥൻമാരോ അതുമായി ബന്ധപ്പെട്ട കാര്യങ്ങളോ ഒക്കെ മാറിമാറി വരുന്നതല്ലേ? അത്തരമൊരു സാഹചര്യത്തിൽ കേരളത്തിന്റെ വനം, നമ്മുടെ കുറഞ്ഞുവരുന്ന വനം കൂടുതൽ നഷ്ടപ്പെട്ടുപോകുന്നതിലേക്ക് ഇടവരുത്തുന്നതുകൊണ്ടാണ് ഈ എതിർപ്പും പിറ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായങ്ങളും ഇവിടെ പ്രകടിപ്പിച്ചത്. അതുകൊണ്ട് ഇത് രണ്ട് ബില്ലായിട്ട് കൊണ്ടു വന്നിരുന്നുവെങ്കിൽ, വനം വച്ചുപിടിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഒരു ബിൽ, വനം വെട്ടിമാറ്റാനും കടത്തിക്കൊണ്ടുപോകാനും കഴിയുന്ന മറ്റൊരു ബിൽ– അങ്ങനെ രണ്ട് ബില്ലായിരുന്നെങ്കിൽ കുറച്ചുകൂടി അതിനകത്ത് സുതാര്യതയും വ്യക്തതയും ഉണ്ടാകുമായിരുന്നു. അതുകൊണ്ട് പരിസ്ഥിതിക്ക് കോട്ടംതട്ടുന്ന വിധത്തിലുള്ള ഒരു നടപടിക്ക് പോകരുത്. അത് ദൂരവ്യാപകമായ അപകടമുണ്ടാക്കും എന്നുള്ളതുകൊണ്ടാണ് പിന്നെ അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിച്ചത്.

ശ്രീ. സി. കെ. നാണു : സർ, ഇതിൽ ബഹുമാനപ്പെട്ട മന്ത്രി, നമ്മുടെ നാട്ടിലെ കൃഷിക്കാർ കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ താൽപ്പര്യം ഉണ്ടാക്കുന്ന നിലപാട് സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നതെങ്കിൽ സന്തോഷകരമാണ്. പക്ഷേ, അതേ അവസരത്തിൽ നമ്മുടെ സ്റ്റേറ്റിലും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും അനധികൃതമായി മരം മുറിക്കുന്നതിന്റെ ഫലമായി കൃഷിക്കാർ അനുഭവിച്ചുവരുന്ന ദുരിതങ്ങൾ ഇന്നു നമ്മുടെ മുമ്പാകെ എല്ലാ രൂപത്തിലും വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത് നടപ്പിലാക്കുന്ന അവസരത്തിൽ ന്യായമായ രൂപത്തിലുള്ളതല്ലാതെ വനത്തിനു തകരാർ ഉണ്ടാക്കുന്ന രൂപത്തിലുള്ള വനസംരക്ഷണം ഒരു കാരണവശാലും ഈ ബിൽകൊണ്ട് ഉണ്ടാക്കാനും പാടില്ലെന്ന വ്യക്തത ബഹുമാനപ്പെട്ട മന്ത്രിക്ക് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, മരം വച്ചുപിടിപ്പിക്കാനും മരം വെട്ടിമുറിക്കാനും ഉതകുന്ന തരത്തിലുള്ള ഈ നിയമനിർമ്മാണം വനം മാഫിയകളെ സഹായിക്കുന്ന തരത്തിൽ അവസാനിക്കരുത് എന്നു മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

വനവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* : സർ, ഞാൻ, വാസ്തവത്തിൽ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ എന്നെ ചെറുതായിട്ടെങ്കിലും ഒന്ന് അഭിനന്ദിക്കുമെന്നു വിചാരിച്ചതാണ്. എനിക്ക് തെറ്റ് പറ്റിപ്പോയി. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ അത് ചെയ്തില്ല എന്നുള്ളതിൽ എനിക്ക് വലിയ വിഷമമുണ്ടെങ്കിലും ഇതിന്റെ പിന്നിലും അദ്ദേഹം വേറൊരു നിലയിലാണ് കണ്ടത്. ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. സി. കെ. നാണുവും നല്ല വശത്തിൽ അത് എടുത്തത് എനിക്ക് സന്തോഷമുണ്ട്. പക്ഷേ, ശ്രീ. വി. എസ്. അച്ചുതാനന്ദനോട് ഞാൻ ഒരു കാര്യം പറയാം. കർഷകരുടെ 'മാഗ്നാകാർട്ട'യാണ് ഇതെന്നു മനസ്സിലാക്കണം. ഇതൊരു തേക്കിൻതടിയുടെയോ ഒരു ആഞ്ഞിലി തടിയുടെയോ പ്രശ്നമല്ല. ഇത് കർഷകന് അവന്റെ സ്വന്തം ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ വെട്ടാൻ അവന് അവകാശമുണ്ട് എന്നുള്ളതിന്റെ ഹണ്ടമെന്റലായിട്ടുള്ള ഒരു കൃഷിക്കാരന്റെ അവകാശമാണ്. ആ അവകാശം സാധിച്ചെടുക്കാൻ, ആ അവകാശം കേരളത്തിലെ കൃഷിക്കാർക്ക് കൊടുക്കുവാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. അങ്ങനെ കൃഷിക്കാരനുവേണ്ടി ഈ നിയമം കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം' എന്നു പറയുന്നതുപോലെ അങ്ങ് ഇതിനെ ദുരുദ്ദേശത്തോടെ കണ്ടതിൽ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സങ്കടമുണ്ട്. നമുക്ക് ഒരു കാര്യം ചെയ്യാം. ഇത് നമുക്ക് ഇനിയെങ്കിലും യുനാനി മസ്സായിട്ട് പാസ്സാക്കണം. കർഷകർക്കുവേണ്ടി ഈ നിയമം പാസ്സാക്കി എന്നുള്ള ഒരു അഭിമാനബോധം നമുക്ക് ഉണ്ടാകണം. അതുകൊണ്ട് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനോട് ഞാൻ അഭ്യർത്ഥിക്കുന്നു, നമുക്ക് ആ തടസ്സവാദങ്ങളൊന്നും വേണ്ട; എല്ലാവർക്കുംകൂടി ഇത് യുനാനിമസ്സായി പാസ്സാക്കണമെന്ന് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ : 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. തോമസ് പാഴികാടൻ]

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടെയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)* : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : സർ, അധികമൊന്നും ഞാൻ പറയുന്നില്ല. ഈ ബിൽ പഞ്ചായത്തുകൾക്ക് അമ്യൂസ്മെന്റ് പാർക്കിൽനിന്നു വരുമാനം ലഭ്യമാക്കാനും ഇവിടെ വരുന്ന വ്യവസായങ്ങൾ ഇവിടെ നിലനിൽക്കാനും വേണ്ടിയിട്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കോടതി വിധിയെത്തുടർന്നു ചില പഞ്ചായത്തുകൾക്ക് അമ്യൂസ്മെന്റ് പാർക്കുകളിൽനിന്ന് നികുതി പിരിക്കാൻ കഴിയാത്ത ഒരു അവസ്ഥ വന്നു. അമ്യൂസ്മെന്റ് പാർക്കിനെ ഒരു വ്യവസായമായി കാണണമെന്നും അവർക്ക് നിലനിൽക്കാൻ അവസരമുണ്ടാക്കണമെന്നും ഇതുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. തികഞ്ഞ സദുദ്ദേശത്തോടുകൂടിയാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലാതെ പഞ്ചായത്തുകൾക്ക് വരുമാനം കുറയ്ക്കാനല്ല. അവർക്ക് വരുമാനം ലഭ്യമാക്കാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly